KNANAYADEEPAM

# ക്നാനായദീപം

Vol: 36 / Issue: 6 June 2025 ₹:10/-




ക്നാനായ സമുദായത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ

## പുണ്യശ്ലോകനായ ഗീവറുഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ

# 40th Day of Demise

08 – 06 – 2025

‘ നല്ലവനും
വിശ്വസ്തനുമായ
ദാസനേ, നീ അല്പ
കാര്യങ്ങളിൽ
വിശ്വസ്തനായിരുന്നു;
ഞാൻ നിന്നെ അധിക
കാര്യങ്ങൾക്ക്
വിചാരകനാക്കും;
നിന്റെ യജമാനന്റെ
സന്തോഷത്തിലേക്ക്
പ്രവേശിക്ക.’
(മത്തായി 25:21)



## Rev. Fr. T. M. Mathew, Thykuttathil,
## Kallissery / Florida

With hearts full of gratitude, we extend our sincere appreciation to all who supported us during the homegoing of Fr. T. M. Mathew Thykuttatathil—our beloved father and a devoted servant of God who went home to be with his Heavenly Father. We thank God for blessing us with a father who not only preached, but truly lived and reflected the love of our Lord—touching our lives and the lives of countless others he humbly served throughout his ministry. A special thanks to H. E. Dr. Ayub Mor Silvanos Metropolitan for serving as chief celebrant, and to the clergy, the fellow servants of Christ, who led the funeral rites with reverence and compassion. We are also grateful to our vicar for his constant support, prayers, and pastoral care during this time. We are deeply thankful to the bishops, clergy, and leaders from the Knanaya Diocese, sister churches, Christian organizations, and civic associations who reached out or stood with us from the United States and abroad. To our dear friends, extended family, and all who called, traveled, sent messages, or offered floral tributes—your presence, prayers, and acts of love have been a true source of strength and comfort beyond what words can express. Though we grieve, we hold fast to the hope of eternal life and the promise that we will meet again in God’s glorious presence.“May the Lord bless you for your love and compassion. May His peace be with you always."

The Family of Fr. T. M. Mathew Thykuttathil, Florida

Advt - O

# ക്നാനായദീപം

2025 ജൂൺ പുസ്തകം 36 ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

നാം നന്നായാൽ ലോകവും നന്നാവും 08
റ്റി.സി. തോമസ് തോപ്പിൽ

സുന്നഹദോസുകൾ 10
റ്റി.യു ജോസ് തൈത്ര

പുതിയ അദ്ധ്യയന വർഷം 19
സുനിൽ ഡി. കുരുവിള

പാപരോഗത്തെ തിരിച്ചറിയുക 21
ജെബി ഏബ്രഹാം പള്ളിക്കപ്പറമ്പിൽ

വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ... 22
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

ഏവൻഗേലിയോൻ ദീപം 23
റോയി മാത്യൂസ് കോർ – എപ്പിസ്കോപ്പ മുളമൂട്ടിൽ

ഒന്നായാൽ നന്നാകാം... 25
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

സ്നേഹം പങ്കുവയ്ക്കുക 26
സി.ഐ. ചാക്കോ കൊച്ചുപറമ്പിൽ

യഹോവ എന്റെ ദീപമാകുന്നു 27
സീമ ഷിന്റോ കന്നിയേൽ

28 പുസ്തകപരിചയം
ബിഷപ്പ് തോമസ് സാമുവേൽ

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 അബ്രഹാമിന്റെ ബലി
സണ്ണി കുറിയാക്കോസ്

40 പെന്തിക്കോസ്തിപ്പെരുന്നാൾ...

42 തൈക്കൂട്ടത്തിലച്ചൻ
തോമസുകുട്ടി തേവരുമുറിയിൽ

44 Endogamy and Consanguinity
ജേക്കബ് തോമസ് പുതിയമഠം

47 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

ഇപ്പോൾ പെന്തക്കോസ്തു നാളുകൾ ആണല്ലോ. പെന്തക്കോസ്തിൻ നാളിൽ പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന് 120 ഭക്തന്മാരുടെമേൽ നിറയപ്പെട്ട ദിവസമാണ് സഭയുടെ ജന്മനാൾ ആയി വിശ്വസിക്കുന്നത്.

പഴയ നിയമത്തിലേയും പുതിയനിയമത്തിലേയും പരിശുദ്ധാത്മ പ്രവർത്തനങ്ങളെ തമ്മിൽ വേർതിരിക്കുന്ന ഒരു വിഭജന രേഖയായി പെന്തക്കോസ്തിനെ പരിഗണിക്കാം. പെന്തക്കോസ്തിന് ഇത്രമാത്രം പ്രസക്തിയുള്ളതാണ്. ഇസ്രായേൽ ജനത്തിനു ദൈവം നൽകിയ വിവിധ പെരുന്നാളുകളിൽ ഒന്നാണ്. പെന്തക്കോസ്തു എന്നു കേട്ടാൽ പലർക്കും ഓർമ്മ വരിക ഇന്ന് അറിയപ്പെടുന്ന ഒരു സഭാവിഭാഗത്തെയാണ്. ഒരു ഉറവ ആരംഭിക്കുന്ന സ്ഥലത്ത് ശുദ്ധമായിരിക്കുകയും അത് താഴോട്ട് ഒഴുകുമ്പോൾ അവിടെയുള്ള മാലിന്യങ്ങളും കലരുമെന്ന് പറയുന്നതുപോലെ സഭയുടെ മുമ്പോട്ടുള്ള വളർച്ചയിൽ പല പ്രശ്നങ്ങളും തർക്കങ്ങളും ദുരുപദേശങ്ങളും അധികാരമോഹങ്ങളും ഉടലെടുത്തതായി കാണാം. എന്നാൽ കർത്താവിന്റ ശരീരമായ പരിശുദ്ധ സഭയെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഐക്യത്തിന്റെയും കരുതലിന്റെയും വിളനിലമാക്കിത്തീർക്കാൻ നമുക്ക് കഴിയണം.

കനാനിൽ എത്തിയ യിസ്രായേൽ ജനം അടിമത്വത്തിൽ നിന്നും വിടുവിച്ചതിന്റെ സ്മരണയായി പെസഹാ ആചരിച്ചിരുന്നു. പെസഹാ കുഞ്ഞാടിനെ അറക്കുന്നതോടെ മഹാപുരോഹിതൻ ആദ്യഫലക്കറ്റ യഹോവയുടെ സന്നിധിയിൽ നീരാജനം ചെയ്തിരുന്നു. നീരാജനം ചെയ്ത ദിവസം മുതൽ ഏഴു സാബത്തുകൾ എണ്ണണം (7X7=49) ഏഴാമത്തെ സാബത്തിന്റെ പിറ്റേ ദിവസം ഞായറാഴ്ച അമ്പതാം പെരുന്നാൾ യഹോവയ്ക്ക് ഭോജനയാഗം അർപ്പിക്കണം (ലേവ്യ.23:15–16). ഈ പെരുന്നാളിന് പെന്തക്കോസ്തു എന്നു പേരിട്ടു. പഴയ നിയമത്തിൽ മൂന്നു പേരുകൾ നൽകിയിട്ടുണ്ട്. വാരോത്സവം (പുറ.34:22), കൊയ്ത്തുപെരുന്നാൾ. (സംഖ്യ.28:26), ആദ്യഫലദിവസം (പുറ. 23:16). ഈ ഉത്സവത്തെ പെന്തക്കോസ്തു നാൾ എന്നു വിളിച്ചിരിക്കുന്നത് പുതിയ നിയമത്തിലാണ് (പ്രവൃ. 21:20). വിശ്വാസികൾ വർദ്ധിച്ചപ്പോൾ ചില പരാതികൾ ഉടലെടുക്കുകയും അത് പരിഹരിക്കുന്നതിന് ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ തെരഞ്ഞെടുക്കുകയും അപ്പോസ്തോലന്മാർ വചന ശുശ്രൂഷയിലും പ്രാർത്ഥനയിലും ഉറ്റിരിക്കുകയും ചെയ്യുന്ന സംവിധാനം ഉണ്ടാക്കുകയും ചെയ്തു (അപ്പോ.6:1–7). ഇന്ന് ഈ പറഞ്ഞ ഗുണങ്ങളില്ലാത്തവർ തെരഞ്ഞെടുക്കപ്പെട്ടാൽ അവിടെ പ്രശ്നങ്ങളുണ്ടാകുവെന്നതിന് സംശയമില്ല.

അപ്പോസ്തോലപ്രവൃത്തികളുടെ പുസ്തകത്തിൽ ശോഭിച്ചുനിൽക്കുന്ന വ്യക്തിത്വം പരിശുദ്ധാത്മാവാണ്. ആ പുസ്തകത്തിന്റെ Key work സാക്ഷ്യം ആണ് നിങ്ങൾക്ക് ശക്തി (penthakosthal power) പ്രാപിച്ചേ പറ്റൂ. ശക്തി ഇല്ലാതെ വളരുവാൻ സാധ്യമല്ല. നമ്മുടെ ഉള്ളിൽ രണ്ട് ശക്തികൾ പോരാടുന്നു (റോമ.7.) നമ്മുടെ ശക്തിയെ ജയിക്കുന്ന ശക്തി; സാക്ഷികളാകുന്ന ശക്തി. പരിശുദ്ധാത്മാവിനെ പ്രാപിച്ചാൽ മാത്രമേ ജയിക്കാൻ സാധിക്കുകയുള്ളു. നിങ്ങൾ എന്റെ സാക്ഷികളാകുവീൻ. യരുശലേമിൽ തുടങ്ങി ലോകത്തിന്റെ അന്ത്യത്തോളവും യരുശലേം (our familiy), യഹൂദ്യ- our intimate friends, ശമര്യ- our business associates' or Colleagues (ഒന്നിച്ചു പ്രവർത്തിക്കുന്നവർ). പിന്നെ ലോകത്തിന്റെ അറ്റത്തോളം സാക്ഷികളാകണം, ഇതിനാണ് പരിശുദ്ധാത്മാവിനെ നൽകിയത്.

ഞാനും പിതാവും ഒന്നായിരിക്കുന്നതുപോലെ നിങ്ങളും ഒന്നായിരിക്കണം. പിതാവ്-സൃഷ്ടാവ്-പുത്രൻ-രക്ഷകൻ-, പരിശുദ്ധാത്മാവ്- രൂപാന്തരപ്പെടുത്തുന്നവൻ ഇവ തമ്മിൽ പരസ്പരം ബന്ധപ്പെട്ട് ഒന്നായിരിക്കുന്നു. അതുകൊണ്ടാണ് പിതാവും പുത്രനും, പരിശുദ്ധാത്മാവുമായ സത്യ ഏകദൈവമേ എന്ന് നാം കൗമാ ചെല്ലുന്നത്. പരിശുദ്ധാത്മാവ് രൂപാന്തരപ്പെടുത്തുകയും താദാത്മ്യപ്പെടുത്തുകയും പവിത്രീകരിക്കപ്പെടുത്തുകയും ചെയ്യുന്നു. ആദിയിൽ ഈ ആത്മാവ് ജീവശ്വാസം നൽകുന്നു. ഈ ആത്മാവ് ഭൂമിക്ക് രൂപം ഉണ്ടാക്കിയതാണ്. ആ ആത്മാവ് ഇന്നും രൂപഭാവം ഉണ്ടാക്കുന്നു. (യെഹസ്ക്കേൽ 37:1–4) അസ്ഥികളെ ജീവിപ്പിക്കുന്ന ആത്മാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. അനീതിയുടെ മുൻപിൽ, ദാരിദ്ര്യത്തിന്റെ മുമ്പിൽ, യുദ്ധത്തിൽ സഭാമക്കൾ തമ്മിലുള്ള വഴക്കുകളുടെ മുമ്പിൽ, മെത്രാന്മാർ തമ്മിലുള്ള അധികാര മോഹത്തിന്റെ മുമ്പിൽ ജനം ചോദിക്കുന്ന ഒരു ചോദ്യമാണ് ഈ അസ്ഥികൾ ജീവിക്കുമോ?. ഉത്തരം ദൈവം ആത്മാവിനെ അയക്കും. ഈ ആത്മാവ് വന്നാൽ നിരാശയിൽനിന്ന് പ്രത്യാശയിലേക്ക്. തോൽവിയിൽനിന്ന് വിജയത്തിലേക്ക് ഉയർത്തെഴുന്നേൽക്കണം. ചിതറിയിരിക്കുന്ന അസ്ഥികൾ ഒന്നിച്ചു കൂടുന്നതുപോലെ അകന്നിരിക്കുന്ന സഭകൾ ഒന്നിച്ചു കൂടണം. നമ്മുടെ പട്ടത്വ ശുശ്രൂഷ വെറും ഓഫീസ് ജോലിയായി തീർന്നിരിക്കുന്നുവെങ്കിൽ നിർജീവമാണ്. പാഴും ശൂന്യവുമായ സ്ഥലം മനോഹരമായ ഏദൻ തോട്ടമായതുപോലെ പാഴും ശൂന്യവുമായ ഇടവകകൾ മനോഹരമാകട്ടെ. ആളത്വപരമായ പുതുജീവൻ മറ്റ് ആളത്വങ്ങളെ ഒന്നിച്ചുകൊണ്ടുവരുന്നതാകട്ടെ. പരിശുദ്ധാത്മാവിൽകൂടി മാത്രമേ അതു സാദ്ധ്യമാകുകയുള്ളു. A mighty army ആയി സഭ നിലനിൽക്കണം. അതിന് സമുദായ പക്ഷമെന്നോ സഹായ പക്ഷമെന്നോ, മൂന്നാം മുന്നണി എന്നോ തിരിഞ്ഞു നിൽക്കാതെ പരിശുദ്ധാത്മാവിനെ പ്രാപിച്ച് ഒന്നിച്ചു നിൽക്കണം. ഇൻഡ്യയും പാക്കിസ്ഥാനും തമ്മിലുള്ള യുദ്ധം ഒത്തുതീർപ്പിൽ തീർന്നു, റഷ്യയും ഉക്രയിനും തമ്മിൽ യോജിക്കുന്നു. ജഡികരായവർ ഒന്നിക്കുന്നു. എന്നാൽ നമ്മുടെ മെത്രാന്മാർ തമ്മിലും വൈദികർ തമ്മിലും, ജനങ്ങൾ തമ്മിലും എന്തുകൊണ്ട് യോജിക്കുന്നില്ല. പരിശുദ്ധാത്മാവ് സഭയിൽ നിന്നും മാറ്റപ്പെട്ടുകാണും. ഈ ആത്മാവ് വന്ന് നമ്മെ പുതുതാക്കുകയാണ് വേണ്ടത്. ആദിമ സഭയെപ്പോലെ രൂപാന്തരം പ്രാപിക്കുമ്പോൾ പീഡനത്തിന്റെ മുമ്പിൽ വളർന്നുവന്ന സഭ A sharing Community ആയിത്തീരും, A caring Community ആയിത്തീരണം. സമൂഹത്തോടുള്ള കടപ്പാട് ഓർക്കണം. സഭാമക്കൾ വളരെ സമർപ്പണവും ദൈവഭയവും ആത്മീയ കാര്യങ്ങളിൽ ശുഷ്ക്കാന്തിയുള്ളവരും ആരാധനയിലും കൂട്ടായ്മകളിലും സജീവമായി പങ്കെടുക്കു

*(ശേഷം പേജ് 9-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

ജൂൺ മാസത്തിൽ സഭാകലണ്ടറിൽ ശ്ലീഹാനോമ്പ് കൊണ്ടാടുന്നു. പരി. സഭ നോമ്പ് അനുഷ്ഠിച്ച് ശ്ലീഹന്മാരുടെ ഓർമ്മ ആചരിക്കുന്നു. യേശു തന്റെ സ്ഥാനാപതികളായി അപ്പോസ്തോലന്മാരെ തെരഞ്ഞെടുത്ത്, ദൈവരാജ്യമർമ്മങ്ങൾ പരിശീലിപ്പിച്ച്, പരിശുദ്ധാത്മശക്തി നല്കി അവരെ അയച്ചു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ തുടർന്ന് അവർ ലോകമൊക്കെയിലും രക്ഷകനായ ക്രിസ്തുവിനെ പ്രഘോഷിച്ചു. തങ്ങളുടെ ജീവിതം മുഴുവനായി യേശുവിന്റെ സന്നിധിയിൽ സമർപ്പിച്ച്, യേശുവിനായി ജീവിക്കുവാനും തയ്യാറായി. പീഡകളുടെ നടുവിലും തങ്ങളെ സുവിശേഷദൗത്യം ഏല്പിച്ച യേശുവിനായി ജീവിച്ച്, തങ്ങളെത്തന്നെ ഉപേക്ഷിച്ച് യേശുവിനെ അനുകരിച്ച ശ്ലീഹന്മാർ നമുക്ക് അവശേഷിപ്പിക്കുന്ന മാതൃക നാമും, സ്വാർത്ഥത ഉപേക്ഷിച്ച് സ്വയം ത്യജിച്ച് യേശുവിനുവേണ്ടി ജീവിക്കുവാൻ തയ്യാറാകണം എന്നതാണ്. നമ്മുടെ നാഥനായ യേശുവിനെ അനുകരിച്ച്, യേശുവിന്റെ ഉത്തമസാക്ഷികളായി ജീവിച്ച്, ഈ നൂറ്റാണ്ടിലെ അപ്പോസ്തോലരായിത്തീരുവാൻ ശ്ലീഹാനോമ്പാചരണം നമ്മെ ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വി. തോമാശ്ലീഹായുടെ ഓർമ്മദിനം ജൂലൈ 3 ന് ആചരിക്കുന്നുവല്ലോ. ഭാരതത്തിന്റെ അപ്പോസ്തോലനായ ശ്ലീഹായുടെ പ്രഘോഷണമായ 'എന്റെ കർത്താവും എന്റെ ദൈവമെ' എന്നത് നമ്മുടെയും ജീവിതത്തിൽ എപ്പോഴും സ്മരിക്കുവാനും, ആ വിശ്വാസം നമ്മെ നയിക്കുവാനും ഇടയാകണം. വിശ്വാസതീക്ഷ്ണതയിൽ ദൈവത്തിൽ മുന്നേറുവാൻ നമുക്ക് സാധിക്കുമ്പോളാണ് പെരുന്നാളുകളെല്ലാം അർത്ഥവത്താകുന്നതും പ്രസക്തിയുളവാക്കുന്നതും. തോമാശ്ലീഹാ ആദ്യം സന്ദേഹത്തോടെ സംസാരിച്ചുവെങ്കിലും പിന്നീട് സംശയമില്ലാതെ യേശുവിന്റെ മുമ്പിൽ സ്വയം സമർപ്പിച്ചു. ആധുനിക കാലഘട്ടത്തിൽ വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യമുണ്ടാകാം. എങ്കിലും നാമാകുന്ന വിശ്വാസികൾക്ക് കരണീയമായത് പൂർണ്ണ സമർപ്പണത്തിന്റെ ജീവിതമാണ്. അതിന് നമ്മെ വി. തോമ്മാശ്ലീഹായുടെ സ്മരണ സഹായിക്കട്ടെ.

സമുദായത്തിന്റെ പ്രഥമമെത്രാപ്പോലിത്താ പുണ്യശ്ലോകനായ ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധപ്പെരുന്നാൾ ആചരിക്കുവാൻ ദൈവം സഹായിച്ചു. മെത്രാപ്പോലീത്താ ആരംഭിച്ചതായ വിദ്യാഭ്യാസ നിധി നമ്മുടെ അനേകം ആളുകൾക്ക് പഠനത്തിന് സഹായകമായി. അതിലൂടെ എത്രയോ കുടുംബങ്ങളാണ് അനുഗ്രഹിക്കപ്പെട്ടത്. കാലാകാലങ്ങളിൽ ഫണ്ടിന്റെ പ്രവർത്തനത്തിന് നേതൃത്വം നല്കിയവരെ പ്രത്യേകം സ്മരിക്കുന്നു. അവരെ കൃതജ്ഞതയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ഈ ഫണ്ടിന്റെ ധനശേഖരണാർത്ഥം നടത്തുന്ന കവർ പിരിവിൽ ഏവരും ആത്മാർത്ഥമായി സഹകരിക്കണമെ. അതുപോലെ ഫണ്ടിൽ നിന്നും ലോൺ എടുത്ത് കുടിശിഖ ആയിരിക്കുന്നവർ അത് അടച്ചു തീർക്കുവാൻ ശ്രദ്ധിക്കണം. അങ്ങനെ ഈ ഫണ്ട് കൂടുതൽ ആളുകൾക്ക് സഹായകമാകുവാൻ സാധിക്കുമല്ലോ.

ക്നാനായ കോൺഗ്രസ് വാർഷികവും, 1680-ാമത് സിറിയൻ കുടിയേറ്റ വാർഷികവും ഏറ്റവും ശ്രേഷ്ഠമായ നിലയിൽ നമ്മുടെ വെളിയനാട് മോർ സ്തേഫാനോസ് വലിയപള്ളിയിൽ നടത്തുവാൻ സാധിച്ചു. വെളിയനാട് ദേശം മുഴുവൻ ഒരു ഉത്സവമായി ഇതിനെ സ്വീകരിച്ചു. ഏറ്റവും ആത്മാർത്ഥതയോടെ ഇത് സംഘടിപ്പിച്ചു. ക്നാനായ കോൺഗ്രസ് ഭാരവാഹികളോട് ചേർന്ന് നമ്മുടെ ആളുകൾ ആത്മാർത്ഥമായി ഇതിൽ സഹകരിച്ചു. വളരെ അനുഗ്രഹകരമായി നടത്തുവാൻ സാധിച്ചു. ഇതിന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ച വികാരി അച്ചൻ, ക്നാനായ കോൺഗ്രസ് കേന്ദ്ര ഭാരവാഹികൾ, മേഖലാ ഭാരവാഹികൾ, ഇതിന്റെ സംഘാടക സമിതി പ്രവർത്തകർ, ജനറൽ കൺവീനർ ഉൾപ്പെടെയുള്ള കമ്മിറ്റി കൺവീനർമാർ, പ്രവർത്തകർ, ഇടവകജനങ്ങൾ എന്നിവരെ അനുമോദിക്കുന്നു. സമുദായത്തിന്റെ പേരിൽ വെളിയനാട് മോർ സ്തേഫാനോസ് വലിയപള്ളി ഇടവകക്കാരെ നന്ദിയോടെ സ്മരിക്കുന്നു.

സണ്ടേസ്കൂൾ സമാജം സംഘടിപ്പിച്ച ഏകദിന സെമിനാർ വളരെ അനുഗ്രഹമായിരുന്നു. കുട്ടികളാണ് നമ്മുടെ സമുദായത്തെ നിലനിർത്തേണ്ടത്. ക്നാനായ തനിമ പുലർത്തുന്നതോടൊപ്പം, ഉന്നത വിദ്യാഭ്യാസമുള്ള തലമുറയായി തീരേണ്ടതുണ്ട്. എവിടെ പഠനത്തിനായും, ജോലിയ്ക്കായും പോയാലും സമീപത്തുള്ള നമ്മുടെ ദൈവാലയങ്ങളുമായി ചേർന്ന് ആത്മീയരായി ജീവിക്കണം. കഴിവുള്ള ദിവസങ്ങളിലെല്ലാം ആരാധനയിൽ പങ്കെടുക്കുന്നവരും, ദൈവാലയങ്ങളുടെ പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നവരുമാകണം. ഈ സെമിനാറിന്റെ അനുഗ്ര

(ശേഷം പേജ് 9-ൽ)

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ ക്നാനായ സമുദായ മെത്രാപ്പോലീത്ത പാത്രിയർക്കീസ് ബാവായ്ക്കെതിരെ കേസ് കൊടുത്തു എന്ന് കൊട്ടിഘോഷിച്ചുകൊണ്ട് വലിയ പ്രചരണം സഹായ മെത്രാന്മാർ ഇറക്കി വിട്ടിരിക്കുകയാണ്. അതിനുള്ള സാഹചര്യം എങ്ങനെ ഉണ്ടായി എന്ന് സമുദായാംഗങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ചില സത്യങ്ങൾ രേഖപ്പെടുത്തുകയാണ്.

2017-ൽ അന്നുണ്ടായിരുന്ന സമുദായ നേതൃത്വത്തെ ക്നാനായ അസ്സോസിയേഷനിൽ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കി പുതിയ നേതൃത്വത്തെ നിയമിച്ചു എന്നുള്ളത് എല്ലാവർക്കും അറിയാം. അതിനുള്ള കാരണം പഴയ നേതൃത്വം ക്നാനായ അസ്സോസിയേഷൻ ഭരണഘടന പ്രകാരം വിളിച്ചുകൂട്ടാതെ ഇരുന്നതിന്റെ സാഹചര്യത്തിൽ സമുദായ മെത്രാപ്പോലീത്താ ഭരണഘടനയിൽ അദ്ദേഹത്തിനുള്ള അധികാരം ഉപയോഗിച്ച് അസ്സോസിയേഷൻ വിളിച്ചുകൂട്ടുവാൻ തുനിഞ്ഞപ്പോൾ സഹായമെത്രാന്മാർ അതിന് എതിരെ ആർ.ഡി.ഒ.യ്ക്കും പോലീസിനും കംപ്ലെയിന്റ് കൊടുത്ത് അസ്സോസിയേഷൻ കൂടുന്നതിനെ പോലീസ് വിലക്കിയ സന്ദർഭത്തിലാണ് പുതിയ നേതൃത്വത്തെ സമീപിച്ചത്. അവർ കാര്യങ്ങളുടെ സത്യാവസ്ഥ കളക്ടറെയും പോലീസ് ഡിപ്പാർട്ട്മെന്റിനേയും ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അസ്സോസിയേഷൻ കൂടുവാൻ അനുവാദം ലഭിക്കുകയും അസ്സോസിയേഷൻ കൂടി പഴയ ഭാരവാഹികളെ മാറ്റി പുതിയ ഭാരവാഹികളെ അസ്സോസിയേഷൻ തിരഞ്ഞെടുത്തു. എന്നാൽ കോടതിയിൽ മുൻഭാരവാഹികൾ പോവുകയും തെരഞ്ഞെടുത്ത ഭാരവാഹികൾക്ക് സമുദായത്തിൽ പ്രവർത്തിക്കുവാൻ അവസരം നിഷേധിക്കുകയും ആയിരുന്നു. പിന്നീട് 2018 ലാണ് നിയമാനുസരണം അസ്സോസിയേഷൻ ഇലക്ഷൻ നടത്തി പുതിയ ഭാരവാഹികൾ നിലവിൽ വന്നത്.

സമുദായത്തിലെ വിഷയങ്ങൾ പറഞ്ഞു തീർക്കുന്നതിന് സമുദായ നേതൃത്വത്തെയും സമുദായ മെത്രാപ്പോലീത്ത ഉൾപ്പെടെ നാല് മെത്രാന്മാരെയും പാത്രിയാർക്കീസ്ബാവ ലബനോനിലെ പാത്രിയർക്ക ആസ്ഥാനത്ത് വിളിച്ച് സമാധാന ചർച്ച ആരംഭിച്ചു. ചർച്ചയിൽ ഉണ്ടായ ധാരണ അമേരിക്കയിലെ സമുദായ വിഷയം തീരുന്നതിന് ഒരു കമ്മീഷനെ അമേരിക്കയിലേക്ക് നിയമിക്കുകയും മലങ്കരയിലെ വിഷയങ്ങൾ തീർക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാം എന്നും അവരുടെ റിപ്പോർട്ട് അനുസരിച്ച് സമുദായത്തിലെ വിഷയങ്ങൾക്ക് പരിഹാരം കാണാം എന്ന ധാരണയിലാണ് ചർച്ചകൾ അവസാനിച്ച് ഞങ്ങൾ മടങ്ങിയത്.

അധികം താമസിയാതെ തന്നെ അമേരിക്കയിൽ കമ്മീഷനെ വിടുകയും കമ്മീഷൻ അമേരിക്കയിലെ ആളുകളുമായി തെളിവുകൾ ശേഖരിച്ച് റിപ്പോർട്ട് ബാവയ്ക്ക് സമർപ്പിച്ചു. എന്നാൽ ആ റിപ്പോർട്ട് ഇന്നുവരെയും വെളിച്ചം കണ്ടിട്ടില്ല. മലങ്കരയിൽ കമ്മീഷനെ വിടാം എന്ന് പറഞ്ഞതല്ലാതെ ഒരു കമ്മീഷനെയും വിട്ടിട്ടില്ല എന്ന് മാത്രമല്ല 2019-ൽ ൽ സമുദായ ഭരണഘടനയ്ക്ക് വിരുദ്ധമായി 15 നിർദ്ദേശം അടങ്ങിയ കല്പന ലബനോനിലെ ധാരണയ്ക്ക് വിരുദ്ധമായും ക്നാനായ ഭരണഘടനയ്ക്ക് വിരുദ്ധവുമായതിനാൽ സമുദായ അംഗങ്ങൾ കോടതിയിൽ ഈ കല്പന ചോദ്യം ചെയ്യുകയുണ്ടായി.

സമുദായ ഭരണഘടനയ്ക്ക് വിരുദ്ധമായ പാത്രിയർക്കീസ് ബാവയുടെ കല്പന നടപ്പാക്കിയില്ല എന്ന കാരണം പറഞ്ഞും ഒരു വൈദികനെ സമുദായ മെത്രാപ്പോലീത്താ ട്രാൻസ്ഫർ ചെയ്തുവെന്ന കാരണത്താലും മുൻ പാത്രിയർക്കീസ് സഖാപ്രഥമൻ ബാവ സമുദായ മെത്രാപ്പോലീത്തായ്ക്കു കൊടുത്ത രണ്ട് സ്ഥാനങ്ങൾ 2020 ൽ ബാവ എടുത്തുമാറ്റി മറ്റ് ക്രൈസ്തവ സഭകളുടെ ഇടയിൽ ക്നാനായ സമുദായത്തിന് അപമാനം ഉണ്ടാക്കി. ഏതാണ്ട് ആറു വർഷമായി ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്ക് യാക്കോബായ സഭയിലെ ഒരു ദൈവാലയങ്ങളിലും കയറുവാൻ അനുവാദം ഇല്ലാതെയായിട്ട് എന്ന് നാം മനസ്സിലാക്കണം.

ഇതിനിടയിൽ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയും വൈദിക കൗൺസിലും പല പ്രാവശ്യം സഹായമെത്രാന്മാരെ വിളിച്ച് ചർച്ച നടത്തിയെങ്കിലും അവർ അതിൽ സഹകരിച്ചില്ല ഓരോ അസ്സോസിയേഷൻ കൂടുമ്പോഴും ആ തീരുമാനങ്ങൾക്കെതിരെ സഹായപക്ഷം കേസുകൾ കൊടുത്തു കൊണ്ടേയിരുന്നു.

2023 സമുദായ അസ്സോസിയേഷന്റെ കാലാവധി പൂർത്തിയായി ഒക്ടോബർ മാസത്തിൽ വീണ്ടും ഇലക്ഷൻ നടന്നു, മഹാഭൂരിപക്ഷത്തോടെ സമുദായ പാനൽ ജയിച്ചു. 2024-ൽ പാത്രിയർക്കിസ് ബാവായുടെ മലങ്കര സന്ദർശനത്തിൽ ദയറാപള്ളിയിൽ വന്നു എങ്കിലും സമുദായ ആസ്ഥാനത്തെ ക്ഷണം നിരസിക്കുകയാണ് ഉണ്ടായത്. സമുദായ മെത്രാപ്പോലീത്ത മഞ്ഞനിക്കരയിലും തിരുവനന്തപുരത്തും ബാവായെ അനുഗമിച്ചുപോയി എങ്കിലും പരിഗണിച്ചില്ല.

2024 ക്നാനായ അസ്സോസിയേഷൻ കൂടുന്നതിന് നോട്ടീസ് അയച്ച് ഭരണഘടനയിൽ ചില ഭേദഗതികൾ വരുത്തുന്നതിന് തുനിഞ്ഞപ്പോൾ അതിൽ ബാവ ഇടപെട്ടു ഭേദഗതി വരുത്തുവാൻ പാടില്ല എന്ന് കല്പന ഇറക്കി. സിംഹാസനവുമായി ബന്ധപ്പെട്ട ഒരു കാര്യവും അസ്സോസിയേഷനിൽ

എടുക്കുകയില്ല എന്ന് ബാവായ്ക്ക് ഉറപ്പു കൊടുത്തിട്ടും ബാവ അതിന് അനുകൂലമായ നിലപാട് എടുക്കാതെ കോട്ടയം കാതോലിക്കബാവ അപ്രേം സെമിനാരിയിൽ വന്ന് എന്നു തുടങ്ങി പഴയ ചില കാര്യങ്ങൾ പറഞ്ഞ് 2024 മെയ്മാസം 18–ാം തീയതി സമുദായ മെത്രാപ്പോലീത്തായെ സസ്പെന്റ് ചെയ്തു.

സസ്പെൻഷന് എതിരെ സമുദായ സനേഹികൾ കോടതിയിൽ പോയി. കോട്ടയം മുൻസിപ്പൽ കോടതി ബാവായുടെ കല്പന സ്റ്റേ ചെയ്തു. ആയതിന്റെ അപ്പീൽ ബാവാ തന്നെ വാദിയായി കോട്ടയം ജില്ലാ കോടതിയിൽ കൊടുത്തു അപ്പീൽ ബാവായ്ക്ക് അനുകൂലമായി ലഭിച്ചില്ല സമുദായ മെത്രാപ്പോലീത്തയുടെ മേൽ എടുത്ത നടപടി ജില്ലാ കോടതിയും സ്റ്റേ ചെയ്തു.

കാതോലിക്കാബാവായെ പാത്രിയർക്കീസ്ബാവ വാഴിച്ചു. ആ വാഴിക്കൽ ചടങ്ങിൽ ക്നാനായ സമുദായമെത്രാപ്പോലീത്തയെ ക്ഷണിച്ചില്ല എന്ന് മാത്രമല്ല മൂന്ന് സഹായകന്മാരെ ക്ഷണിച്ചുകൊണ്ട് പോവുകയും ചെയ്തു. യാക്കോബായ സഭയുടെ കാതോലിക്കാ ബാവ മലങ്കരയിൽവന്ന ആദ്യത്തെ പ്രസംഗത്തിൽ തന്നെ ക്നാനായ സമുദായം ഇല്ലായെങ്കിൽ യാക്കോബായ സഭ ഇല്ല എന്നായിരുന്നു. ആകമാന സുറിയാനി സഭയുടെ സുന്നഹദോസ് ക്നാനായ സമുദായത്തിലെ വിഷയങ്ങൾ തീർക്കുന്നതിനുവേണ്ടി യാക്കോബായ സഭയുടെ കാതോലിക്കാബാവായെ ചുമതലപ്പെടുത്തി എന്ന് വെളിപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കാതോലിക്കാബാവ സമുദായ മെത്രാപ്പോലീത്തായേയും സമുദായ നേതൃത്വത്തെയും ക്ഷണിക്കുകയും ഞങ്ങൾ യാക്കോബായ ശ്രേഷ്ഠ ബാവയുമായി ആദ്യഘട്ട ചർച്ച ആരംഭിക്കുകയും ചെയ്തു. ഈ സമയം കേരള ഹൈക്കോടതിയിൽ കോട്ടയം ജില്ലാ കോടതിയുടെ വിധിക്ക് എതിരെ ബാവാ അപ്പീൽ OPC ഫയൽ ചെയ്തു സമുദായ മെത്രാപ്പോലീത്തായുടെ സസ്പെൻഷൻ ശരിവയ്ക്കണമെന്ന് ആവശ്യപ്പെടുകയായിരുന്നു. കേസിൽ കോടതി വെക്കേഷൻ ആയതിനാൽ അവധി കഴിഞ്ഞ് പരിഗണിക്കാം എന്ന് ഉത്തരവിട്ടു.

കോടതി തുറന്നപ്പോൾ തന്നെ ഉടൻ കേസു കേൾക്കണമെന്ന് ബാവായുടെ സീനിയർ വക്കീൽ കോടതിയിൽ ആവശ്യപ്പെടുകയും, സമുദായ മെത്രാപ്പോലീത്തായെ ബാവാ സസ്പെൻഡ് ചെയ്തിട്ട് സമുദായ മെത്രാപ്പോലീത്തായ്ക്ക് പരാതി ഇല്ല എന്നും അദ്ദേഹം ബാവയ്ക്ക് എതിരെ കേസ് കൊടുത്തിട്ടില്ല എന്നും ക്ഷമ എഴുതിക്കൊടുക്കുകയാണ് ഉണ്ടായതെന്നും ഉള്ള രീതിയിൽ കോടതിയിൽ പറഞ്ഞ് കേസിന് വഴിത്തിരിവ് ഉണ്ടായപ്പോൾ സമുദായത്തിന്റെ സീനിയർ വക്കീലന്മാർ സമുദായ മെത്രാപ്പോലീത്തായെ നേരിട്ട് വിളിക്കുകയും Affected party സമുദായമെത്രാപ്പോലീത്തയാണെന്നും മെത്രാപ്പോലീത്ത കേസ് കൊടുത്തിട്ടില്ലായെന്ന് പാത്രിയർക്കീസ് ബാവാ വാദിക്കുകയാണെന്നും കേസ് കൊടുത്തേ മതിയാകു എന്ന് നിർബന്ധമായി പറയുകയും ചെയ്തു.

ക്നാനായ കമ്മിറ്റിയുമായി ആലോചിച്ചതിനുശേഷം യാക്കോബായ സഭയിലെ ശ്രേഷ്ഠ ബാവായെ സമുദായ സെക്രട്ടറി വിളിച്ച് കാര്യങ്ങൾ ധരിപ്പിക്കുകയും സമുദായ മെത്രാപ്പോലീത്തായുമായും ശ്രേഷ്ഠബാവ ബന്ധപ്പെടുകയും കേസിന്റെ നിലനിൽപ്പിനുവേണ്ടി സമുദായ മെത്രാപ്പോലീത്ത കേസ് കൊടുക്കണം എന്നും കേസ് കൊടുക്കാതെ ഇരിക്കണമെങ്കിൽ ഒരു മാസത്തേയ്ക്ക് കേസ് മാറ്റി വയ്ക്കുവാൻ ബാവായോടു പറയണമെന്നും അറിയിച്ചു. കേസ് ഒരു മാസത്തേക്ക് മാറ്റി വച്ചാൽ സമുദായ മെത്രാപ്പോലീത്ത കേസ് കൊടുക്കത്തില്ല എന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ പിറ്റേ ദിവസവും ബാവായുടെ സീനിയർ അഡ്വക്കേറ്റ് കേസ് ഉടൻ കേൾക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ സമുദായ മെത്രാപ്പോലീത്തായ്ക്ക് കേസ് കൊടുക്കുക അല്ലാതെ വേറെ മാർഗം ഇല്ലാതെയായി. ഒരു മാസത്തേക്ക് ഈ കേസ് മാറ്റിവെച്ചിരുന്നുവെങ്കിൽ സമുദായ മെത്രാപ്പോലീത്തയ്ക്ക് കേസ് കൊടുക്കേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല. എപ്പോൾ വേണമെങ്കിലും സെറ്റിൽമെന്റിന് അവസരം ഉണ്ട്. സെറ്റിൽമെന്റ് ഉണ്ടായാൽ കേസ് പിൻവലിക്കുവാൻ സാധിക്കും എന്നും അറിയിക്കട്ടെ. ബാവായുടെ ഭാഗത്തുനിന്നും ഒത്തു തീർപ്പിന് അനുകൂലമായ നിലപാട് ഇല്ല എന്നതിന്റെ തെളിവാണ് കഴിഞ്ഞ മാസം ഒരു വ്യക്തിയെ ആദരിക്കുന്നതിനുവേണ്ടി ഇറക്കിയ കല്പനയിൽ കോടതി ഉത്തരവിന്റെ വിപരീതമായി സഹായമെത്രാനെ സമുദായ മെത്രാപ്പോലീത്ത ഇൻചാർജ് എന്ന് അഭിസംബോധന ചെയ്തിരിക്കുന്നത്. ഇതു കാണുമ്പോൾ മനസ്സിലാകും 2018 നു ശേഷം സമുദായ മെത്രാപ്പോലീത്തായുടെമേൽ ഉണ്ടായ എത്രയോ നടപടികളും അപമാനങ്ങളും ഉണ്ടായിട്ടും ഒരു കേസ്പോലും അദ്ദേഹം കൊടുത്തിട്ടില്ല. എന്നാൽ പാത്രിയർക്കീസ്ബാവായും സഹായമെത്രാന്മാരും കൊടുത്ത കേസുകൾക്ക് കണക്കില്ല താനും. സമുദായ ഭരണഘടന ഇല്ലാതെയാകുന്നു എന്ന സ്ഥിതി വന്നപ്പോൾ വേറെ മാർഗ്ഗം ഇല്ലാതെ എല്ലാം സഹിച്ചതിനുശേഷം ആണ് ഒരു കേസ് ആദ്യമായി സമുദായമെത്രാപ്പോലീത്ത കൊടുക്കുന്നത് എന്ന് അറിയിക്കട്ടെ. ഈ സമുദായത്തെ ദൈവം കാത്തുകൊള്ളും എന്ന് നമുക്ക് വിശ്വസിക്കാം.

സമുദായത്തിൽ സമാധാനചർച്ച നടക്കുന്നതിനാൽ യാക്കോബായ സഭയുടെ പുതിയ കാതോലിക്കാബാവായുടെ നിർദ്ദേശപ്രകാരം ഹൈക്കോടതിയിൽ ഇപ്പോൾ നടക്കുന്ന കേസ് രണ്ടുമാസത്തേക്ക് നീട്ടി വയ്ക്കണമെന്ന് സമുദായത്തിന്റെ അഡ്വക്കേറ്റ് ഹൈക്കോടതിയിൽ പറയുകയും എന്നാൽ അതിനോട് അനുകൂലിക്കാതെ എത്രയും പെട്ടെന്ന് കേസ് കേൾക്കണമെന്ന് പാത്രിയർക്കീസ്ബാവായുടെ അഡ്വക്കേറ്റ് കോടതിയിൽ ആവശ്യപ്പെട്ടു എന്നുള്ള കാര്യം കൂടി അറിയിക്കട്ടെ. സമുദായത്തിൽ ശാശ്വത സമാധാനം ഉണ്ടാകാതെ ഇരിക്കുവാൻ ആരാണ് ഇതിൽ പ്രവർത്തിക്കുന്നതെന്ന് സമുദായ ജനങ്ങൾ മനസ്സിലാക്കുക.

ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 1680–ാമത് സിറിയൻ കുടിയേറ്റ വാർഷിക സംഗമത്തിന് വെളിയനാട് മോർ സ്തേഫാനോസ് ക്നാനായ വലിയപള്ളിയിൽ തുടക്കം കുറിച്ചുകൊണ്ട് ഉദ്ഘാടന സമ്മേളനം ശ്രീ. സജി ചെറിയാൻ (ബഹു. സാംസ്കാരിക യുവജനക്ഷേമ ഫിഷറീസ് വകുപ്പ് മന്ത്രി) ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു. Rt.Rev.Dr. യുയാകിം മാർ കുറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ. ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ.ജേക്കബ് കല്ലുകുളം, ശ്രീ.ടി.സി. തോമസ് തോപ്പിൽ, ക്നാനായ കോൺഗ്രസ് കേന്ദ്ര പ്രസിഡന്റ് ഫാ. സന്തോഷ് ചെറുകരേത്ത്, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ഫാ. ബിനോജ് കുറിയാക്കോസ്, ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ, ഫാ. സ്റ്റേവിൻ

*(ശേഷം പേജ് 9–ൽ)*

# നാം നന്നായാൽ ലോകവും നന്നാവും

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

സമൂഹത്തെ നന്നാക്കുവാൻ നിരവധിപേരുണ്ട്. സ്വയം നന്നാകുവാൻ ആരും തയ്യാറല്ല. സമൂഹത്തെ നന്നാക്കുവാനുള്ള ഏകവഴി നാം നമ്മെത്തന്നെ നന്നാക്കുക എന്നുള്ളതാണ്. ലിയോ ടോൾസ്റ്റോയ് പറയുന്നു Every body thinks of changing humanity and nobody thinks of changing himself. ഞാൻ നല്ലവനാണ് നീ മോശമാണ് എന്നു പറഞ്ഞ് അന്യോന്യം വിധിക്കുവാൻ നമുക്ക് അവകാശമില്ല. സ്വന്തം കണ്ണിൽ കോലിരിക്കെ അന്യന്റെ കണ്ണിലെ കരട് എടുത്തു കളയുവാൻ ശ്രമിക്കുന്നത് ശരിയല്ല. ആദ്യം സ്വയം നന്നാവുക. നമ്മുടെ വാക്കുകളെക്കാൾ നമ്മുടെ ജീവിതം നമ്മെപ്പറ്റി സംസാരിക്കട്ടെ എന്നാണ് ഗാന്ധിജി പറയുന്നത്.

ഒരിക്കൽ ഒരദ്ധ്യാപകൻ ഭൂപടം ചെറിയ ചെറിയ കഷണങ്ങളാക്കിയശേഷം ഓരോ കഷണവും ശരിയായ സ്ഥാനത്തു പതിച്ച് അത് ശരിയാക്കിക്കൊണ്ടുവരുവാൻ തന്റെ ക്ലാസ്സിലെ കുട്ടികളോടു പറഞ്ഞു. എന്നാൽ സമർത്ഥരായ കുട്ടികൾപോലും വളരെ ശ്രമിച്ചിട്ടും പൂർണ്ണമായി വിജയിച്ചില്ല. ഒടുവിൽ ടോം എന്ന വിദ്യാർത്ഥി നിഷ്പ്രയാസം ഭൂപടം ക്രമീകരിച്ച് അദ്ധ്യാപകനെ ഏൽപിച്ചു. എല്ലാവരും അവന്റെ കഴിവിൽ വിസ്മയിച്ചു. നീ എങ്ങനെ ഇതു സാധിച്ചു എന്ന് അവർ ചോദിച്ചപ്പോൾ പേപ്പർ കഷണങ്ങളുടെ മറുവശത്തുണ്ടായിരുന്ന മനുഷ്യന്റെ രൂപം ശരിയാക്കിയപ്പോൾ ലോകത്തിന്റെ ഭൂപടം താനെ ശരിയായി എന്ന് ടോം മറുപടി പറഞ്ഞു. “നാം നന്നായാൽ ലോകവും നന്നാകും” എന്ന ഗുണപാഠം അദ്ധ്യാപകൻ ഇതിലൂടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചു. മനുഷ്യ ജീവിതത്തിൽ സാധാരണ കണ്ടുവരുന്ന ഒരു സ്വഭാവമാണ് നമ്മുടെ സ്വന്തം വീഴ്ചകളെയും പോരായ്മകളെയും പറ്റി ചിന്തിക്കാതെ അന്യരെ നന്നാക്കുന്നതിനാണ് അത്യധികം താൽപര്യം. “നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം” എന്ന യേശുക്രിസ്തുവിന്റെ വിഖ്യാതമായ ഉപദേശം പിന്തുടരുന്ന ഒരാൾക്കും അപരനെ പരിഹസിക്കാനോ അയാളോട് അസൂയപ്പെടാനോ കഴിയുകയില്ല. വ്യഭിചാരക്കുറ്റത്തിനു പിടിക്കപ്പെട്ട ഒരു സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലുന്നതിനുവേണ്ടി ക്രിസ്തുവിന്റെ മുന്നിൽ ഹാജരാക്കിയ ഒരു സംഭവം ബൈബിളിൽ വിവരിച്ചിട്ടുണ്ട്. നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ കല്ലെറിയട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ കല്പന. യേശു അവളുടെ പാപങ്ങൾ മോചിപ്പിച്ച് അവളെ പറഞ്ഞയക്കുന്നു. കല്ലെറിയാൻ വന്ന പ്രമാണിമാർ ലജ്ജിച്ച് സ്ഥലം വിടുകയാണുണ്ടായത്. മറ്റുള്ളവരെ കുറ്റവാളികളെന്നു മുദ്ര കുത്തുന്ന പലരും ഈ പ്രമാണിമാരെപ്പോലെയാണ്.

ഒരിക്കൽ ഒരു വലിയ ആരാധനാലയം വൃത്തിയാക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ പള്ളി കമ്മിറ്റിക്കാർ ഒത്തുകൂടി. അതിനുവേണ്ടി വരുന്ന വലിയ തുക എങ്ങനെ കണ്ടെത്താം എന്നതിനെക്കുറിച്ചവർ ആലോചിച്ചുകൊണ്ടിരുന്നു. അപ്പോൾ പറഞ്ഞു, ഓരോ വിശ്വാസിയും അവരവർ ഇരിക്കുന്നഭാഗം ശരിയാക്കട്ടെ, അപ്പോൾ നിഷ്പ്രയാസം ആലയം വെടിപ്പാകും. വ്യക്തിജീവിതം സംസ്ക്കാരസമ്പന്നമാകുമ്പോൾ കുടുംബജീവിതം ക്രമീകരിക്കപ്പെടും. കുടുംബജീവിതം ക്രമീകരിക്കപ്പെടുമ്പോൾ ദേശീയ ജീവിതം ചിട്ടപ്പെടും. ദേശീയജീവിതം ചിട്ടപ്പെടുമ്പോൾ ലോകത്തു സമാധാനം നിലവിൽവരും. ഡോ. എ.പി.ജെ. അബ്ദുൾകലാം പറയുന്നു. മറ്റുള്ളവരെ ഉപദേശിക്കുവാനുള്ള ഒരു പ്രവണത നമ്മുടെ രാജ്യത്തുണ്ട്. ഒരർത്ഥത്തിൽ അതു നല്ലതുതന്നെ. പക്ഷേ ഉപദേശിക്കുന്നവർ പണിയെടുക്കുകയും വേണം. അപ്പോഴാണ് ഉപദേശം കൂടുതൽ ഫലപ്രദമാവുക.

Never fear criticism when you are right Never ignore it when you are wrong. വിമർശനങ്ങളെ ക്രിയാത്മകമായും നമ്മിലുള്ള നന്മ തിന്മകളെ മനസ്സിലാക്കാനുള്ള അവസരമായും ഉപയോഗിക്കാം. ചേറിൽ പൂണ്ടിരിക്കുന്ന ഒരുവന് ചേറിൽ പൂണ്ട വേറൊരുവനെ രക്ഷിക്കുവാൻ സാധിക്കുകയില്ല. എന്നാൽ കരയിൽ നിൽക്കുന്ന ഒരാൾക്ക് അതു സാധിക്കുകയും ചെയ്യും. മറ്റുള്ളവരുടെ കുഴപ്പങ്ങളും പോരായ്മകളും കണ്ടുപിടിക്കാനും പരിഹാരം നിർദ്ദേശിക്കാനും ഏതൊരാൾക്കും ഉത്സാഹമായിരിക്കും. എന്നാൽ സ്വയം പോരായ്മകൾ കണ്ടുപിടിക്കാനും അതു തിരുത്താനും എത്ര പേർ തയ്യാറാകും. ആരെങ്കിലും നമ്മുടെ കുറവുകൾ ചൂണ്ടിക്കാട്ടുമ്പോൾ നമ്മളിൽ എത്ര പേർക്ക് അയാളോടു പരിഭവമില്ലാതെ അതു കേൾക്കാനും പറഞ്ഞതിൽ സത്യാവസ്ഥ ഉണ്ടോയെന്നു സ്വയം വിശകലനം ചെയ്തു നോക്കാനും അതു തിരുത്താനും അതു ചൂണ്ടിക്കാണിച്ചു സഹായിച്ച ആളോടു നന്ദി പറയാനും സാധിക്കും. ഭൂരിഭാഗം പേർക്കും സാധ്യമല്ലായെന്നതല്ലേ സത്യം. കാരണം നാം വിചാരിക്കുന്നത് നമ്മൾ ശരിയും മറ്റുള്ളവർ തെറ്റും എന്നാണ്. നേരേമറിച്ച് എനിക്കും തെറ്റുകൾ പറ്റാമെന്ന് ആത്മാർത്ഥമായി മനസ്സിലാക്കുന്ന ഒരുത്തൻ മറ്റുള്ളവർ പറയുന്ന കാര്യങ്ങളിൽ യാഥാർത്ഥ്യമുണ്ടോയെന്ന് സ്വയം വിശകലനം ചെയ്തു നോക്കി അതു തിരുത്താൻ ശ്രമിക്കുക. അങ്ങനെയുള്ളവർക്കു മാത്രമേ മറ്റുള്ളവരെ തിരുത്താനും ഉപദേശിക്കാനും അർഹതയുള്ളു. അല്ലാത്ത പക്ഷം നീന്തലറിയാത്ത ഒരാൾ ആഴമുള്ള നദിയിൽ മുങ്ങിക്കൊണ്ടിരിക്കുന്ന മറ്റൊരാളെ രക്ഷപെടുത്താൻ നദിയിലേക്കു ചാടിയതുപോലെയാകും കാര്യം.

ഓരോരുത്തരും ലോകത്തെ കാണുന്നത് അവരവരുടെ കാഴ്ചപ്പാടുകളിലൂടെയാണ്. ഒരിക്കൽ ഒരാൾ വഴിയിൽ കിടക്കുകയായിരുന്നു. ആ വഴിവന്ന ഒരു കള്ളൻ വിചാരിച്ചു ഇയാൾ രാത്രി മുഴുവൻ കളവിനുപോയി ക്ഷീണിച്ച് വഴിയിൽ കിടന്ന് ഉറങ്ങുകയാണെന്ന്. അതുവഴി പോയ ഒരു മദ്യപാനി വിചാരിച്ചു ഇയാൾ അമിതമായി മദ്യം കഴിച്ചു തലക്കുപിടിച്ചു കിടക്കുകയാണെന്ന് ആ വഴി വന്ന സന്ന്യാസി വീണു കിടക്കുന്ന വ്യക്തിയെ കണ്ടപ്പോൾ ഒരു സിദ്ധ പുരുഷനാണെന്നു തിരിച്ചറിയുകയും അദ്ദേഹം ഉണരുന്നതുവരെ ശുശ്രൂഷിക്കുകയും ചെയ്തു. പ്രതികരണത്തിന്റെ കാര്യത്തിൽ വ്യക്തികൾ റീ ആക്ടിവും (re-active) മറ്റെക്കൂട്ടർ പ്രോ ആക്ടീവും (pro-active) ആയിരിക്കും. റീ ആക്ടീവ് ആയ വ്യക്തികൾ ഏതു വിമർശനത്തെയും അതേ നാണയത്തിൽ തിരിച്ചടിക്കും. പ്രോ ആക്ടീവായ വ്യക്തികൾ വിമർശനങ്ങളെ ക്രിയാത്മകമായി നർമ്മരസത്തോടുകൂടി നേരിടുന്നു. ഞാൻ അനുവദിക്കാതെ എന്നെആർക്കും നന്നാക്കാനാവില്ല. ഞാൻ അനുവദിക്കാതെ എന്നെ ആർക്കും ചീത്തയാക്കാനുമാവില്ല. എന്തായാലും നാം നന്നായാൽ ലോകവും നന്നാവും. ●

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ഹത്തിനായി പ്രവർത്തിച്ച ഡയറക്ടർ, ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള കേന്ദ്ര ഭാരവാഹികളെയും, യൂണിറ്റ് തല ത്തിൽ നേതൃത്വം നൽകിയ പ്രധാന അദ്ധ്യാപകർ, സെക്ര ട്ടറിമാർ, മാതാപിതാക്കൾ എല്ലാവരെയും അനുമോദിക്കുന്നു. കുട്ടികൾക്ക് ലഭിച്ച സന്ദേശങ്ങൾ ജീവിതത്തിൽ പകർത്തി നല്ല മൂല്യബോധമുള്ളവരായിത്തീരാൻ ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

പുതിയ അദ്ധ്യയന വർഷം ആരംഭിച്ചുവല്ലോ. എല്ലാ കുട്ടി കളെയും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ദൈവാശ്രയത്തോടെ, ആത്മാർത്ഥതയോടെ, ഉന്നതമായ ലക്ഷ്യബോധത്തോടെ പഠിക്കുവാൻ ദൈവം സഹായിക്ക ട്ടെ. ഏത് കോഴ്സിൽ ചേർന്നാലും അതിൽ നല്ല രീതിയിൽ അദ്ധ്വാനിക്കുക. നിങ്ങളുടെ പഠനത്തിലൂടെ തുടർന്നുള്ള ജീവിതത്തിലൂടെ ലോകത്തിന് സംഭാവനകൾ നല്കുന്നവ രായിത്തീരണം. അതായിരിക്കണം ലക്ഷ്യമാക്കേണ്ടത്.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

ന്നവരും ആയി രൂപാന്തരപ്പെടണം. എന്നാൽ ഇന്ന് ക്രമേണ ചിലരുടെ അഭിപ്രായവും, വിമർശനവും കുറ്റം പറച്ചിലും കേട്ട് അവരുടെ പക്ഷം ചേരുന്ന പ്രവണതയും സഭയിൽ പലവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കുകയും ആത്മീയ അന്തരീക്ഷം നഷ്ടപ്പെടുകയുമാണ്. ഫോണിലൂടെ ഇപ്രകാരം പ്രവർത്തിച്ച് സാക്ഷ്യം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. സഭാ അന്തരീ ക്ഷത്തിൽ പൊരുത്തക്കേടുകൾ ഉണ്ടാക്കി യേശുവിന്റെ ശരീ രത്തെ മുറിപ്പെടുത്തുകയാണ്. ഇങ്ങനെയുള്ളവരെ പത്രോസ് അപ്പോസ്തോലൻ ഉപമിച്ചിരിക്കുന്നത് കൊലപാതകി, കള്ളൻ, ദുഷ് പ്രവൃത്തിക്കാരൻ എന്നിവരോടാണ്.

ഇതെല്ലാം ദുരാത്മാവിന്റെ ചെയ്തികളാണ്. ബന്ധങ്ങൾ മുറിക്കാനും, സ്നേഹവും ഐക്യവും സന്തോഷവും നഷ്ട മാക്കുകയും ചെയ്യുന്ന ദുരാത്മാവിന്റെ പ്രവൃത്തികൾക്ക് ആരും അടിമകളാകരുത്. ആരും ദൈവകൃപവിട്ട് പിന്മാറു കയും വല്ല കയ്പുള്ള വേരും മുളച്ച് കല്ക്കമുണ്ടാക്കി അനേ കർ അതിനാൽ മാലിന്യപ്പെടുകയും ചെയ്യാതിരിക്കാൻ സൂക്ഷിക്കേണ്ടതാണ് (എബ്രാ. 12:15). എത്രയും വേഗത്തിൽ പ്രശ്നങ്ങൾ പരിഹരിച്ചില്ലായെങ്കിൽ അനുഗ്രഹത്തിനായി കണ്ണുനീരോടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ട ഏശാവിനെപ്പോ ലെയാകുമെന്ന് 17-ാം വാക്യത്തിൽ പൗലോസ് ഓർമ്മിപ്പിക്കു ന്നു. അത് കർത്താവ് നൽകുന്ന മുന്നറിയിപ്പായി വിചാരിച്ച് നമ്മുടെ സഭയിലേയും സമുദായത്തിലേയും പ്രശ്നങ്ങൾ പരിഹരിക്കാൻ വിനീതമായി സഭാ നേതൃത്വത്തോട് അപേ ക്ഷിക്കുകയാണ്. അല്ലാത്ത പക്ഷം നിഷ്പക്ഷമായി നിൽക്കു ന്നവർ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.

**എന്ന്**
**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

## *സമുദായ വാർത്തകൾ*

*(പേജ് 7 തുടർച്ച)*

ഏബ്രഹാം പുളിമൂട്ടിൽ, കൊച്ചുമോൻ ഒറ്റത്തൈക്കൽ, ബിബിൻ കല്ലംപറമ്പിൽ, ബിനു കല്ലേമണ്ണിൽ, അനു പാടക ശ്ശേരി, ലെനി അഴിക്കാട്ട്മാളിയേക്കൽ, ലിൻസോ ഇളവൻകു ളം, ബൈജുമോൻ ചാക്കോ, മഞ്ജു ഏബ്രഹാം, സൈമൺ ചക്കങ്കേരിൽ, തോമസ് മുട്ടത്ത്, ബിനോജ് കുര്യൻ, അനീഷ് കൊരത്തറ എന്നിവർ പ്രസംഗിച്ചു.

ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഓതറ നസ്രേത്ത് കോളേജ് ഓഫ് ഫാർമസിയിലെ രണ്ടു വിദ്യാർത്ഥി കൾക്ക് കേരളത്തിലെ ആരോഗ്യ സർവ്വകലാശാലയിൽ നിന്നും എം.ഫാം (ഫാർമ്മസ്യൂട്ടിക്) ഒന്നാം റാങ്കും, രണ്ടാം റാങ്കും കരസ്ഥമാക്കി എന്ന സന്തോഷവാർത്ത അറിയിക്ക ട്ടെ. ഒന്നാം റാങ്ക് നേടിയ ഹരിജ എസ് നായരും രണ്ടാം റാങ്ക് നേടിയ സെലിസ്റ്റി ജോർജിനും ക്നാനായ സമുദായ ത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ക്നാനായ സമുദായത്തിന്റെ അഭിമാനമായ ക്ലീമീസ് ജൂനിയർ കോളേജ് ഈ വർഷവും +2 പരീക്ഷയിൽ 100% വിജയം കൈവരിച്ചിരിക്കുകയാണ്. അതിൽ 75% കുട്ടികളും ഡിസ്റ്റിംഗ്ഷനോടുകൂടിയും A 1 ഉം 90% ൽ കൂടുതൽ മാർക്കു കളോടുമാണ് വിജയം കരസ്ഥമാക്കിയിരിക്കുന്നത്. 10-ാം ക്ലാസ്സ് പരീക്ഷയിലും ഉയർന്ന മാർക്കോടുകൂടി 100% വിജയം കരസ്ഥമാക്കിയിരിക്കുകയാണ്.

വിജയികളായ എല്ലാ കുട്ടികൾക്കും രക്ഷകർത്താ ക്കൾക്കും സ്കൂളിലെ അദ്ധ്യാപകർക്കും പ്രിൻസിപ്പാളിനും മാനേജർക്കും ഗവേണിംഗ്ബോർഡ് അംഗങ്ങൾക്കും സ്കൂ ളിന്റെ പ്രസിഡന്റ് സമുദായ വലിയ മെത്രാപ്പോലീത്തായ്ക്കു വേണ്ടിയും ക്നാനായ സമുദായത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ക്നാനായ സമുദായ സെക്രട്ടറി
**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**

# അറിയിപ്പ്

S.S.L.C, CBSC, ICSE, Plus Two പരീക്ഷകളിൽ **എല്ലാ വിഷയത്തിനും Full A+** നേടിയ കുട്ടികളുടെ ഫോട്ടോ ക്നാനായ ദീപത്തിൽ ജൂലൈ, ഓഗസ്റ്റ് ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആയതി ലേയ്ക്ക് വികാരിമാർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും, ഫോട്ടോയും മേൽവിലാസം സഹിതം ക്നാനായദീപം ഓഫീസിൽ നൽകേണ്ട താണ്.

E-mail: kna.deepam@gmail.com
whats app No. 8547584440

ഫാ. ജേക്കബ് കല്ലുകുളം
(മാനേജിംഗ് എഡിറ്റർ)

# സുന്നഹദോസുകൾ


റ്റി.യു. ജോസ് തൈത്ര, കുറിച്ചി

സഭയുടെ അപ്പസ്തോലിക കാലം മുതലെ സുന്നഹദോസുകൾ നടന്നു വന്നിരുന്നു. എ. ഡി. 50 ൽ കൂടിയ യെരുശലേം സുന്നഹദോസാണ് പ്രഥമം. സഭയുടെ വിശ്വാസപരവും ഭരണപരവുമായ കാര്യങ്ങൾ ആലോചിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സുറിയാനി ഓർത്തഡോക്സ് സഭകൾ ആദ്യത്തെ മൂന്നു സുന്നഹദോസുകൾ മാത്രമേ അംഗീകരിക്കുകയുള്ളു. ആ മൂന്നു സുന്നഹദോസുകളാണ് നിഖ്യ (എ.ഡി. 325), കുസ്തന്തിനോസ്, (എ.ഡി. 381), എഫേസോസ് (എ.ഡി. 431). ലോകം മുഴുവനുമുള്ള സഭാപിതാക്കന്മാരുടെ സമ്മേളനമാണ് സാർവ്വത്രിക സുന്നഹദോസ്. പ്രാദേശികമായുള്ള സഭയുടെ മേലദ്ധ്യക്ഷന്മാരുടെ സമ്മേളനമാണ് പ്രാദേശിക സുന്നഹദോസ്.

അലക്സാന്ത്രിയൻ സഭയിലെ പണ്ഡിതനായ അറിയൂസ് എന്ന പട്ടക്കാരൻ "യേശുക്രിസ്തു പിതാവായ ദൈവത്തെപ്പോലെ നിത്യനല്ലെന്നും പുത്രൻ പിതാവിൽനിന്നും ജനിച്ചതിനാൽ പുത്രൻ ഇല്ലാതിരുന്നകാലം ഉണ്ടായിരുന്നുവെന്നും പുത്രൻ പിതാവിനോട് സമനല്ലെന്നും പുത്രൻ മനുഷ്യരെക്കാൾ ഉന്നതനാണെങ്കിലും പിതാവിനെക്കാൾ താഴ്ന്നവനാണെന്നും പുത്രൻ മനുഷ്യനായി അവതരിച്ചപ്പോൾ എടുത്ത ശരീരം ആത്മാവില്ലാത്തതായിരുന്നുവെന്നും പഠിപ്പിച്ചു. ഈ ഉപദേശം വേദവിപരീതമായിരുന്നതിനാൽ ഇതിനെ ഉപേക്ഷിച്ച് സത്യവിശ്വാസം സ്ഥിരപ്പെടുത്തുവാനും അറിയൂസിനെ മുടക്കുവാനും 318 പിതാക്കന്മാർ സംബന്ധിച്ച നിഖ്യാ സുന്നഹദോസ് തീരുമാനിച്ചു. പുത്രൻ പിതാവിനോട് സമത്വമുള്ളവൻ എന്ന പ്രയോഗം വിശ്വാസപ്രമാണത്തിൽ ചേർക്കുവാനും സഭയുടെ ക്രമീകരണവും ആചാരാനുഷ്ഠാനങ്ങളും സംബന്ധിച്ചുള്ള തീരുമാനങ്ങളും കൈകൊണ്ടു.

ഇന്ന് നമ്മൾ ആരാധനയിലും പ്രാർത്ഥനയിലും മറ്റ് ശുശ്രൂഷകളിലും ഉപയോഗിക്കുന്ന വിശ്വാസപ്രമാണം നിഖ്യാ സുന്നഹദോസിൽ തീരുമാനിച്ചെങ്കിലും എ.ഡി. 381-ലെ കുസ്തന്തിനോസ് പോലീസിലെ സുന്നഹദോസിലാണ് പൂർണ്ണരൂപം ആയത്. കുസ്തന്തിനോസ് ചക്രവർത്തിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സുന്നഹദോസിൽ 150 പിതാക്കന്മാർ പങ്കെടുത്തു. അറിയൂസിന്റെ വേദവിപരീതം ഈ സുന്നഹദോസിനെ ശപിച്ച് തള്ളിക്കൊണ്ട് നിഖ്യാസുന്നഹദോസ് തീരുമാനം ശരിവെച്ചു. അതുപോലെ കുസ്തന്തിനോസ് പോലീസ് സുന്നഹദോസ് അറിയൂസിന്റെ വേദവിപരീതം ശപിച്ച് തള്ളിക്കൊണ്ട് നിഖ്യാസുന്നഹദോസ് തീരുമാനം ശരിവച്ചു.

അതുപോലെ കുസ്തന്തിനോസ് പോലീസിലെ മെത്രാപ്പോലീത്ത ആയിരുന്ന മക്കദോനിയോസിന്റെ വേദവിപരീതം ശപിച്ചുതള്ളി. "വിശുദ്ധ റൂഹാ പിതാവിനോടും പുത്രനോടും സമനല്ല" എന്നായിരുന്നു മക്കദോനിയോസിന്റെ ഉപദേശം. പരിശുദ്ധാത്മാവ് ഒരു സൃഷ്ടിമാത്രമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അതുകൊണ്ട് വിശ്വാസപ്രമാണത്തിൽ "സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനും" എന്ന വിശേഷണവും കൂടി ചേർത്തു. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോർ മിലിത്തോസിന്റെ അദ്ധ്യക്ഷതയിൽ സുന്നഹദോസ് തുടങ്ങി എങ്കിലും സുന്നഹോസ് പൂർത്തിയാക്കുന്നതിന് മുമ്പ് അദ്ദേഹം കാലം ചെയ്തതിനാൽ വി. നക്താറിയോസിന്റെ അദ്ധ്യക്ഷതയിലാണ് സുന്നഹദോസ് പൂർത്തിയാക്കപ്പെട്ടത്. റോമാ ചക്രവർത്തിയായിരുന്ന തെവോദിയോസ് ഒന്നാമനാണ് ഈ സുന്നഹദോസ് വിളിച്ച് കൂട്ടിയത്. 200 പിതാക്കന്മാർ സംബന്ധിച്ച എഫോസോസ് സുന്നഹദോസ് അലക്സാന്ത്രിയായിലെ പാത്രീയാർക്കീസായിരുന്ന മോർ കൂറിലോസിന്റെ അദ്ധ്യക്ഷതയിൽ എ.ഡി. 431-ൽ സമ്മേളിച്ചു. കുസ്തന്തിനോസ് പോലീസിലെ പാത്രിയാർക്കീസായിരുന്ന നെസ്തോറിന്റെ വേദവിപരീതമായ പഠിപ്പിക്കലുകളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനം എടുക്കാനാണ് സമ്മേളിച്ചത്. കന്യകമറിയം പ്രസവിച്ചത് ദൈവത്തെയല്ല. ഒരു സാധാരണ മനുഷ്യനായ യേശുവിനെയാണ്. യേശുവിൽ പിന്നീട് ദൈവത്വം വന്നു ചേർന്നു. അങ്ങനെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും യേശുവിൽ ഉണ്ടായിരുന്നു. ദൈവത്വം കഷ്ടം അനുഭവിച്ചില്ല. മനുഷ്യനാണ് കഷ്ടത അനുഭവിച്ചത്. മറിയം ക്രിസ്തുവിന്റെ മാതാവാണ്. ദൈവമാതാവല്ല. "ദൈവമേ നീ പരിശുദ്ധനാകുന്നു" എന്ന് തുടങ്ങുന്ന സ്തുതിപ്പിൻ ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ എന്ന ഭാഗം നെസ്തോർ നീക്കം ചെയ്തു. നെസ്തോറിന്റെ ഈ ഉപദേശത്തെ അലക്സാന്ത്രിയായിലെ മോർ കൂറിലോസ് പാത്രിയർക്കീസ് ഖണ്ഡിച്ചു. മോർ കൂറിലോസിന്റെ വാദമുഖങ്ങളെ നെസ്തോർ അംഗീകരിക്കാൻ തയ്യാറായില്ല. തുടർന്ന് നെസ്തോറിനെയും അദ്ദേഹത്തിന്റെ ഉപദേശത്തേയും ശപിച്ചുതള്ളി. വിശ്വാസ വിപരീതങ്ങളുടെ കടന്നാക്രമണം ചെറുത്തു നിൽക്കുവാൻ സഭാ പിതാക്കന്മാർക്ക് വളരെയേറെ ത്യാഗങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.



## വിവാഹിതരായി



കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളി ഇടവകയിൽ മഠത്തിൽപറമ്പിൽ ബെന്നി സ്കറിയയുടെയും സുനില ബെന്നിയുടെയും മകൻ **Alwin Benny-ഉം** ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകയിൽ മണലേൽച്ചിറയിൽ ബിജു കുര്യാക്കോസിന്റെയും ഷിനു ബിജുവിന്റെയും മകൾ **Sneha Elsa Biju-ഉം** തമ്മിലുള്ള വിവാഹം 26-04-2025-ൽ കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ നടത്തപ്പെട്ടു.

Advt - O

## വിവാഹിതരായി



ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളി ഇടവകയിൽ മറ്റക്കാട്ട് സാംസൺ തോമസിന്റെയും നിഷാ സാമിന്റെയും മകൻ **അജിൻ സാമും** കുറ്റൂർ സെന്റ് മേരീസ് ജറുശലേം ക്നാനായ പള്ളി ഇടവകയിൽ കുറ്റിയിൽ ലേറ്റ് ബിജു കുരിയന്റെയും ലൈസി കുരിയന്റെയും മകൾ **കെസിയയും** തമ്മിൽ ഉള്ള വിവാഹം 01/05/2025-ൽ ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

Advt - O



Advt - O


PROJECT BY
KNANAYA WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt - O


40th Wedding Anniversary
16- 06 - 2025
Mr. K.C. Jose
Monamma Jose
Kunnumpurathu (H)
Chingavanam
ഇതുവരെ കാത്ത് പരിപാലിച്ച
ദൈവത്തിനു സ്തോത്രം
പ്രാർത്ഥനയോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ
Advt -R

# 50 – ാം വിവാഹ വാർഷികം ആഘോഷിച്ച
## മണിമോൻ & രമണി, കോണമല, USA
## May 4th 2025



"തിരുകുടുംബമേ ഈ കുടുംബത്തെ കനിഞ്ഞു ദിവ്യമായ് അനുഗ്രഹിക്കണേ"
50 – ാം വിവാഹ വാർഷികം ആഘോഷിക്കുവാൻ അനുവദിച്ച സർവ്വശക്തനായ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഡാഡിക്കും മമ്മിക്കും, അപ്പച്ചനും അമ്മച്ചിക്കും എല്ലാവിധ വിവാഹ മംഗളങ്ങളും നേർന്നുകൊണ്ട്

മക്കൾ – ജിനോ, സൂസൻ, റാണ്ടി, റ്റീനാ

കൊച്ചുമക്കൾ – റ്റയസ്, ലൈല, ലില്ലി, ലീയം, ലണ്ടൻ

ബന്ധുമിത്രാദികൾ

Advt - O

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ

# 1680-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ പള്ളി



1680-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ ഉത്ഘാടന സമ്മേളനം ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നിർവ്വഹിക്കുന്നു.





ഫാ. ഡോ. ജയിംസ് ജേക്കബ് തോടത്തിൽ രചിച്ച 'ദാമ്പത്യം ഒരു വരം' എന്ന പുസ്തകത്തിന്റെ പ്രകാശനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിക്ക് നൽകിക്കൊണ്ട് ബിഷപ്പ് റൈറ്റ്.റവ. തോമസ് സാമുവേൽ (ബിഷപ്പ് എമിരറ്റസ് സി.എസ്.ഐ., തിരുവല്ല) നിർവഹിക്കുന്നു.



1680-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ സമാപന സമ്മേളനം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഉത്ഘാടനം ചെയ്യുന്നു.

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1680-ാമത്

# സിറിയൻ ക്നാനായ വാർഷിക സംഗമം

വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ പള്ളി



ഓവറോൾ ചാമ്പ്യൻസ് ട്രോഫി വെളിയനാട് സെന്റ് സ്റ്റീഫൻസ് പള്ളി ഭാരവാഹികൾ സ്വീകരിക്കുന്നു.

## *Congratulations*



**Dr. Doney Abraham**, Ph.D in Cyber Security from Norwegian University of Science and Technology (NTNU), son of Reju Abraham and Suja Abraham, Pazhepeedikayil, Thiruvananthapuram.
Wife: Jean Mathew

## റാന്നി ഇടക്കുളം സെന്റ് തോമസ് ക്നാനായ ദൈവാലത്തിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം



റാന്നി ഇടക്കുളം സെന്റ് തോമസ് ക്നാനായ ദൈവാലത്തിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ക്നാനായ സമുദായ വലിയ മെത്രാപ്പൊലിത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് നിർവഹിക്കുന്നു. ഫാ. പീറ്റർ കുത്തുകല്ലുങ്കൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, റ്റിജു ഏബ്രഹാം തോട്ടുപുറം, പ്രമോദ് നാരായണൻ എം.എൽ.എ., ഫാ. എം.സി. സക്കറിയാ മധുരംകോട്ട്, റ്റി.കെ. കുര്യൻ തേക്കാട്ടിൽ, ബിച്ചു കോര ഐക്കാട്ട്മണ്ണിൽ, പി.കെ. ഫിലിപ്പ് പറപ്പട്ടിയിൽ, ടൈറ്റസ് മാത്യു പാരൂർ, അനു ഏബ്രഹാം പുലികോട്ടിൽ എന്നിവർ സമീപം.

## വിവാഹിതരായി




Advt - R

ചിങ്ങവനം ആനക്കാട്ട് ശ്രീ. പ്രസാദ് തോമസ്സിന്റെയും (Rekha Stores, Chingavanam) ശ്രീമതി ഷൈല പ്രസാദിന്റെയും മകൻ **JIKKU PRASAD**-ഉം പുനലൂർ കോന്തിയാപറമ്പിൽ ശ്രീ. പി.റ്റി. തോമസ്സ് (Gigi) ന്റെയും ശ്രീമതി ബിജി തോമസ്സിന്റെയും മകൾ **ANJU THOMAS**-ഉം തമ്മിലുള്ള വിവാഹം 26-05-2025 തിങ്കളാഴ്ച മുളയ്ക്കാംതുരുത്തി സെന്റ് ജോർജ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.



## ആദരാഞ്ജലികൾ



**ഫാ. മാത്യൂസ് തൈക്കൂട്ടത്തിൽ**

**(Tampa, U S A)**

inserted by, Kochumalathusseril family, Chingavanam

Advt - O



## ആദരാഞ്ജലികൾ



**ഫാ. മാത്യൂസ് തൈക്കൂട്ടത്തിൽ**

**(Tampa, U S A)**


Inserted by

കുന്നത്തിൽ കുടുംബം (മാരാംപറമ്പിൽ)

Advt - O


20th Death Anniversary
17th June 2025
SARAMMA ABRAHAM (OMANA)
Murikolipuzha - Ranni
“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ”
- സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



40 – ാം ചരമദിനം

25 – 06 – 2025

## കെ. എ. ജേക്കബ് (ജേയ്ക്കബ് കുട്ടി)

ഓണാട്ട്, കോട്ടയം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

40 – ാം ചരമദിനം

17 – 06 – 2025



## ഏബ്രഹാം മാത്യു (എബി 69)

കളരിത്തറ, നീലംപേരൂർ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

40 – ാം ചരമദിനം

27 – 06 – 2025



## CHACKO THOMAS (THANKACHEN)


Chilampattuseril, Neelamperoor

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

# പുതിയ അദ്ധ്യയന വർഷം പുതുമയോടെ തുടങ്ങാം!



സുനിൽ ഡി. കുരുവിള

"You don't have to be great to start, but you have to start to be great."

അവധി കഴിഞ്ഞു പുതിയ അദ്ധ്യയന വർഷം ആരംഭിച്ചു. കുട്ടികളുടെ വിദ്യാഭ്യാസം- അദ്ധ്യാപനം-പാരന്റിങ്ങ് ഒക്കെ ഒന്നുകൂടി ആഴത്തിൽ ചിന്തിക്കാൻ ഇത് നല്ലൊരു മുഹൂർത്തമാണെന്നു കരുതുന്നു. കുട്ടികളുടെ പഠന- ജീവിത മികവ് വർദ്ധിപ്പിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്. ഇന്ന് മിക്ക മാതാപിതാക്കളും കുട്ടികളുടെ മാർക്കും ഗ്രേഡും റാങ്കും മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. 'കുട്ടികളെ സ്കൂൾ നോക്കിക്കോളും' എന്ന് ചിന്തിക്കുന്നവരും കുറവല്ല. എന്നാൽ നല്ല വിദ്യാഭ്യാസം ഭവനങ്ങളിൽ ആണ് ആരംഭിക്കേണ്ടത്.

മൂന്നു വയസ്സിൽ സ്കൂളിൽ ചേർത്ത് എല്ലാവരേം 'പണക്കാരനാക്കാനുള്ള' പരിപാടിയാണ് ഇന്ന് മിക്കയിടത്തും വിദ്യാഭ്യാസം എന്ന പേരിൽ നടക്കുന്നത്. പറ്റുമെങ്കിൽ LKG യിൽ തന്നെ ട്യൂഷനും തുടങ്ങും. ഇത് കുട്ടികളുടെ സുസ്ഥിര ഭാവി ഉറപ്പുവരുത്താൻ സഹായിക്കുകയില്ല. അവരുടെ ശാരീരിക ആരോഗ്യം, മാനസിക നില, വൈകാരിക ബുദ്ധിശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങൾക്ക് സന്തോഷമായും സമഗ്രമായും വളർന്നുവരാൻ സഹായകരമായ ഒരു ഭവന അന്തരീക്ഷം വളരെ പ്രധാനമാണ്. മാതാപിതാക്കൾ തമ്മിലുള്ള വഴക്ക്, മദ്യപാനം, മാനസിക പ്രശ്നങ്ങൾ ഒക്കെ കുട്ടികളെ പ്രതികൂലമായി ബാധിക്കും.

പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികളുടെ വളർച്ചക്ക് അതിപ്രധാനം! നല്ല ആഹാരം, നല്ല സംസ്കാരം കൂടിയാണ്, ഓർക്കാം! ഒരു നേരമെങ്കിലും വീട്ടിലുള്ള എല്ലാവരും കൂടി ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നത് കുട്ടികൾക്ക് വലിയ ഗുണം ചെയ്യും. ഭക്ഷണ സമയത്തു പഠന വിഷയങ്ങളൊന്നും ചർച്ചയ്ക്ക് കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

കുട്ടികളെ ചെറിയ പ്രായത്തിലെ ശുചിത്വവും മറ്റും ശീലിപ്പിക്കാം. കുട്ടികൾ നന്നായി ഉറങ്ങേണ്ടത് അവരുടെ സമഗ്ര വളർച്ചക്ക് അനിവാര്യമാണ്. കുട്ടികളുടെ ബുദ്ധി വളർച്ച ആറ്- എട്ടു വയസ്സുവരെയാണ് പ്രധാനമായും നടക്കുന്നത്. ഈ പ്രായത്തിൽ അവരെ നന്നായി കരുതിയാൽ അവരുടെ ഭാവിജീവിതം നന്നാവും. കുട്ടികളുടെ വൈകാരിക പ്രതിഫലനങ്ങൾ ശ്രദ്ധിക്കണം... മനോവ്യാപാരങ്ങൾ അറിയണം, അവരെ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കണം. മാനസിക ആരോഗ്യവും കൂടുതൽ പരിപോഷിപ്പിക്കണം. കുട്ടികൾ നന്നായി ഓടിച്ചാടി സമപ്രായക്കാരോടൊത്തു കളിക്കണം. കളികൾ ശാരീരിക ആരോഗ്യത്തിനു മാത്രമല്ല വൈകാരിക- മാനസിക ആരോഗ്യത്തിനും വളരെ ആവശ്യമാണ്. കൂട്ടുകൂടാനും വഴക്കുകൂടാനും വീഴാനും തോൽക്കാനും തർക്കിക്കാനും ഒക്കെ എവിടെയാണ് അവസരം കിട്ടുക? സ്കൂൾ വിട്ടുവരുന്ന കുട്ടികളെ 'ട്യൂഷൻ' സെന്ററിൽ വെച്ച് പുഴുങ്ങി ഉണക്കി കളയരുത്. അവർ ഓടിച്ചാടി കളിക്കട്ടെ! കുട്ടികൾ ഹാപ്പിയാണെന്നും active ആണെന്നും കുട്ടിക്കാലത്തെ ഉറപ്പാക്കാം.

അവരുടെ കഴിവുകളും അഭിരുചിയും ഒക്കെ ചെറിയ പ്രായത്തിലെ കണ്ടെത്താം- പ്രോത്സാഹിപ്പിക്കാം. മാതാപിതാക്കളുടെ സ്വപ്നങ്ങൾ അവരുടെ മേൽവച്ച് കെട്ടാതിരിക്കാം! അവരെ ആരുമായും compare ചെയ്യാതിരിക്കാം. അവർ ഓരോരുത്തരും different ആണ്. ഫോട്ടോകോപ്പി ആക്കാൻ ശ്രമിക്കാതിരിക്കാം!

സാമൂഹികബോധം, സംസ്കാരം, ചരിത്രബോധം, പരിസ്ഥിതി ബോധം ഒക്കെ ഒരു നല്ല വ്യക്തിത്വത്തിന്റെ അടയാളമാണ്. ഇതൊക്കെ പരിപോഷിപ്പിക്കാൻ സ്കൂളിൽ സമയമില്ല... മാതാപിതാക്കൾക്ക് കാഴ്ചപ്പാടില്ല...

അനാവശ്യ മത്സരതൃഷ്ണ അവരിൽ വളർത്താതിരിക്കാം. അവർ ആദ്യം സ്നേഹിക്കാനും കരുതാനും വിട്ടുകൊടുക്കാനും പഠിക്കട്ടെ. തോൽക്കാനും പഠിക്കേണ്ടതുണ്ട്. അമിതവാശിയും നിർബന്ധവും ഒന്നും സാധിച്ചുകൊടുക്കേണ്ടതില്ല. വിനയവും എളിമയും ശീലിപ്പിക്കാം.

ഉപദേശമല്ല മാതൃകയാവുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. ബഹുമാനിക്കാനും സ്നേഹിക്കാനും കരുതാനും ഒക്കെ അവർ പഠിക്കുന്നത് ഭവന അന്തരീക്ഷത്തിൽനിന്നുതന്നെയാണ്. അതിനുള്ള ധാരാളം മുഹൂർത്തങ്ങൾ കുഞ്ഞുങ്ങൾക്കായി സൃഷ്ടിക്കാം.

കുട്ടികൾക്കായി മാതാപിതാക്കൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം സമയമാണ്. ഗുണമേന്മയുള്ള സമയം. കഥ പറയാനും ആശയങ്ങൾ പങ്കുവെയ്ക്കാനും വിജ്ഞാനം നൽകാനും ലക്ഷ്യബോധം സൃഷ്ടിക്കാനും പഠന താല്പര്യം വർദ്ധിപ്പിക്കാനും ഒക്കെ സമയം ഉപയോഗപ്പെടുത്താം. കെട്ടിപ്പിടിക്കാനും ഉമ്മകൊടുക്കാനും അവരോടൊത്തു കളിക്കാനും തമാശ പങ്കിടാനും ഒന്നും ഒട്ടും പിശുക്കു കാട്ടേണ്ട. ഒരുമിച്ചുള്ള ഭക്ഷണം, പ്രവർത്തങ്ങൾ, യാത്രകൾ, പരിഭവങ്ങൾ, കളികൾ, കുറുമ്പുകൾ, പിണക്കങ്ങൾ, ജയങ്ങൾ, തോൽവികൾ, വിഴ്ചകൾ...ബന്ധങ്ങൾ, ആഘോഷങ്ങൾ സംഭവങ്ങൾ ഒക്കെ ഓർമ്മകളുടെ ആഴം കൂട്ടും... അനുഭവങ്ങളാണ് ജീവിതത്തിനു ഗൃഹാതുരത്വം നൽകുന്നത്. Invest in their memories!

കുട്ടികളുടെ കാര്യത്തിൽ അമിതമായി ധൃതികാട്ടരുത്. അമിത പ്രതീക്ഷ വളരെ അപകടം. കുട്ടികളുടെ താളവും തലവും മനസ്സിലാക്കുക. അവരെ പ്രോത്സാഹിപ്പിക്കുക.

അവരെ അംഗീകരിക്കാനും സപ്പോർട്ട് ചെയ്യാനും മറക്കേണ്ട. മിടുക്കു കുറവുള്ള കുട്ടികളെ കൂടുതൽ കരുതുകയും സ്നേഹിക്കുകയും വേണം. കൂടെയുണ്ട് എന്നുള്ള വിശ്വാസം അവരിൽ സൃഷ്ടിക്കണം. ആത്മവിശ്വാസം നൽകി അവരെ മെച്ചപ്പെടുത്താം. ചെറിയ പ്രായത്തിലെ അവരിൽ self confidence വളർത്തണം. അവരെ എന്തിനെല്ലാം കൊള്ളാമെന്നും, അവരുടെ ശക്തിയും മികവും എവിടെയാണെന്നും അവരെ ബോധ്യപ്പെടുത്തണം! കുറവുകളെ ഒരുപാടു "project" ചെയ്യേണ്ട. സന്തോഷമുള്ള ബാല്യവും, ആത്മവിശ്വാസമുള്ള കൗമാരവും അവരിൽ ഉറപ്പാക്കുക. അവരെ കണ്ടെത്താൻ (discover) അവരെ സഹായിക്കുക.

ദുരഭിമാനം വെടിയാം, കുട്ടികൾ അവർക്കു യോജിക്കുന്ന മേഖലകളിൽ വിദ്യ അഭ്യസിക്കട്ടെ. എല്ലാവരും ഡോക്ടർ ആയാൽ വൃത്തികേടായിരിക്കും! എല്ലാവരും engineer ആകേണ്ട. ഒരു നല്ല mechanic ആണ് തോറ്റ engineer നേക്കാൾ നല്ലത്. കഴിവില്ലാത്ത ഡോക്ടറിനേക്കാൾ എത്രയോ വലുതാണ് മികച്ച ഒരു തയ്യൽക്കാരൻ. കളിയും കലയും സംസ്കാരിക പ്രവർത്തനവും ഒക്കെ അവൻ പഠനത്തോടൊപ്പം ശീലിക്കട്ടെ. അവർ അവരെ കണ്ടെത്തട്ടെ. ആദ്യം നല്ല മനുഷ്യരാകട്ടെ! അതിനു അവരെ സഹായിക്കാം.

കൗൺസിലിംഗും മാർഗനിർദ്ദേശവും ഒക്കെ സമയത്തു നൽകാം. സ്കൂളിലും പള്ളിയിലും ഒക്കെ ഇത് ഉറപ്പു വരുത്താം. കുടുംബമായിത്തന്നെ guidance ഒക്കെ എടുക്കുന്നത് വലിയ ഗുണം ചെയ്യും. നല്ല ഗൈഡൻസും കൗൺസിലിംഗും രാജ്യനിർമ്മാണ പ്രവർത്തനം തന്നെയാണ്!

വിദ്യാഭ്യാസം എന്നത് സാക്ഷരത മാത്രമല്ല. അത് വെറും എഴുത്തും വായനയും ശാസ്ത്രവും കണക്കുമല്ല. അതൊരു വ്യക്തിയുടെ സാംസ്കാരിക രൂപാന്തരമാകണം. നല്ല നൈപുണ്യവും മനോഭാവവും സ്വഭാവവും അച്ചടക്കവും നല്ല വിദ്യാഭ്യാസം ഉറപ്പാക്കും. ഉയർന്ന മൂല്യങ്ങളും ലക്ഷ്യവും നല്ല വിദ്യാഭ്യാസം അവരിൽ ഉറപ്പിക്കും!


കേരളത്തിലെ അച്ചടക്കമില്ലാത്ത ജനതയെ ട്രാഫിക് നിയമം പഠിപ്പിക്കാൻ എ.ഐ. ക്യാമറക്ക് സാധിക്കുംപോലും! ലോകരാജ്യങ്ങളിലൊക്കെ പൗരനെ അച്ചടക്കമുള്ളവരാക്കിയത് റോഡിലല്ല, സ്കൂളിലാണ്. ഭരണാധികാരികളും മുതിർന്നവരും അവിടെ യുവസമൂഹത്തിനു മാതൃകയാണ്. അച്ചടക്കവും ഉത്തരവാദിത്വബോധവും മൂല്യങ്ങളും വിദ്യാഭ്യാസത്തിൽ സംരക്ഷിക്കാതെ യാതൊരു പുരോഗതിയും ഒരു സമൂഹത്തിൽ നേടാൻ കഴിയില്ല. മാനവ വിഭവ ശേഷിയുടെ സംസ്കരണവും രൂപാന്തരവുമാണ് യഥാർത്ഥ പുരോഗതിയുടെ അടിസ്ഥാനം.

കൗമാരത്തിൽ തെറ്റിലും മോശപ്പെട്ട വഴിയിലും ഒക്കെ കുട്ടികൾ വീണുപോകുന്നതിനു പ്രധാനമായി മൂന്നു കാര്യങ്ങൾ ഉണ്ട്. ഒന്ന്, സന്തോഷമില്ലായ്മ. കുട്ടികൾ, happy അല്ലെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തണം- പരിഹരിക്കണം, രണ്ട്, നല്ല ബന്ധങ്ങളുടെ/സൗഹൃദങ്ങളുടെ അഭാവം Always encourage good friendship. മൂന്ന്, ഭവനങ്ങളിൽ കിട്ടാതെ പോകുന്ന respect ഉം അംഗീകാരവും. കുഞ്ഞുങ്ങൾക്കായി നല്ല അദ്ധ്യാപകരെ കണ്ടെത്താം. അവരെ തിരുത്താനും ക്രമീകരിക്കാനും മോട്ടിവേറ്റ് ചെയ്യാനും ഒക്കെ കഴിയുന്നവർ... കുട്ടികളുടെ കണ്ണുകളിൽ അവർക്കുള്ള സിലബസ് കണ്ടെത്താൻ കഴിയുന്നവർ... ഒരു ഭാഗ്യമാണ്!!! അങ്ങനെയുള്ളവരെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ബഹുമാനിക്കാനും സമൂഹത്തിനും കഴിയണം. സിലബസ് മാത്രം പഠിപ്പിച്ചു തീർക്കുന്ന അദ്ധ്യാപകരെ അല്ല കാലം ആവശ്യപ്പെടുന്നത്. കുട്ടികളെ പഠിക്കാനും കൂടി കഴിയുന്ന അദ്ധ്യാപകരെയാണ് ആവശ്യം. അദ്ധ്യാപകരുടെ മാനസിക- വൈകാരിക ആരോഗ്യം, മൂല്യബോധം, മാതൃക ഒക്കെ വളരെ പ്രധാനം! അദ്ധ്യാപകരുടെ വ്യക്തിത്വ മികവും കുട്ടികളുടെ പഠന താല്പര്യവും തമ്മിൽ വലിയ ബന്ധമുണ്ട്. മറ്റൊരു പണിയും കിട്ടാത്തവർക്ക് വിശ്രമിക്കാനുള്ള ഇടമല്ല വിദ്യാഭ്യാസം എന്ന് സാരം! അദ്ധ്യാപകർക്ക് നിരന്തരവും സമഗ്രവുമായ വ്യക്തിത്വ- നേതൃത്വ പരിശീലനം ഉറപ്പുവരുത്തേണ്ടതും ഈ കാലഘട്ടത്തിൽ അനിവാര്യം!

വിദ്യാഭ്യാസത്തിന്റെ ആധുനിക ലോകത്തെ പ്രാധാന്യവും-അതിലൂടെ ലഭിക്കുന്ന സാധ്യതകളും ഒക്കെ അവർ നേരത്തെ മനസ്സിലാക്കി വളരട്ടെ. കുട്ടികൾക്ക് പ്രത്യേകിച്ച് 9-ാം ക്ലാസ്സു മുതൽ ഉള്ളവർക്ക് career മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം... അതിലേക്കുള്ള വഴിയെന്തു... എവിടെ പഠിക്കണം... develop ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം... തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്. കൂടാതെ ശരിയായ career അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും. ഡിഗ്രികൾ മാത്രം പോരാ, ഉയർന്ന മനോഭാവവും നൈപുണ്യവും തിരിച്ചറിവും കൂടി ഒന്നിച്ചു ചേരുമ്പോഴാണ് സാദ്ധ്യതകൾ പിറക്കുന്നത്.

സ്നേഹം! ആശംസകൾ!!!

(സുനിൽ ഡി കരുവിള പ്രമുഖ കരിയർ, പേരന്റിംഗ് കൗൺസിലറും അദ്ധ്യാപക പരിശീലകനുമാണ്. മാനവവിഭശേഷി രംഗത്ത് പ്രവർത്തിക്കുന്ന ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻകൂടിയാണ് അദ്ദേഹം.
E mail:sunil_kuruvilla@rediffmail.com.
Cell: 9656144712/ 9847400712
കൂടുതൽ perenting guidance
'Sunil Kuruvilla' എന്ന യുട്യൂബിലും കാണാം)



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ചിഞ്ചുമോൾ, വാകത്താനം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, യു.എസ്.എ.**

# പാപരോഗത്തെ തിരിച്ചറിയുക പരമ വൈദ്യനെ സമീപിക്കുക

ജെബി ഏബ്രഹാം, പള്ളിക്കപറമ്പിൽ, കുറിച്ചി

**പാ**പം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല എന്നാണു തിരുവചനവാഗ്ദാനം. എന്നാൽ ഇടയ്ക്കിടെ പാപങ്ങളിൽ വീഴുകയോ-വിടാതെ പിൻപറ്റുന്ന ഏതെങ്കിലും പാപത്തിൽ തുടരുകയോ ചെയ്യുന്നതാണ് പല ക്രിസ്ത്യാനികളുടേയും അനുഭവം. ഇക്കൂട്ടത്തിൽ രണ്ടുതരത്തിലുള്ളവരുണ്ട്. പരാജയങ്ങളെ ഗൗരവമായിട്ടെടുക്കാതിരിക്കുന്നവരാണ് ആദ്യത്തെ കൂട്ടർ. ഓ, എല്ലാവരും ഇങ്ങനെയൊക്കെയല്ലേ? എന്ന മുടന്തൻ ന്യായങ്ങളിൽ മുഖം പുഴ്ത്തുന്നവരാണവർ. തങ്ങളെ സംബന്ധിച്ച സത്യത്തെ സ്നേഹിക്കാത്തതുമൂലം സ്വയം വഞ്ചിതരായിത്തീരുവാൻ വിധിക്കപ്പെട്ട ഇവരെ അവരുടെ അനിവാര്യമായ ദുരന്തത്തിനു വിട്ടുകൊടുത്തിട്ടു മറ്റേ കൂട്ടരെ നമുക്ക് ശ്രദ്ധിക്കാം. തങ്ങളുടെ വീഴ്ചയെയും പരാജയങ്ങളെയും ചൊല്ലി നിരന്തരം ദുഃഖിക്കുന്നവരാണവർ. പാപം ഒഴിവാക്കി ജീവിക്കാനാണിവർക്ക് താല്പര്യം. വിജയകരമായ ഒരു ക്രിസ്തീയ ജീവിതമാണ് എന്നും ഇവരുടെ സ്വപ്നം. നിങ്ങൾ ഇങ്ങനെയൊരുവനാണോ? എങ്കിൽ നിങ്ങളുടെ പ്രശ്നമെന്താണെന്ന് ദൈവവചന വെളിച്ചത്തിൽ പ്രായോഗികതലത്തിൽ കണ്ടെത്തുവാൻ നമുക്കു ശ്രമിക്കാം.

"മനുഷ്യൻ പ്രവർത്തിക്കുന്നതിന്റെ നാലിരട്ടി സംസാരിക്കുന്നു. സംസാരിക്കുന്നതിന്റെ നാലിരട്ടി ചിന്തിക്കുന്നു." എന്നു പറയാറുണ്ട്. അപ്പോൾ ചിന്താമണ്ഡലമാണ് ഒരുവന്റെ ജീവിതത്തിന്റെ സുപ്രധാനതലം. അവൻ "ജീവിക്കുന്നത്" വലിയൊരളവിൽ അവന്റെ ചിന്തകളിലാണ്. ഈ വസ്തുത അറിയാവുന്നതുകൊണ്ട് അവന്റെ ആത്മാവിന്റെ എതിരാളിയായ സാത്താൻ ചിന്തകളിലാണ് അവനെതിരെയുള്ള പരീക്ഷകൾ ഏറെയും കൊണ്ടുവരുന്നത്.

സാത്താന്റെ പരീക്ഷകൾ, ലോകം, ജഡം, പിശാച് എന്നു ത്രിവിധമാണ്. കണ്മോഹം, ജഡമോഹം, ജീവിതത്തിന്റെ പ്രതാപം എന്നിങ്ങനെ മൂന്നായിതിരിച്ച് യോഹന്നാൻ അപ്പോസ്തോലൻ പറഞ്ഞിരിക്കുന്നതും ഇതുതന്നെ. നിങ്ങളെ പാപത്തിൽ വീഴുവാൻ ഇവയിൽ നിന്നും വ്യത്യസ്തമായ ഒരു തന്ത്രവും കൊണ്ടുവരുവാൻ സാത്താനു കഴിയുകയില്ല. അതുകൊണ്ടുതന്നെ "സാത്താന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ല."

ഇതിൽ "ലോകം" എന്ന് വിവക്ഷിക്കുന്നത് ഈ ലോകം വച്ചുനീട്ടുന്ന പ്രലോഭനങ്ങളാണ്. ധനം, ബഹുമാനം, അംഗീകാരം, നേട്ടം എന്നിങ്ങനെ യേശുവിനെതിരെപോലും ഈ തന്ത്രം പയറ്റിയവനാണ് സാത്താൻ. ഇന്നും അനേകം വിശ്വാസികളെ ലോകം എന്ന മായച്ചന്തയിൽ നിരത്തി വച്ചിരിക്കുന്ന ഒട്ടേറെ പ്രലോഭനങ്ങൾ കൊണ്ടു വീഴ്ത്താൻ "ലോകത്തിന്റെ പ്രഭു' ശ്രമിക്കുന്നു. നിങ്ങളുടെ ചിന്തകളിൽ പലപ്പോഴും ക്ഷണിക്കപ്പെടാത്ത ഒരതിഥിയെപ്പോലെ കടന്നുവരുന്നത് ഈ ലോകത്തിന്റെ ചിന്തകളാണോ? എങ്കിൽ അപ്പോഴെല്ലാം ലോകത്തിന്റെ എല്ലാ മഹത്വങ്ങളും ഉപേക്ഷിച്ച് നടന്നുപോയ നാഥന്റെ മുഖത്തേക്കു നോക്കു. ക്രൂശിന്റെ വഴിയെ ധ്യാനിക്കു. അപ്പോൾ ഈ ലോകവും അതിന്റെ മോഹവും നിങ്ങളുടെ കൺമുൻപിൽതന്നെ ഒഴിഞ്ഞുപോകും. ലോകത്തിന്റെ പ്രലോഭനങ്ങളെ നിങ്ങൾക്ക് അതിജീവിക്കാനും കഴിയും.

സാത്താന്റെ രണ്ടാമത്തെ തന്ത്രമാണ് "ജഡം." ജഡത്തിന്റെ സുഖാന്വേഷണങ്ങളെയും തൃഷ്ണകളെയുമാണ് ഈ പദം പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യരിൽ വലിയൊരു പങ്കിനെ സാത്താൻ വീഴ്ത്തുന്നത് ഈ തന്ത്രത്തിലാണ്. കല, സാഹിത്യം, വിനോദോപാധികൾ എന്നിവയെ ദുരുപയോഗം ചെയ്ത് അനേകരെ അവൻ ഈ പാപത്തിലേക്ക് ആകർഷിക്കുന്നു. ജഡത്തിന്റെ ചിന്തകൾ നിങ്ങളെ സംബന്ധിച്ചിടത്തോളം ശക്തമാണോ? എങ്കിൽ യുദ്ധരംഗത്തു സാധാരണ കേൾക്കാറുള്ള വിജയകരമായ പിന്മാറ്റമാണ് ഇവിടെ കരണീയം. ജഡത്തിന്റെ ചിന്തകളെ ഊതിക്കത്തിക്കുന്ന എല്ലാ സാഹചര്യങ്ങളിൽനിന്നും പൊത്തിഫോറിന്റെ ഭവനത്തിലെ യോസേഫിനെപ്പോലെ ഓടിമാറുക. "യൗവ്വനമോഹങ്ങളെ വിട്ടോടുവാൻ" പൗലോസ് തിമൊറെയോസിനെ ഉപദേശിച്ചപ്പോൾ അപ്പോസ്തലൻ അർത്ഥമാക്കിയത് ഈ വിജയകരമായ പിന്മാറ്റം തന്നെ.

"ദൈവം വാസ്തവമായി അങ്ങനെ കല്പിച്ചിട്ടുണ്ടോ" എന്ന ചോദ്യവുമായി വന്ന് ദൈവകല്പനകളിലും വചനത്തിലും സംശയം ജനിപ്പിക്കുന്ന സാത്താന്റെ മൂന്നാമത്തെ തന്ത്രത്തെയാണ് "പിശാച്" എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. ഈ ലോകജ്ഞാനത്തിന്റെയും യുക്തിയുടെയും ഭാഷ ഉപയോഗിച്ചുകൊണ്ട് നിങ്ങളുടെ ചിന്താമണ്ഡലത്തിൽ ദൈവത്തെയും ദൈവകല്പനയെയും കുറിച്ച് സംശയത്തിന്റെ വിത്തുവിതയ്ക്കാൻ പിശാച് ശ്രമിക്കുമ്പോൾ എന്താണു ചെയ്യേണ്ടത്? നേരത്തെ പിന്മാറ്റമായിരുന്നു വേണ്ടതെങ്കിൽ ഇവിടെ ആക്രമണമാണ് ആവശ്യം. വിശ്വാസമെന്ന പരിചയും ദൈവവചനമാകുന്ന വാളുമേന്തി പിശാചിനോട് എതിർത്തുനിൽക്കുക. അപ്പോൾ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.

നിങ്ങളെ പാപരോഗത്തിൽ വീഴ്ത്തുവാൻ സാത്താൻ ഉപയോഗിക്കുന്ന തന്ത്രങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ചാണ് ദൈവവചന വെളിച്ചത്തിൽ ഇവിടെ ഇഴ വിടർത്തി ചിന്തിച്ചത്. രോഗം, പ്രതിവിധി എന്നിവയെക്കുറിച്ചുള്ള കേവലമായ അറിവ് നിങ്ങളെ സൗഖ്യത്തിലേക്ക് നയിക്കുകയില്ല. മറിച്ച് നിങ്ങളുടെ ചിന്തകളെ പരിശോധിച്ച് നിനവുകളെ അറിയിക്കണമേയെന്നു പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക. അപ്പോൾ ഏതു മേഖലയിലാണ് നിങ്ങൾ കുടെക്കൂടെ വീണുപോകുന്നതെന്നു കണ്ടെത്തുവാൻ കഴിയും. ആ ചിന്തകൾ മേലിൽ വരുമ്പോൾ അവയെ തിരിച്ചറിയുവാനും ജാഗ്രത പാലിക്കുവാനും സാധിക്കും. ചിന്തകളെ സ്കാൻ ചെയ്തു പരിശുദ്ധാത്മാവ് നടത്തുന്ന രോഗനിർണ്ണയവുമായി സാക്ഷാൽ പരമവൈദ്യനായ യേശുവിനെ സമീപിക്കുക. "നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കുവാൻ കഴിയും." എന്നു പറയുക. എനിക്കു മനസ്സുണ്ട് എന്ന് അവിടുന്ന് അരുളിച്ചെയ്യും കൈനീട്ടി നിന്നെ തൊടും. ഓർക്കുക. രോഗമില്ലാത്ത പാപത്തിൽ വീണുപോകാത്ത വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നിങ്ങളുടെ ജന്മാവകാശമാണ്.

***ഇടയ്ക്കിടെ പാപങ്ങളിൽ വീഴുകയോ വിടാതെ പിൻപറ്റുന്ന ഏതെങ്കിലും പാപത്തിൽ തുടരുകയോ ചെയ്യുന്നതാണ് പല ക്രിസ്താനികളുടേയും അനുഭവം.***

# വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ ആദരിക്കുന്നത് വേദവിപരീതമോ?

**ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ**

പരി. സുറിയാനിസഭ വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ ഭക്തിപുരസ്സരം ബഹുമാനിക്കുന്നു അഥവാ ആദരിക്കുന്നു. എന്തെന്നാൽ വിശുദ്ധന്മാർ കർത്താവേശുമിശിഹായുമായി ജീവിതത്തിൽ ശക്തമായ ബന്ധം പുലർത്തിയിരുന്നതിനാൽ കർത്താവിന്റെ സ്പർശനം അവരിലും അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളിലും വ്യാപരിച്ചിരുന്നുവെന്നുള്ളതിന് അനേകം ദൃഷ്ടാന്തങ്ങൾ ബൈബിളിൽ കാണാവുന്നതാണ്. വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾക്ക് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുമെന്ന് പരി.സഭ വിശ്വസിക്കുന്നു. അവ ആദരിക്കപ്പെടുന്നതിലൂടെ വിശുദ്ധന്മാരുടെ വിശ്വാസധീരതയും ത്യാഗപൂർണ്ണമായ ജീവിതവും അനുസ്മരിക്കപ്പെടുകയും അപ്രകാരം ജീവിക്കാൻ നമുക്ക് പ്രേരണ നൽകുകയും ചെയ്യുന്നു. എ. ഡി. 1567 ൽ രക്തസാക്ഷിയായ വി. പോളീക്കാർപ്പസിന്റെ തിരുശേഷിപ്പുകൾ ആദരിക്കാൻ ആരംഭിച്ചതോടെ പൗരസ്ത്യസഭയിലും ആ രീതി നിലവിൽ വന്നു.

ഇസ്രായേലിനും ദൈവത്തിനുമിടയിൽ പ്രവർത്തിക്കുകയും 38 വർഷം ഇസ്രായേലിനെ നയിക്കുകയും ചെയ്ത മോശയുടെ വടി ദൈവിക നിഷ്കർഷപ്രകാരം ചെയ്തപ്പോൾ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചതായി കാണാം (പുറ.7:20,7:12,14:16, 14:26). മോശയുടെ വടി ഇസ്രയേൽ ജനത്തിന് അനുഗ്രഹത്തിനും മിസ്രയീമ്യർക്ക് നാശത്തിനുമായി ഭവിച്ചു. കോൺസ്റ്റാൻഡിൻ ചക്രവർത്തിയുടെ മാതാവായിരുന്ന ഹെലൻ എ. ഡി. 313 ൽ ഊർശിലേമിൽ നിന്ന് വളരെ ക്ലേശങ്ങൾ സഹിച്ച് കർത്താവിന്റെ കുരിശ് കണ്ടെടുക്കുകയും അതിൽ സ്പർശിച്ച മൃതൻ ഉയർത്തെഴുന്നേൽക്കുകയും ചക്രവർത്തി കുരിശിനെ വന്ദിച്ചതായും ചരിത്രം സാക്ഷിക്കുന്നു. അതിന്റെ സ്മരണയ്ക്കായി സെപ്തംബർ 14 സ്ലീബാപ്പെരുന്നാളായി സഭ ഘോഷിച്ചുവരുന്നു. സുറിയാനി സഭയിലെ സ്ലീബാ സമസ്ക്കാരം


"പ്രേതത്തിന്മേൽ ഓരോന്നും വെച്ചന്നേവം
ഓ - സ്ലീബായെ കാണിക്കണമേ നിൻ മാഹാത്മ്യം
ഹാ-മൃതനായോൻ സ്ലീബായെ സ്പർശിച്ചെഴുന്നേറ്റു
കാണികളെല്ലാം ദേവാത്മജനെ പാരം വാഴ്ത്തി"

പ്രവാചകനായിരുന്ന ഏലിയാവും ശിഷ്യനായിരുന്ന ഏലിശായും തങ്ങളുടെ പുതപ്പുകൊണ്ട് യോർദ്ദാൻ നദിയിലെ വെള്ളത്തെ അടിക്കുകയും അവർ ഉണങ്ങിയ നിലത്തെന്ന പോലെ മറുകര കടക്കുകയും ചെയ്തു (2രാജ.2:8-14) മക്കാബിയരെ ഭയന്ന് ഏലീശായുടെ കല്ലറയിൽ ഒളിപ്പിച്ച മൃതശരീരം അദ്ദേഹത്തിന്റെ അസ്ഥികളെ സ്പർശിച്ച മാത്രയിൽ ജീവനുള്ളതായിത്തീർന്നു (2രാജ.13:21). മലാഖിക്ക്ശേഷം സഖറിയാ പുരോഹിതന്റെ കാലം വരെ (ലൂക്കോ. 1:8-23) 440 വർഷം ദൈവിക ഇടപെടൽ ഇല്ലാതിരുന്ന കാലത്ത് ഉണ്ടായ വിഭാഗങ്ങളാണ് മക്കാബിയർ, പരീശർ, സെദുക്യർ. അതിനാൽ അവരെപ്പറ്റി പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ദൈവാലയത്തിന്റെ ഭരണം സെദൂക്യർക്കായിരുന്നു. ദൈവത്തിന്റെ പെട്ടകം ഹിത്യനായ ഓബേദ് ഏദോമിന്റെ ഭവനത്തിൽ മൂന്നുമാസം സൂക്ഷിച്ചതിനാൽ ദൈവം ആ ഭവനത്തെ അനുഗ്രഹിച്ചു (2 ശമു.6:11). നീതിമാനായിരുന്ന ജോസഫിന്റെ അസ്ഥികളെ മോശ ബഹുമാനിച്ചതായും അതിനെ ആദരപൂർവ്വം കനാൻദേശത്തു കൊണ്ടുവന്ന് ശേഖേമിൽ സംസ്ക്കരിച്ചതായും കാണാം. (ഉല്പ.50:25, പുറ.13:19, യോശുവ 24:32)

"ഉത്തമ യൗസേഫിൻ അസ്ഥികളെ മോശ
ബഹുമാനിച്ചതുപോൽ മിശിഹായുടെ വത്സരരാകും
വിശുദ്ധരെ നാം കൊണ്ടാടേണം"(പ്രഭാതപ്രാർത്ഥന)

തിരുശേഷിപ്പുകളെ ആദരിക്കുകയും അവയെ യഥാസ്ഥാനത്ത് സൂക്ഷിക്കുകയും ചെയ്യുന്ന സമ്പ്രദായം യഹൂദപാരമ്പര്യത്തിൽ നിന്നുള്ളതാണ് (2 ശമു. 21:12-14). ഇസ്രായേലിൽ ശക്തമായ നവീകരണം നടത്തിയ യോസിയാ രാജാവ് തന്റെ പ്രവർത്തനത്തെപ്പറ്റി മുൻകൂട്ടി പ്രസ്താവിച്ച ദൈവപുരുഷന്റെ അസ്ഥികളെ നശിപ്പിക്കാതെ സൂക്ഷിച്ചു (2 രാജ.23:17-18). ഓബേദ് ഏദോമിന്റെ ഭവനത്തിൽ നിന്നും ദൈവത്തിന്റെ പെട്ടകം ദാവീദ് കൊണ്ടുവരുമ്പോൾ എളിയ വേഷത്തിൽ പെട്ടകത്തിന്റെ മുമ്പിൽ നൃത്തം ചെയ്ത ദാവീദിനെ തന്റെ ഭാര്യയും ശൗലിന്റെ മകളുമായ മീഖൾ നിന്ദിച്ചതായും ദൈവകോപത്താൽ അവൾക്ക് ആ ജീവനാന്തം സന്താനഭാഗ്യം ലഭിക്കാതെ പോകയും ചെയ്തു. (2 ശമു 6:12-23). വിശ്വാസത്താൽ കർത്താവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട രക്തസ്രാവക്കാരി സ്ത്രീക്ക് സൗഖ്യം ലഭിച്ചു (ലൂക്കോ.8:43-44). മറ്റനേകർക്കും വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ട് സൗഖ്യം ലഭിച്ചു (മത്താ.14:34-36). പത്രോസ് ശ്ലീഹാ കടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ നിഴലെങ്കിലും വീഴേണ്ടതിന് രോഗികളെ വഴിയരികിൽ കിടത്തിയിരുന്നതായും അവർക്ക് സൗഖ്യം ലഭിച്ചതായും കാണാം (അപ്പോ.19:11-12). എ. ഡി. 349 ൽ ക്നായിത്തൊമ്മൻ വളരെ ക്ലേശങ്ങൾ സഹിച്ച് മൈലാപ്പൂരിൽ നിന്ന് മാർതോമാശ്ലീഹായുടെ തിരുശേഷിപ്പ് വീണ്ടെടുക്കുകയും അവ അത്യാദരപൂർവ്വം എഡേസ്സായിൽ കൊണ്ടുപോയി സൂക്ഷിച്ചു. പിന്നീട് അജ്ഞാതമായിരുന്ന ഈ അമൂല്യനിധി അന്ത്യോഖ്യായുടെ പരി. ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ ബാവാ ഇറാക്കിലെ മൂസയിലെ ആർച്ച്ബിഷപ്പായിരുന്ന കാലത്ത് 1964 സെപ്തംബർ 1-ാം തീയതി കണ്ടെടുത്തു. അതിന്റെ ഒരംശം സഭായോജിപ്പിന്റെ കാലത്ത് 1964 ൽ പരി.ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച ഔഗേൻ പ്രഥമൻ കാതോലിക്കായ്ക്ക് മലങ്കരയിൽ സ്ഥാപിക്കാനായി നൽകി. 1994 മലങ്കര സന്ദർശനം നടത്തിയ പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ സുറിയാനി സഭയുടെ അമൂല്യ സമ്പത്തായ തിരുശേഷിപ്പിന്റെ ഒരംശം മലങ്കരയുടെ ഊർശിലേം എന്നറിയപ്പെടുന്ന മുളന്തുരുത്തി മാർത്തോമൻ യാക്കോബായ കത്തീഡ്രയിൽ സ്ഥാപിച്ചു.

# ഏവൻഗേലിയോൻ ദീപം



റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ, മുളമൂട്ടിൽ

### പെന്തിക്കോസ്തിക്കുശേഷം 1–ാം ഞായർ (യോഹ. 6: 26–35) (15–06–2025)

പെന്തിക്കോസ്തുനാളിൽ പത്രോസ് പതിനൊന്നുപേരോടുകൂടി എഴുന്നേറ്റ് നിന്ന് പ്രസംഗിച്ചതുകേട്ട 3000 പേർ സ്നാനപ്പെട്ട് ഒരു പുതിയ സഭ (മണവാട്ടിസഭയ്ക്ക്) ജന്മം നൽകി. അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. എല്ലാവർക്കും ഭയമായി. ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. അപ്പോ. 2:42–43 പരിശുദ്ധാത്മാവ് മനുഷ്യനിൽ ചെയ്യുന്ന ആദ്യത്തെ പ്രവൃത്തി പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുകയാണ്. യോഹ. 16:8 യേശുക്രിസ്തുവിൽ വിശ്വസിക്കായ്കയെന്ന പാപത്തെപ്പറ്റിയും, ക്രിസ്തു ദൈവസന്നിധിയിൽ ജീവിക്കുന്നതിനാൽ നമുക്ക് സൗജന്യമായി ലഭിക്കുന്ന നീതിയെക്കുറിച്ചും, സാത്താൻ ന്യായം വിധിക്കപ്പെട്ടു കഴിഞ്ഞതിനാൽ അവന്റെ അനുഗാമികൾക്ക് വരുവാൻ പോകുന്ന ന്യായവിധിയെപ്പറ്റിയുമാണ് ബോധ്യപ്പെടുത്തുന്നത്. അങ്ങനെ ബോധ്യപ്പെട്ടവർ സഭയോടു ചേർന്നു. ഇങ്ങനെ രൂപം കൊണ്ട പുതിയ നിയമസഭയ്ക്ക് ലോകത്തോടുള്ള മനോഭാവം എങ്ങനെ ആയിരിക്കണമെന്ന് കർത്താവ് അരുളിച്ചെയ്യുന്ന വേദഭാഗമാണ് ഇന്നത്തെ ഏവൻഗേലിയോൻ.

1. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നെ പ്രവർത്തിപ്പിൻ. ഈ ലോകം തരുന്ന ആഹാരം നശിച്ചുപോകുന്നതാണ്. രാപ്പകലെന്യേ ദൈവിക ചിന്തപോലുമില്ലാതെ ധനമേ പണമേയെന്നും വിചാരിച്ചു ചഞ്ചലിച്ചു ക്ലേശിക്കുന്ന ആളുകളോട് കർത്താവ് പറയുന്നത് എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങൾ ചിന്തിച്ചു ചഞ്ചലപ്പെടരുത്. ഈവകയൊക്കെയും ജാതികളന്വേഷിക്കുന്നു. നിങ്ങളുടെ പിതാവോ ഇവ നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നു. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരം ദൈവികമായ ആഹാരമാകുന്നു. അത് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നു ലോകത്തിനു ജീവൻ കൊടുക്കുന്നു. ഇത് ജീവന്റെ അപ്പമാകുന്നു. അത് ക്രിസ്തുവാകുന്നു. ക്രിസ്തു പറയുന്നു ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവന് വിശക്കുകയുമില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയുമില്ല.

2. ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ച ക്രിസ്തുവിനെ വിശ്വസിക്കയത്രെ.

നമ്മുടെ പ്രവർത്തനം ഏതു പ്രകാരമിരിക്കുന്നുവെന്നു ചിന്തിച്ചു നോക്കുക. നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയോ, നിത്യജീവനിലേയ്ക്ക് നില നിൽക്കുന്ന ആഹാരത്തിനുവേണ്ടിയോ? നമ്മേക്കാൾ നിസ്സാര ജീവിയായ കാക്കയെ ദൈവം പോഷിപ്പിക്കുകയും താമരയെ ഭംഗിയേറിയ വസ്ത്രം ധരിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ സൃഷ്ടിയുടെ മകുട മാണിക്യമായ നമ്മുടെ അന്നവസ്ത്രാദികളെപ്പറ്റി ദൈവം കരുതിക്കൊള്ളുന്നു എന്ന് നമുക്ക് ബോദ്ധ്യമുണ്ടോ എന്നു ചിന്തിക്കുക.

### പെന്തിക്കോസ്തിക്കുശേഷം 2–ാം ഞായർ (മത്തായി 10: 34 മുതൽ) (22–06–2025)

കർത്താവ് തന്റെ 12 ശിഷ്യന്മാരെ ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേയ്ക്ക് സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നുള്ള സമാധാന സദ്വാർത്തയുമായി അയച്ചപ്പോൾ അവരോട് അരുളിച്ചെയ്ത ഉപദേശങ്ങളിൽ ഒരു ഭാഗമാണ് ഇന്നത്തെ ചിന്താവിഷയം. യഥാർത്ഥ ശിഷ്യരെപ്പറ്റി കർത്താവ് പഠിപ്പിക്കുന്ന ഭാഗമാണ് ഇത്. അങ്ങനെതന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ലെങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. ഇത് യേശുവിനെ അനുഗമിക്കുന്ന ഒരുവന്റെ ഹൃദയത്തിന്റെ ലക്ഷ്യം മനോഭാവം എന്നിവയെപ്പറ്റി വിലപ്പെട്ട കാഴ്ചപ്പാടുകൾ തരുന്നുണ്ട്. ഈ വ്യവസ്ഥകൾ ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളായി കണക്കാക്കിയാൽ യേശുവിന്റെ ശിഷ്യനായിരിക്കത്തക്കവണ്ണം തന്റെ കല്പനയ്ക്കനുസരണമായി അപ്പനേയും അമ്മയേയും ഭാര്യയേയും മക്കളേയും സഹോദരന്മാരേയും സഹോദരികളേയും സ്വന്തം ജീവനേയും കൂടി പകയ്ക്കുകയെന്നത് സ്വപ്രയത്നത്താൽ സാധിക്കുന്ന ഒരു നേട്ടമാണ് എന്നു സമ്മതിക്കേണ്ടിവരും. മനഷ്യർക്ക് സ്വന്തശക്തിയാൽ ഈ കല്പനകളെ അനുസരിക്കുക എന്നത് അസാധ്യമാണ്. സ്വയത്തിന് സ്വയത്തെ പുറത്താക്കാൻ കഴിയുകയില്ലെന്നുള്ളത് വ്യക്തമാണ്. യേശു പറയുന്നത്, ഇത് എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴിയുകയില്ല. ക്രിസ്തുവിൽ വസിക്കുകയും, ക്രിസ്തു തങ്ങളിൽ വസിക്കുകയും ചെയ്യുന്നവർക്ക് തന്റെ കല്പനകളെ അനുസരിക്കുക സാധ്യമാണ്. യേശുക്രിസ്തു ഒരു വ്യക്തിയെ തങ്കലേയ്ക്കു വിളിക്കുകയും അവൻ അത് സ്വീകരിച്ചു അടുത്തുവരുമ്പോൾ പുതിയ സൃഷ്ടിയാകുന്നു. അപ്പോൾ ദൈവാത്മാവ് അവനിൽ വാസം ആരംഭിക്കുന്നു. ദൈവാത്മാവാൽ ദൈവസ്നേഹം അവനിലേക്ക് പകരപ്പെടുന്നു. ദൈവസ്നേഹത്തിന്റെ നിറവിൽ അവന് മറ്റെല്ലാറ്റിനേക്കാളും ഉപരിയായി തന്റെ സ്വന്തജീവനെക്കാൾ ഉപരിയായി ക്രിസ്തുവിനെ സ്നേഹിക്കുവാൻ കഴിയുന്നു.

ദൈവം അബ്രഹാമിനോട് പറയുന്നത് ശ്രദ്ധിക്കുക "നീ നിന്റെ പിതൃഭവനത്തെയും "ദേശത്തേയും ചാർച്ചക്കാരേയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോകുക" വാസ്തവത്തിൽ ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത് ഈ ലോകമോഹങ്ങളെ വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ആയിരിക്കേണ്ടത് ഏറ്റവും അത്യാവശ്യമാണ്. പൂർണ്ണതയുള്ള ഒരു ആഹ്വാനത്തിന്റെ മുൻപിൽ നാം പരിഭ്രാന്തരാകരുത്.

കർത്താവിന്റെ വാക്കുകൾ അതേപടി സ്വീകരിക്കാൻ കഴിയുന്നതല്ലെന്നു നമ്മുടെ നിരീശ്വരഹൃദയം പറയുന്നുണ്ട്. കർത്താവിന്റെ കല്പനയോടുള്ള അനുസരണംപോലെ ഇത്രയധികം ന്യായയുക്തമായിട്ടുള്ളതും ബുദ്ധിപൂർവ്വമായിട്ടുള്ളതും സന്തോഷദായകമായിട്ടുള്ളതും യാതൊന്നുമില്ല. സകലതിനേയും വിടുമ്പോൾ വിട്ടതിലുപരിയായി മടക്കിത്തരാം

എന്നീ വാഗ്ദാനം തിരുവചനത്തിലുണ്ട്. ക്രിസ്തുവിനു വേണ്ടി ത്യാഗം സഹിച്ച ആരും തന്നെ മുട്ടുള്ളവരായി ത്തീർന്നിട്ട് കഷ്ടപ്പെടുവാനിടയായിട്ടില്ല. ഒരുവൻ ദൈവത്തെ അനുസരിക്കുമ്പോൾ കർത്താവ് അവനെ കരുതുവാൻ തുട ങ്ങുന്നു. യേശുവിന്റെ ശിഷ്യന്മാർ യേശുവിൽ ദൈവത്തിന്റെ സ്നേഹത്തിന്റെയും കൃപയുടെയും മൂർത്തിഭാവം കണ്ടു. ജഡമായിത്തീർന്ന ജീവന്റെ വചനം അവർ കൃപയും സത്യവും നിറഞ്ഞവനായ യേശുവിന്റെ മഹത്വം കണ്ടു. അവർ സാക്ഷിച്ചു. ദൈവത്തിനും ദൈവവേലയ്ക്കും പ്രഥമ സ്ഥാനം കൊടുക്കുക. മുന്നമേ ദൈവരാജ്യവും അതിന്റെ നീതിയും അന്വേഷിപ്പിൻ അതോടുകൂടി എല്ലാം നിങ്ങൾക്ക് ലഭിക്കും.

**പെന്തിക്കോസ്തിക്കുശേഷം 3-ാം ഞായർ**
**(യോഹ. 6: 35-44 ) (29-06-2025)**

അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് തൃപ്തരായി കഴി യുന്ന ജനത്തോട് യേശു പറയുന്ന വാക്യങ്ങളാണ് ഇന്നത്തെ വായനാഭാഗം. ഈ ലോകത്തിലെ ഭക്ഷണം കൊണ്ടുമാത്രം തൃപ്തിയടയരുത് എന്ന് യേശു പറയുന്നു. നിത്യജീവനി ലേയ്ക്ക് അവരെ പോഷിപ്പിക്കുന്ന ഭക്ഷണം നൽകുവാൻ ശക്തിയുള്ളവനെ കാണണം. അവൻ ജീവന്റെ അപ്പം നൽകു ന്നവനാണ്. ഈ അപ്പം ലഭിക്കുന്നതിനുവേണ്ടി വിശ്വാസ ത്തോടുകൂടി പാപങ്ങളെ ഏറ്റുപറഞ്ഞ് സമീപിക്കണം. അപ്പോൾ ശുദ്ധീകരണം പ്രാപിക്കും എന്നേയ്ക്കും ജീവിക്കു വാനുള്ള ജീവന്റെ അപ്പം നമുക്ക് തരും.

ആത്മാവിലും ജഡത്തിലും സകല മനുഷ്യരും ഞരങ്ങു ന്നു. പാപവലയത്തിൽ നിന്നുള്ള മോചനം എങ്ങനെ ലഭിക്കും എന്ന് ജ്ഞാനികൾ തിരക്കുകയാണ്. ഈ ചുരുങ്ങിയ ആയു സ്സിൽ സത്യം കണ്ടെത്തുന്നതിനോ അറിയുന്നതിനോ ആവി ല്ലെന്ന് ഏകാന്ത തപസ്സ് അനുഷ്ഠിച്ച് വർഷങ്ങൾ പലതും കഴിച്ച മുനിമാർ തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെ നിരർത്ഥക അന്വേഷകരായി പലരും മടുക്കുന്നു. എന്നാൽ ദൈവം മനു ഷ്യരക്ഷയ്ക്കായി സ്വന്ത രക്തത്താലും മാംസത്താലും പൂർണ്ണവഴി ഒരുക്കീട്ടുണ്ട്. അതാണ് വെളിച്ചവും സത്യവു മായ ക്രിസ്തു. വിശ്വസിക്കുന്ന ഏവനും തന്റെ രക്തത്താൽ കൃപയാൽ മോചനം ലഭിക്കുന്നു. "എന്നെ ഓർക്കണമേ എന്ന്" അന്ന് ക്രൂശിൽ തന്റെ അടുത്ത് തന്നോടൊപ്പം ക്രൂശി ക്കപ്പെട്ട ആ കള്ളൻ ക്രിസ്തുവിനോട് അപേക്ഷിച്ചു. "നീ ഇന്നു എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" എന്ന് ക്രിസ്തു മറുപടി പറഞ്ഞു. നൊടിയിടയിൽ മാനസാന്തര പ്പെടുന്നവന് ഇതുപോലെ ക്രിസ്തുവിൽ രക്ഷ ലഭിക്കുന്നു. ആത്മാവാകുന്ന ദൈവം ജഡത്തിൽ വന്ന് ക്രൂശിൽ നിവൃ ത്തിയാക്കിയ സത്യവും വഴിയും ജീവനുമായ ക്രിസ്തു എന്ന നാമമല്ലാതെ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ രക്ഷ യ്ക്കായി മറ്റൊന്നില്ല. എന്നാൽ ഈ അറിവുകൊണ്ട് ഒരു മനുഷ്യൻ ഒന്നും നേടുന്നില്ല. അറിവ് ചീർപ്പിക്കുന്നു. അക്ഷരം കൊല്ലുന്നു. ക്രിസ്തുവിലുള്ള നിത്യരക്ഷ നമ്മിൽ എങ്ങനെ പ്രായോഗികമാക്കാം? ഉത്തരം. കാരാഗൃഹപ്രമാണി രക്ഷി ക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണമെന്ന് ചോദിച്ചു. ''കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" എന്നു പൗലോസ് മറു പടി പറഞ്ഞു. സ്നേഹിതരേ, ഇതു നിസ്സാരമായി തോന്നരു തേ. ക്രിസ്തു കർത്താവാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും അങ്ങനെ തന്നെ. അവൻ നമ്മുടെ പാപങ്ങളും മായിക്കുന്നു. അവനെ കൈക്കൊള്ളുക അനുസരിക്കുക, കാത്തിരിക്കുക. ആത്മാവും ശരീരവും ഉള്ള വ്യക്തിത്വം ക്രിസ്തുവിലെ വെളി പ്പെട്ടിട്ടുള്ളൂ. അതാണ് സുവിശേഷം. പ്രിയ കർത്താവേ നീ എന്റേതാകണമെ ഞാൻ നിന്റേയും ആകാം എന്ന് നമുക്ക് പ്രാർത്ഥിച്ചു സമർപ്പിക്കാം. ദൈവം നമ്മെ അത്ഭുതകരമായി ഓരോ ദിവസവും വഴി നടത്തും.

**പെന്തിക്കോസ്തിക്കുശേഷം 4-ാം ഞായർ**
**(മത്തായി 14: 14-23) (06-07-2025)**

പുരുഷാരത്തെകണ്ട് മനസ്സലിഞ്ഞ കർത്താവ് ഒരു ബാലന്റെ പക്കൽ നിന്നും അഞ്ച് അപ്പവും രണ്ട് മീനും വാങ്ങി വർദ്ധിപ്പിച്ച് 5000 പേർക്കു കൊടുക്കുകയും 12 കുട്ട മിച്ചം എടുക്കുകയും ചെയ്ത അത്ഭുതമാണ് ഇന്നത്തെ വിഷ യം.

നമ്മുടെ കർത്താവ് അത്ഭുത മന്ത്രിയാണ്. ഇന്ന് നമ്മുടെ രാജ്യത്തു വിവിധ വകുപ്പുകളിൽ മന്ത്രിമാർ ഉണ്ട്. എന്നാൽ ഇന്നേവരെയും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ വേണ്ടി ഒരു വകുപ്പോ മന്തിയോ ഇല്ല. നമ്മുടെ യേശുവല്ലാതെ ഒരു അത്ഭുത മന്ത്രിയും ലോകത്തിൽ ഇന്നുവരെയും ഉണ്ടായിട്ടി ല്ല. അത്ഭുത മന്ത്രിയായ നമ്മുടെ കർത്താവ് എല്ലാ തലങ്ങ ളിലുമുള്ള ആളുകൾക്ക് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവ നാണ്. ഒരു അത്ഭുത മന്ത്രിയുടെ അനുയായികളായ നമ്മുടെ ജീവിതത്തിൽ ചില അത്ഭുതങ്ങൾ പ്രതീക്ഷിക്കണം. 20-ാം സങ്കീർത്തനത്തിൽ നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്കു നൽകട്ടെ. നമ്മുടെ ജീവിതത്തിൽ ഒരു നല്ല ആഗ്രഹം ഉണ്ടാകണം. ദൈവം നമുക്ക് നൽകിയിരിക്കുന്ന ഒരു വാഗ്ദത്തമാണ് നമ്മുടെ എല്ലാ ആഗ്രഹങ്ങളും സാധി പ്പിച്ചു തരാമെന്നത്. ജീവിതത്തിൽ അത്ഭുതങ്ങൾ നടന്നുകാ ണുവാൻ താൽപര്യമില്ലാത്ത ആരുമില്ല. പല തരത്തിലുള്ള അത്ഭുതങ്ങൾ സമൂഹത്തിൽ ഇന്ന് കാണാവുന്നതാണ്. വിശ്വാസികൾ വിശ്വാസത്തോടെ അതീവ താല്പര്യത്തോടെ പ്രാർത്ഥിച്ചപ്പോൾ അനേക കാൻസർ രോഗികൾ, എയ്ഡ്സ് രോഗികൾ, ഹൃദ്രോഗികൾ സൗഖ്യം പ്രാപിക്കുന്നു.

നിങ്ങളുടെ ജീവിതം കുടുംബ പ്രശ്നങ്ങളാൽ വലയുന്നു വെങ്കിൽ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ കാര്യങ്ങളെ ഓർത്തു വിഷമിക്കുന്നുവെങ്കിൽ, ഒരുവരുമാന മാർഗ്ഗമില്ലാതെ ഭാരപ്പെ ടുന്നുവെങ്കിൽ ദൈവത്തിന് എല്ലാറ്റിനേയും നേരെയാക്കുവാൻ കഴിയും. നമ്മുടെ ജീവിതത്തിൽ ഒരാഗ്രഹം ഉണ്ടായിരിക്ക ണം. അസാധ്യങ്ങളെ സാധ്യമാക്കുവാൻ കഴിയുന്ന ഒരു ദൈവം ഇന്നും നമുക്കായി ജീവിക്കുന്നു. ജീവിതത്തിൽ പ്രശ്നങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ അത്ഭുത പ്രവൃത്തികൾ നമ്മുടെ ജീവിത ത്തിൽ വെളിപ്പെടണം. അതിനു ദൈവത്തിലുള്ള അചഞ്ചല മായ വിശ്വാസം, ദൈവത്തിലുള്ള ആശ്രയം, തകർന്ന മനസ്സ്, പിന്നിട്ട കാലഘട്ടത്തിൽ അനുഭവിച്ച നന്മകൾ നന്ദിയോടെ ഓർത്തു പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുന്ന സ്വഭാവം എന്നിവ അത്യന്താപേക്ഷിതമാണ്. അങ്ങനെയെ ങ്കിൽ ദൈവത്തിന്റെ അത്ഭുത ശക്തിയും പ്രവർത്തനങ്ങളും ഈ കാലങ്ങളിൽ നമ്മളിൽ ഉണ്ടാകും.

**പെന്തിക്കോസ്തിക്കുശേഷം 5-ാം ഞായർ**
**(ലൂക്കോ. 9: 10-17) (13-07-2025)**

അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കിക്കൊടുത്തു എല്ലാവരും തൃപ്തരായി.

തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല. തകർന്നു തരിപ്പണമായ ആളുകളെ യത്രെ ദൈവം തന്റെ മഹത്വത്തിനായി ഉപയോഗിക്കുന്നത്. അവൻ കൈക്കൊള്ളുന്ന യാഗം തകർന്ന മനസ്സാണ്. പെനി യേലിൽവച്ച് യാക്കോബ് വളരെ തകർന്നു ശക്തി നഷ്ടപ്പെ ട്ടവനായി കാണുന്നു. ആ തകർച്ചയിൽ നിന്ന് നീ എഴുന്നേറ്റ് ബഥേലിലേക്ക് പോക എന്നു പറഞ്ഞു ദൈവം അവനെ

ശക്തീകരിച്ചു. അവന്റെ പേര് മാറ്റി യിസ്രായേൽ എന്നാക്കി അവനെ അനുഗ്രഹിച്ചു.

മരുഭൂമിയിൽ കൂടിയുള്ള യാത്രയിൽ യിസ്രായേൽ മക്കൾ ഹോറേബിൽ എത്തിയപ്പോൾ ദാഹിച്ച് വെള്ളം കുടിക്കുവാൻ നിർവ്വാഹമില്ലാതെ മോശ പാറയെ അടിച്ചു തകർത്തപ്പോൾ ദൈവജനത്തിനാവശ്യമായ ജലം അതിൽ നിന്നൊഴുകി.

മുന്നൂറ് കുടങ്ങൾ ഗിദയോന്റെ കൂടെ ഉണ്ടായിരുന്നവർ ഉടച്ചപ്പോൾ അതിൽ മറഞ്ഞിരുന്ന വെളിച്ചം ശത്രുക്കളെ ഭ്രമിപ്പിക്കുവാൻ തക്കവണ്ണം അത്ഭുതകരമായി പ്രകാശിച്ചു. അങ്ങനെ യുദ്ധം ജയിക്കുവാൻ സാധിച്ചു.

ഒരു ജാതിയെ രാഷ്ട്രത്തിന്റെ ചട്ടക്കൂടിനെ പൊടിച്ചു കളയുവാൻ തന്റെ ജീവനെ എസ്ഥേർ രാജ്ഞി അർപ്പിച്ചതു മുഖാന്തിരമത്രെ ദൈവജനത്തിനു രക്ഷയുടെ വാതിൽ തുറന്നു കിട്ടിയത്.

ഇവിടെ യേശുക്രിസ്തു അഞ്ചപ്പം എടുത്ത് നുറുക്കിയപ്പോൾ അത് അനേകരെ പോഷിപ്പിക്കുവാൻ തക്കവണ്ണം വർദ്ധിച്ചു. യേശുതമ്പുരാൻ തന്റെ ശരീരം മുള്ളുകൊണ്ടും ആണികൊണ്ടും കുന്തംകൊണ്ടും കീറുവാൻ അനുവദിച്ചപ്പോൾ അവന്റെ ഉള്ളത്തിൽ നിന്ന് ജീവജലത്തിന്റെ ഉറവ ഒഴുകി. അനേക പാപികൾക്ക് ജീവന്റെ ഉറവയായിത്തീർന്നു. ഈ ഉറവയിൽ നിന്ന് നീ കുടിച്ചിട്ടുണ്ടോ? നിന്റെ സകല അതിക്രമങ്ങളും പാപങ്ങളും മോചിക്കുവാൻ വേണ്ടിയാണ് താൻ തകർക്കപ്പെട്ടത്. അതുകൊണ്ട് നമുക്ക് ദൈവസന്നിധിയിലേയ്ക്ക് കടന്നുവന്ന് ഉപേക്ഷിക്കേണ്ട പാപങ്ങളെ ഉപേക്ഷിക്കാം.

പണസംബന്ധമായി തകർന്നവരുണ്ട്. സ്വന്തം ഇഷ്ടം സാധിക്കാതെ തകർന്നു തരിപ്പണമായവരുണ്ട്. ആഗ്രഹങ്ങൾ സാധിക്കാതെ തകർന്നവരുണ്ട്. മാനം നഷ്ടപ്പെട്ട് തകർന്നവരുണ്ട്. നിസ്സഹായരായി നിരാശയിൽ കഴിഞ്ഞുകൂടുന്ന ഇങ്ങനെയുള്ളവരത്രെ ദൈവത്തിന്റെ ആത്മാവ് കോരിയെടുത്ത് മഹത്വത്തിനായി തീർക്കുന്നത്. നമുക്ക് തകർച്ചയോടെ ദൈവകരങ്ങളിലേയ്ക്ക് സമർപ്പിക്കാം. അപ്പോൾ എല്ലാവർക്കും നാം പ്രയോജനപ്പെടും എല്ലാവർക്കും തൃപ്തി ലഭിക്കുകയും ചെയ്യും. നമ്മുടെ തോൽവിസ്ഥാനങ്ങളിലേക്കത്രെ ദൈവം ഇറങ്ങിച്ചെല്ലുന്നത്. അവൻ നമ്മുടെ ബലഹീനതയും നമ്മുടെ ഒന്നുമില്ലായ്മയും കയ്യിലെടുത്ത് അവയിൽ കൂടെ തന്റെ അത്ഭുതപ്രകാശം പുറത്തേക്കയക്കുന്നു. ●

# "ഒന്നായാൽ നന്നാകാം; നന്നായാൽ ഒന്നാകാം

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

സഭയുടെ ആത്മീയ പരിസരമിപ്പോൾ ഭിന്നതകൾകൊണ്ട് കലുഷിതമായിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ ഭൗതീക ശരീരമാകുന്ന സഭയിൽ വിഭാഗീയതയുടെ വിഷം കുത്തി നിറയ്ക്കുക എന്നത് ഇരുട്ടിന്റെ ശക്തികളുടെ കുടില തന്ത്രമാണ്. ചരിത്രത്തിൽ വേണ്ടുവോളം അടയാളങ്ങൾ ഉണ്ടതിന്. നമ്മുടെ ഐക്യത്തെ ആക്രമിച്ചാൽ വിശ്വാസത്തിന്റെ ശക്തി ക്ഷയിക്കും. സുവിശേഷ സാക്ഷ്യം ദുർബ്ബലമാകും. ആത്മവിശ്വാസം തളരും. ദുർമാതൃക വളരും. അനുയായികൾ ഇടറും.

ആശ്വാസകരമായ സത്യം എന്താണെന്നുവച്ചാൽ സഭയുടെ ആരംഭദശ മുതലേ തെളിഞ്ഞു കണ്ടൊരു ദുർലക്ഷണമാണിത്. ഭിന്നതകളിൽ നിന്നുകൊണ്ടുതന്നെയാണ് സഭ വളർന്നത്. വിപുലമായതും, ക്രിസ്തുവിന്റെ ഇടതും വലതും ഇരിക്കാനുള്ള അതിമോഹം യോഹന്നാനും യാക്കോബും വെളിപ്പെടുത്തിയപ്പോൾ മറ്റു ശിഷ്യന്മാർക്കിടയിൽ അത് അസ്വസ്ഥതയുടെ അപസ്വരമായി മാറുന്നുണ്ട്. വിട പറയുന്നതിനു തൊട്ടുമുൻപ് ഗുരു സ്നേഹത്തോടെ ഒരുക്കിയ അന്ത്യഅത്താഴവേളയിൽപോലും അത് പ്രകടമായിരുന്നു. തങ്ങളിൽ ആരാണ് വലിയവൻ എന്ന് തർക്കിച്ചു നിന്ന അവരുടെ പാദം ഒരു വിങ്ങലോടെയാണ് ഗുരു കഴുകിത്തീർത്തത്.

ഒരു സത്യം കൂടി ധ്യാനിക്കുന്നത് നല്ലതാണ്. അവിടുന്ന് പീഡകൾ ഏറ്റുവാങ്ങാൻ ഏൽപ്പിക്കപ്പെടുന്നതിനു മുൻപ് ഏറ്റം തീക്ഷ്ണതയോടെ മനുമുരുകി പ്രാർത്ഥിച്ചത് എന്താണെന്നറിയുമോ? സഹനം അതിജീവിക്കുവാനുള്ള കരുത്തിനുവേണ്ടിയല്ല, ശിഷ്യർ നല്ല പ്രബോധകരായി മാറാൻ വേണ്ടിയല്ല, അവർ പരിശുദ്ധാത്മാവിനാൽ നിറയപ്പെടാൻ വേണ്ടിയല്ല, ആത്മബലം ഉള്ളവരാകാൻ വേണ്ടിയല്ല, അവൻ മുഖ്യമായും ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചത് അവർക്കിടയിൽ ഐക്യം ഉണ്ടാകുവാൻ വേണ്ടിയാണ്.

'അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതു പോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു (യോഹ.17:21). ആ 17-ാം അദ്ധ്യായം മുഴുവനും നിറഞ്ഞു നിൽക്കുന്നത് ക്രിസ്തുവിന് നമ്മെക്കുറിച്ചുള്ള മോഹമാണ്. എല്ലാവരും ഒന്നാവണമെന്ന മോഹം Jesus wanted us to be a community of unity.

സുവിശേഷത്തിലെ ക്രിസ്തുവിന്റെ ഏറ്റവും ദീർഘവും ശ്രേഷ്ഠവുമായ പ്രാർത്ഥനയാണിത്. ഐക്യത്തിനുവേണ്ടിയുള്ളത്.

ആദിമശിഷ്യന്മാരുടെ ഭിന്നത അകറ്റുവാൻ അവർക്ക് സ്വയം കഴിയാതെ പോയതുകൊണ്ട് ക്രിസ്തു തന്നെ അവർക്കുവേണ്ടി മധ്യസ്ഥം വഹിക്കേണ്ടി വന്നു. ഇന്നും മാനുഷിക ഇടപെടൽ കൊണ്ട് തർക്കങ്ങൾ വിട്ടുമാറുമെന്ന് തോന്നുന്നില്ല. യേശു നമുക്കുവേണ്ടി ദൈവപിതാവിന്റെ സന്നിധിയിൽ യാചിക്കാൻ നമുക്ക് പ്രാർത്ഥിക്കാനേ നിവൃത്തിയുള്ളൂ.

സത്യത്തിൽ കർത്താവിന്റെ പ്രാർത്ഥനയെന്ന് നാം വിശേഷിപ്പിക്കുന്ന 'സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവേ' എന്നത് നമ്മൾ അനുദിനം പ്രാർത്ഥിക്കുവാൻ അവിടുന്നു പഠിപ്പിച്ച ശിഷ്യന്മാരുടെ പ്രാർത്ഥനയാണ്. എന്നാൽ ക്രിസ്തു തന്നെ നമുക്കുവേണ്ടി പലവട്ടം മനമുരുകി പ്രാർത്ഥിക്കുന്നത്. ഭിന്നതകളുടെ പ്രലോഭനങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനാണ്. ആ പ്രാർത്ഥന തന്നെയാകട്ടെ നമ്മുടെ ഹൃദയത്തിലും നിറയേണ്ടത്. ക്രിസ്തുവേ..... നീയും പിതാവും ഒന്നായിരിക്കുന്നതുപോലെ ഞങ്ങളെയും ഒന്നാക്കണമേ.....

വി. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായം നൽകുന്ന സന്ദേശം ഒറ്റ വാക്കിൽ പറഞ്ഞാൽ "ഒന്നായാൽ നന്നാകാം; നന്നായാൽ ഒന്നാകാം" എന്നതാണ്. ●

# സ്നേഹം പങ്കുവയ്ക്കുക

സി.ഐ. ചാക്കോ, വലിയ പാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

ഈസോപ്പുകഥകൾ പ്രചുരപ്രചാരം നേടിയിട്ടുള്ളവയാണ്. മൗലികമായ ചില ധർമ്മങ്ങളും കർത്തവ്യങ്ങളും അനുസ്മരിക്കുവാൻ അവ പര്യാപ്തമാണ്. ഒരു കഥ ഇങ്ങനെ: ഒരു അന്ധനും ഒരു മുടന്തനും ഒരുമിച്ച് ഒരു വഴിയിൽ വന്നു ചേർന്നു. അന്ധൻ മുടന്തനോടു പറഞ്ഞു. ഈ വഴി വളരെ ദുർഘടമാണ്. എനിക്ക് മുമ്പോട്ടു പോകാൻ ഒട്ടും നിവർത്തിയില്ല എന്നെ സഹായിക്കണം.

മുടന്തൻ പറഞ്ഞു എനിക്ക് നടക്കാൻ വയ്യ. എനിക്ക് എങ്ങനെയാണ് താങ്കളെ സഹായിക്കുവാൻ സാധിക്കുക.

"കുഴപ്പമില്ല" അന്ധൻ പറഞ്ഞു ഞാൻ നിന്നെ തോളിലേറ്റി നടക്കാം. കണ്ണുകാണാൻ വയ്യാത്ത എനിക്ക് വഴി പറഞ്ഞു തന്നാൽ നമുക്ക് രണ്ടു പേർക്കും സുഖമായി സഞ്ചരിക്കാം."

അന്ധൻ മുടന്തനെ തോളിലേറ്റി കാഴ്ചയുള്ള മുടന്തൻ വഴി പറഞ്ഞു കൊടുത്തു. അന്ധൻ വളരെ വേഗം സഞ്ചരിച്ചു. അവർ രണ്ടുപേരും പരസ്പരം സഹായികളായി. ഒരാളുടെ പരിമിതി മറ്റെയാൾ പരിഹരിച്ചു. സഹായത്തിന്റേയും സഹകരണത്തിന്റേയും ഏറ്റവും ഉത്തമമായ ഒരു സന്ദേശം അവർ നൽകുന്നു.

ആഡം ലിൻഡ്സെ ഗോൾഡൻ പറയുന്നു: ജീവിതമെന്നു പറയുന്നത് മിക്കവാറും പതയും കുമിളയും കൂടിയതാണ്. അതിൽ രണ്ടു കാര്യങ്ങൾ മാത്രം ഉറച്ച പാറക്കല്ലുകൾപോലെ ശാശ്വതമായി നിലകൊള്ളുന്നു. ഒന്നാമത്തേത് സഹജന്മാരുടെ ബുദ്ധിമുട്ടുകളിൽ നാം ചൊരിയുന്ന കാരുണ്യം. രണ്ടാമത്തേത്, ജീവിതത്തിൽ നാം തന്നെ സമാർജ്ജിക്കുന്ന ധീരത.

ദൈവത്തിന്റെ പ്രതിഛായ നമ്മുടെ മുൻപിൽ കാണപ്പെടുന്നതാണ് വിശ്വസ്തനായ സ്നേഹിതൻ എന്നൊരു ഫ്രഞ്ചു പഴമൊഴിയുണ്ട്. സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ആ സന്തോഷം പരിപൂർണ്ണതയെ പ്രാപിക്കുന്നില്ല. പൗലോസ് അപ്പോസ്തോലൻ പ്രബോധിപ്പിക്കുന്നു: "സന്തോഷിക്കുന്നവനോടുകൂടെ സന്തോഷിക്കുകയും കരയുന്നവരോടുകുടെ കരയുകയും ചെയ്വീൻ. തമ്മിൽ ഐക്യമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോട് ചേർന്നു കൊള്ളുവീൻ" (റോമർ.12:15 –16).

സംഘടിതമായി നിലകൊള്ളുന്നവരുടെ ഏറ്റവും വലിയ ഉദാഹരണമാണ് ചിതൽ എന്ന് ജന്തുശാസ്ത്രജ്ഞൻ പറയുന്നു . ഉറുമ്പിൽനിന്ന് പഠിക്കാനുള്ള ചില പാഠങ്ങൾ "ഉറുമ്പ് നമുക്ക് ഒരു റോൾ മോഡൽ" എന്ന ചിന്താവിഷയത്തിൽ അവതരിപ്പിച്ചിരുന്നു. ചിതൽ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത് നമ്മുടെ ഏതെങ്കിലും സാധനം അതു തിന്ന് നശിപ്പിച്ച നിലയിൽ മാത്രമാണ്. ജന്തുശാസ്ത്രജ്ഞന്മാർ ചിതലിനെപ്പറ്റി പറയുന്നത്, രണ്ടുലക്ഷത്തിലേറെ ചിതലുകൾവരെ ഒരു പറ്റത്തിലുണ്ടാകും. അവയുടെ വിജയരഹസ്യം ഒരു പ്രമാണസൂത്രമാണ്. ഒരുമിച്ച് പ്രവർത്തിക്കുക എന്ന തത്വമാണത്. ഇന്നു ശാസ്ത്രജ്ഞനായ ആൽഫ്രഡ് എമേഴ്സൺ പറയുന്നു, ചിതലുകളുടെ നിലനിൽപ്പിന്റെ ഏറ്റവും പ്രധാന രഹസ്യം അവയുടെ സഹകരണമാണ്. എത്രയും വലിയ പറ്റമായിരുന്നാലും അവ ഒരുമിച്ച് സഹകരണ മനോഭാവത്തോടെ പ്രവർത്തിക്കുന്നു. അവിടെ കിടമത്സരമില്ല.

സഹകരണവും സൗഹാർദവും ജീവിതത്തിൽ പുലർത്താത്തവന് വിജയം വരുവാൻ സാദ്ധ്യമല്ല. പദവിയോ ധനമോ സൗകര്യമോ കരഗതമായാൽ സ്ഥലകാലങ്ങളും ബന്ധങ്ങളും മറക്കുന്നവരുണ്ട്. എന്നും നിലനിൽക്കുന്ന സ്നേഹം സാഹോദര്യമാണ്. ആത്മീയതയുടെ ഒരു മുഖ്യഘടകമാണ് സാഹോദര്യം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കാൻ കഴിയും, ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ വിദ്വേഷിക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു.

മറ്റു ലൗകിക ലാഭങ്ങൾക്കുവേണ്ടി സാഹോദര്യത്തെ ബലികഴിക്കുന്നവർക്ക് ആരും അംഗീകാരമോ ബഹുമാനമോ സ്നേഹമോ നൽകുകയില്ല.

സാമുവൽ ജോൺസൺ ഇപ്രകാരം പറയുന്നു: ജീവിതത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നതനുസരിച്ച് സാഹചര്യവുമായി സ്നേഹബന്ധം സ്ഥാപിക്കാത്ത ഏതൊരാളും സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ടുപോകും. മൈത്രീ ബന്ധമെന്നത് എപ്പോഴും തേച്ചു മിനുക്കിക്കൊണ്ടിരിക്കണം. അല്ലെങ്കിൽ യഥോചിതം അതിനെ നിലനിർത്താൻ സാധിക്കുകയില്ല.

നാം ആരുടെ മുമ്പിൽ എത്രയും മാന്യന്മാരായി കാണപ്പെടുവാൻ ആഗ്രഹിക്കുന്നുവോ അവരാണ് നമ്മുടെ യഥാർത്ഥ സ്നേഹിതർ എന്നാണ് കോഹ്ലർ പറയുന്നത്. ഉത്തമ സ്നേഹിതർ ജീവിതത്തെ പ്രഫുല്ലമാക്കും. എന്നാൽ നീചന്മാരുമായുള്ള സഹകരണവും സഹവാസവും ഏതൊരാളേയും തിന്മയിലേക്ക് നയിക്കുകയേ ഉള്ളു. ജീവിതത്തിൽ ലക്ഷ്യബോധമുള്ളവരും സ്വന്തം കാര്യം എന്നപോലെ സഹോദരന്റെ കാര്യങ്ങളും കണക്കാക്കുന്നവരുമായ സ്നേഹിതരെ കണ്ടെത്തുക. അവരുമായി സഹകരിച്ചു പ്രവർത്തിക്കുക. അതിൽപരം ആനന്ദകരമായി ഭൂമിയിൽ മറ്റൊന്നില്ല. സ്നേഹം നമ്മിൽ നിറയുമ്പോൾ സാഹോദര്യത്തിന്റെ നീർച്ചാലുകൾ നമ്മിൽനിന്ന് പ്രവഹിക്കും. സൗഹൃദവും സാഹോദര്യവും വർദ്ധിക്കുകയും ചെയ്യും.

●

**Holiday Rental Home (Short Stay)**
**In Chingavanam**
**പാർക്കിംഗ് സൗകര്യത്തോടു കൂടിയ 5 Bedrooms വില്ല. 3 Bedrooms Ac. Fully Farnished villa.**
**Location 97 k.m. നെടുംമ്പാശേരി**
**144 k.m. തിരുവനന്തപുരം Airport**
**Vizhal K. Cherian**
**8592861271, 9447390805**

# യഹോവ എന്റെ ദീപമാകുന്നു

സീമ ഷിന്റോ കന്നിയേൽ, റാന്നി

നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയിൽ പ്രകാശവും ആകുന്നു (സങ്കീ.119:105). ദൈവവചനമാകുന്ന വെളിച്ചത്തിലാണ് നമ്മുടെ ജീവിതം പ്രകാശിക്കുന്നത് എന്നുള്ളതിന്റെ ഉറപ്പിക്കലാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങൾ. ദൈവവചനം കാലിനു ദീപവും പാതയിൽ പ്രകാശവുമായുള്ള ഒരു വിശ്വാസിക്ക് മുന്നിലുള്ള എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാൻ കഴിയും. ദൈവം സ്നേഹമാണ്, സ്നേഹംപോലെ തന്നെ വെളിച്ചവും ദൈവത്തിൽ നിന്നും ഉത്ഭവിക്കുന്നു. ദൈവം പൂർണ്ണമായും പരിശുദ്ധനാണ്, പാപത്തിന്റെ കലർപ്പില്ലാതെ അനീതിയുടെ കളങ്കമില്ലാതെ പൂർണ്ണമായ സ്നേഹവും വെളിച്ചവും ദൈവത്തിൽ നിന്നും വിശ്വാസികളിലേക്ക് ചൊരിയപ്പെടുന്നു.

ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചപ്പോൾ ഭൂമി ശൂന്യമായിരുന്നു. ഭൂമിയിൽ മുഴുവൻ വ്യാപിച്ചിരുന്നത് അന്ധകാരമായിരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്ന കല്പനയോടെ ഭൂമിയിൽ വെളിച്ചം ഉണ്ടായി. അന്ധകാരത്തിന്റെ ആധിപത്യത്തിൻ കീഴിലായിരുന്ന ലോകത്തെ രക്ഷിക്കുവാൻ വെളിച്ചത്തെ ദൈവം ഭൂമിയിലേയ്ക്ക് അയച്ചു (യോഹ. 9:5).

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു (I am the light of the world).

ദൈവം ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന പ്രസ്താവന യേശുവിന്റെ ഏഴ് "ഞാൻ ആകുന്നു" എന്ന പ്രഖ്യാപനങ്ങളിൽ രണ്ടാമത്തേതാണ്. അത് യേശുവിന്റെ അതുല്യമായ ദിവ്യ സ്വത്വത്തിലേക്കും ഉദ്ദേശ്യത്തിലേക്കും വിരൽ ചൂണ്ടുന്നു. ലോകത്തിന്റെ വെളിച്ചമാണെന്ന് സ്വയം പ്രഖ്യാപിക്കുന്നതിലൂടെ ആത്മീയ വെളിച്ചത്തിന്റെ ഏക ഉറവിടം താനാണെന്നും ആത്മീയ സത്യത്തിന്റെ മറ്റൊരു ഉറവിടവും ഇല്ലായെന്നും യേശു വെളിപ്പെടുത്തുന്നു. യഥാർത്ഥ വെളിച്ചം ഗ്രഹിക്കുന്നവർ ഒരിക്കലും ആത്മീയ അന്ധകാരത്തിൽ നടക്കുകയില്ല (സങ്കീ. 18:28). നീ എന്റെ ദീപത്തെ കത്തിക്കും. എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. (You Lord keep my lamp burning: My God turns my darkness in to light).

ഈ വാക്യങ്ങൾ ദൈവത്തിന്റെ ശക്തിയേയും വിശ്വസ്തതയേയും കുറിച്ച് സംസാരിക്കുന്നു. പ്രതികൂല സാഹചര്യത്തിൽ നിന്നും നിർജീവമായ അവസ്ഥകളിൽ നിന്നും നമ്മുടെ ജീവിതങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ടുവരാനുള്ള ശക്തി നാം വിശ്വസിക്കുന്ന ദൈവത്തിനുണ്ട് എന്നുള്ള സന്ദേശമാണ് ഈ വാക്യങ്ങൾ. ജീവിതനൗക എത്രവലിയ കൊടുങ്കാറ്റിലും പ്രതിസന്ധിയിലും പെട്ട് ആടിയുലഞ്ഞാലും നമ്മുടെ അന്ധകാരത്തെ പ്രകാശമാക്കാൻ കഴിവുള്ള തമ്പുരാൻ കൂടെയുള്ളപ്പോൾ ഭയപ്പെടേണ്ട കാര്യമുണ്ടോ? സങ്കീ.27:1.

യഹോവ എന്റെ വെളിച്ചവും രക്ഷയുമാകുന്നു ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം ഞാൻ ആരെ പേടിക്കും?

യഹോവയാകുന്ന വെളിച്ചത്തിൽ നടക്കുന്നവർക്ക് ഒന്നിനേയും പേടിക്കേണ്ട കാര്യമില്ല. യഹോവ വെളിച്ചമാണ്, സ്നേഹമാണ്, ശാശ്വതമായ പാറയാണ്. നമ്മുടെ പരിചയും പലകയുമാണ് ബലമുള്ള സങ്കേതമാണ്. നരയ്ക്കുവോളം നമ്മെ ചുമക്കാം എന്ന് വാക്കുതന്ന കാരുണ്യവാനാണ്. അതുകൊണ്ട് യഹോവ ജീവന്റെ ബലമായുള്ളവർക്ക് സധൈര്യം മുന്നോട്ടു പോകാം. ഒരു ബാധയും നിന്റെ കൂടാരത്തിനകത്ത് പ്രവേശിക്കയില്ല, ഒരു ദോഷവും നിനക്ക് ഭവിക്കയില്ല.

ദൈവം ദൂരെയെവിടെയോ മറഞ്ഞിരിക്കുകയാണ് എന്ന് കരുതുന്നവരുടെ സന്തത സഹചാരിയാണ് ഭയം. ഭയം എന്ന ശത്രു നമ്മെ പിടികൂടുമ്പോൾ യുഗാന്ത്യത്തോളം എപ്പോഴും ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനം നാം അനുസ്മരിക്കേണ്ടതാണ്. ദൈവം ലോകത്തിന്റെ വെളിച്ചമാണ് അപ്പോൾ ദൈവത്തിൽ വിശ്വസിക്കുന്ന നമ്മുടെ ഹൃദയങ്ങളിലും നന്മയുടെ വെളിച്ചം നിലനിൽക്കണം. വെളിച്ചം ഹൃദയങ്ങളിൽ വിളങ്ങുമ്പോൾ ഇരുൾ ഓടിയൊളിക്കുന്നു. അങ്ങനെയുള്ള ഹൃദയങ്ങൾ വിഷാദചിന്തകളെ വളർത്തുകയോ താലോലിക്കുകയോ ചെയ്യുന്നില്ല. ഹൃദയത്തിൽ നന്മയുടെ വെളിച്ചം പകരാൻ അനുവദിക്കുക. അങ്ങനെയുള്ളവർക്ക് മാത്രമേ ദൈവനന്മകൾ എണ്ണിയെണ്ണി പറയാൻ കഴിയൂ. ഹൃദയത്തിൽ ഇരുട്ട് വളർത്തുന്നവർക്ക് കഷ്ടപ്പാടുകളുടേയും പ്രയാസങ്ങളുടേയും കഥകൾ മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന് നാം മനസ്സിലാക്കി ഹൃദയത്തിൽ വെളിച്ചമുള്ളവരായി മുന്നോട്ട് ജീവിക്കാൻ നമുക്ക് കഴിയണം. ഞാൻ ലോകത്തിന്റെ വെളിച്ചമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും ഇരുട്ടിൽ നടക്കയില്ല മറിച്ച് ജീവന്റെ വെളിച്ചം പ്രാപിക്കും. യേശുക്രിസ്തുവിന്റെ ഈ പ്രസ്താവന നമ്മുടെ ഏറ്റവും ഇരുണ്ട നിമിഷങ്ങളിൽപോലും നമ്മുടെ കൂടെ നിലകൊള്ളുന്നു എന്ന പ്രത്യാശയാണ്.

നോഹ. 1:5 ൽ സ്ഥിരീകരിക്കുന്നത് ഇപ്രകാരമാണ്. വെളിച്ചം ഇരുട്ടിൽ പ്രകാശിക്കുന്നു. ഇരുട്ട് അതിനെ കീഴടക്കുകയില്ല. യേശു എല്ലാ അന്ധകാരത്തെയും മറികടക്കുന്ന വെളിച്ചമാണ്. ജീവിതത്തിലെ ദുഷ്കരമായ സമയങ്ങളിൽ നമ്മെ വഴികാട്ടുന്ന വെളിച്ചമാണ് നമ്മുടെ രക്ഷകൻ. നമ്മുടെ ജീവിതത്തിന്റെ ഇരുണ്ട താഴ്‌വരകളിൽ നമ്മെ വഴിനടത്തുന്ന സ്നേഹമാണ് നമ്മുടെ ദൈവം. ദൈവത്തിന്റെ മക്കളായ നാം ഓരോരുത്തരും വെളിച്ചം ഹൃദയങ്ങളിൽ പ്രകാശിക്കുന്നവരാകണം. നമ്മുടെ ദൈവം ഭൗതികവെളിച്ചത്തിന്റെ സൃഷ്ടാവും ആത്മികവെളിച്ചം നൽകുന്നവനുമാകുന്നു. വിശ്വാസികളായ നാമും ആ വെളിച്ചത്തിലൂടെ മുന്നേറാൻ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ.

# പുസ്തകപരിചയം

**ബിഷപ്പ് തോമസ് സാമുവേൽ**
**ബിഷപ്പ് എമിററ്റസ് സി.എസ്.ഐ., തിരുവല്ല**

**"ദാമ്പത്യം എന്ന വരം"** എന്ന തലക്കെട്ടിൽ വന്ദ്യ **ഫാ. ഡോ. ജെയിംസ് തോടത്തിൽ** എഴുതിയ ഏറെ അർത്ഥ സംപുഷ്ടമായ പുതിയ പുസ്തകം ഞാൻ വളരെ ശ്രദ്ധയോടെ വായിച്ചു. വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ വലിയപള്ളിയിൽ വച്ചുനടന്ന 1680-ാമത് സിറിയൻ ക്നാനായ വാർഷികസംഗമത്തിൽ വച്ച് ഈ ഗ്രന്ഥം പ്രകാശനം ചെയ്തപ്പോൾ അതിന്റെ ആദ്യപ്രതി എനിക്കാണ് ലഭിച്ചത്. അന്നു രാത്രിയിൽ തന്നെ അത് വായിച്ചുതുടങ്ങി. വളരെ സുന്ദരവും ലളിതവുമായ മലയാള ഭാഷാശൈലിയിൽ എഴുതിയ പുസ്തകം നിർത്താതെ ഒറ്റയടിക്ക് വായിച്ചു തീർത്തു. ദാമ്പത്യത്തേയും കുടുംബജീവിതത്തേയും ആഴമായി സ്പർശിക്കുന്ന ഗഹനമായ ആശയങ്ങൾ ഒരു കഥാകഥനം പോലെ എഴുതിയത് വളരെ ആകർഷണീയമായിരിക്കുന്നു.

വന്ദ്യ ഫാ. ഡോ. ജെയിംസ് തോടത്തിൽ അച്ചന് ഫാമിലി കൗൺസിലിംഗിൽ ദീർഘ വർഷങ്ങളിലെ ശുശ്രൂഷാപരിചയം ഉണ്ട്. ധാരാളം കുടുംബങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുള്ള വ്യത്യസ്തവും കഠിനവുമായ വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വ്യക്തിപരമായി പഠിക്കുകയും അതിനുള്ള പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളത് സമൂഹത്തിന് പ്രയോജനമാകട്ടെയെന്ന് കരുതിയാണ് ഈ പുസ്തകത്തിന് രൂപം കൊടുത്തത്. സഭയുടേയും സമൂഹത്തിന്റെയും വലിയ ഉത്തരവാദിത്തമാണ് കുടുംബശാക്തീകരണം എന്ന് അച്ചൻ സമർത്ഥിക്കുന്നു. ക്രൈസ്തവമൂല്യങ്ങൾക്ക് ക്ഷതം സംഭവിച്ചിരിക്കുന്ന കാലമാണിത്. മക്കളെ നേരായ പാതയിൽ വളർത്തുവാനുള്ള ഭാരിച്ച ഉത്തരവാദിത്തം മാതാപിതാക്കൾക്കാണ്. ഇന്ന് ഈ ഉത്തരവാദിത്വം വിജയകരമായി പൂർത്തിയാക്കണമെങ്കിൽ ദാമ്പത്യം ആദ്യം വിജയിക്കണം. അതിനുള്ള മാർഗ്ഗങ്ങളാണ് അച്ചൻ നിർദ്ദേശിക്കുന്നത്.

എന്നെ ഏറ്റവും നന്നായി സ്പർശിച്ചത് ഇതിന്റെ രചനാശൈലിയാണ്. മൂന്ന് കഥാപാത്രങ്ങൾ. ജോസഫും ലിസ്സിയും ഇടവകവികാരിയായ പുരോഹിതനും വായനക്കാരുടെ മനസ്സിൽ എന്നും തങ്ങിനിൽക്കുന്നു. കുടുംബത്തിലേയും ദാമ്പത്യത്തിലേയും വെല്ലുവിളികൾ വിജയകരമായി കൈകാര്യം ചെയ്യുന്നതു വഴി വായനക്കാരായ എല്ലാ ദമ്പതികൾക്കും ഇതൊരു പാഠപുസ്തകമായി മാറിയിരിക്കുന്നു. ക്രൈസ്തവർക്ക് മാത്രമല്ല എല്ലാ മതസ്തർക്കും ഈ ഗ്രന്ഥം പ്രയോജനപ്പെടുമെന്നതിൽ തർക്കമില്ല. അനേകരുടെ കൈയിൽ ഈ പുസ്തകം താമസംവിനാ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**റവ. ഫാ. ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ**

ഒരു ഗ്രന്ഥത്തിന്റെ ഉള്ളടക്കം, ഗ്രന്ഥകർത്താവിന്റെ പാണ്ഡിത്യം, പ്രസിദ്ധീകരണസമിതിയുടെ മികവ് ഇവയൊക്കെയാണ് ആ ഗ്രന്ഥത്തിന്റെ മൂല്യം വായനക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുന്ന ഘടകങ്ങൾ. റവ. ഫാ. ഡോ. ജെയിംസ് തോടത്തിൽ രചിച്ച "ദാമ്പത്യം എന്ന വരം" എന്ന പുസ്തകം കേരളത്തിലെ അറിയപ്പെടുന്ന ക്രൈസ്തവ പുസ്തക പ്രസിദ്ധീകരണ സംഘടനയായ ക്രൈസ്തവ സാഹിത്യ സമിതി (CSS) പ്രസിദ്ധീകരിച്ചതിലൂടെ ഈ ഗ്രന്ഥത്തിന്റെ നിലവാരം ഉയർത്തിക്കാണിക്കുന്നു. രണ്ട് സാങ്കല്പിക കഥാപാത്രങ്ങളിലൂടെ ഇന്ന് ക്രൈസ്തവ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ വരച്ചുകാട്ടി അതിന് പരിഹാരം മനഃശാസ്ത്ര-വേദശാസ്ത്ര അടിസ്ഥാനത്തിൽ വെളിപ്പെടുത്തികൊടുക്കുവാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞു എന്നത് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്. വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഒരു പുരോഹിതൻ നേരിടുന്ന വെല്ലുവിളികളും അതിലുള്ള പൗരോഹിത്യധർമ്മവും ടി. ഗ്രന്ഥത്തിൽ ആദിയോടന്തം ദർശിക്കുവാൻ കഴിയും. വിവാഹം ഒരു ദൈവവിളിയാണെന്ന ബോധ്യത്തിൽ കൂട്ടുത്തരവാദിത്വത്തെ തിരിച്ചറിഞ്ഞുകൊണ്ട് വിട്ടുവീഴ്ചാ മനോഭാവത്തോടുകൂടെ പരസ്പരം സ്നേഹിച്ച് എങ്ങനെ മാതൃകാ കുടുംബങ്ങളായിത്തീരാം എന്ന് ഈ ഗ്രന്ഥം വരച്ചു കാട്ടുന്നു.

സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം സൃഷ്ടിച്ച ആദ്യ മനുഷ്യബന്ധം എന്നത് ഭാര്യഭർത്തൃബന്ധമാണ്. ഏദനിൽ ആരംഭിച്ച ഈ ബന്ധത്തിന്റെ പിൻതുടർച്ചയാണ് ഓരോ കുടുംബവും. ഓരോ ക്രൈസ്തവ വിവാഹവും കുടുംബബന്ധങ്ങളും ആരംഭിക്കുന്നത് ഈ ബന്ധത്തിലൂടെയാണ്. ആയതിനാൽ കുടുംബത്തെ പരസ്പരം നന്മ ഉറപ്പാക്കുന്ന ബന്ധങ്ങളുടെ സംവിധാനം എന്നു വിളിക്കാം. ഒരു സുശക്തമായ രാഷ്ട്രനിർമ്മിതിയ്ക്ക് കുടുംബം കാരണമാകുന്നു.

മാതൃകാദാമ്പത്യം ഒരു കൂട്ടുത്തരവാദിത്തമാണ്. ആധുനിക ലോകത്തിൽ കുടുംബങ്ങൾ തകരുന്നതിന് പല കാരണങ്ങൾ ഉണ്ടെങ്കിലും അതിൽ ഇന്ന് കൂടുതലായി കണ്ടുവരുന്ന ഒരു കാരണം ദമ്പതികളിൽ രൂപപ്പെടുന്ന 'അഹം' എന്ന ഭാവമാണ്. ഈ ഭാവം ബന്ധങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. ഇത്തരമൊരു സാഹചര്യത്തിൽ റവ. ഫാ.ഡോ.ജയിംസ് ജേക്കബ് തോടത്തിൽ രചിച്ച 'ദാമ്പത്യം എന്ന വരം' എന്ന ഗ്രന്ഥം ആധുനിക ലോകത്തിൽ മാതൃകാകുടുംബം എങ്ങനെ ആയിരിക്കണമെന്ന് ദൈവശാസ്ത്ര -മനഃശാസ്ത്ര വീക്ഷണത്തിൽ നിന്നു കൊണ്ട് കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെ വിശകലനം ചെയ്യുന്നു.

പ്രസ്തുത ഗ്രന്ഥം ആധുനിക ലോകത്തിൽ ക്രൈസ്തവ കുടുംബം നേരിടുന്ന വെല്ലുവിളികളുടെ കാരണങ്ങളും പരിഹാരവും വളരെ ലളിതമായി വായനക്കാർക്ക് ഗ്രഹിക്കുവാൻ കഴിയുന്നവിധം ജോസഫ്, ലിസ്സി എന്നീ സാങ്കല്പിക കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ട് വിശകലനം ചെയ്യുന്നു. 'ഞാനും ജയിക്കണം നീയും ജയിക്കണം' എന്ന മനോഭാവത്തോടുകൂടി ദമ്പതികൾ വർത്തിക്കുമ്പോൾ കുടുംബം വിജയിക്കുന്നു.

ഈ ഗ്രന്ഥത്തിലെ സാങ്കല്പിക കഥാപാത്രങ്ങളോടൊപ്പം നിൽക്കുന്ന മറ്റൊരു വ്യക്തിയാണ് ഇടവകയിലെ വികാരിയച്ചൻ. പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ മഹത്വം ഈ ഗ്രന്ഥത്തിൽ വെളിപ്പെടുത്തുന്നു. ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരോടൊപ്പം സഞ്ചരിച്ച് പ്രതിസന്ധികളെ സ്വയം തരണം ചെയ്യുവാൻ അവരെ പ്രാപ്തരാക്കുന്ന ഒരു നല്ല ഇടയനെ ഈ ഗ്രന്ഥം പരിചയപ്പെടുത്തുന്നു. ആധുനിക ലോകത്തിലെ കുടുംബങ്ങളെല്ലാം മാതൃകാ കുടുംബങ്ങൾ ആയിത്തീരുക എന്ന ലക്ഷ്യത്തോടെ ജയിംസ് അച്ചൻ രചിച്ച ഈ ഗ്രന്ഥം ദമ്പതികൾക്കും പുരോഹിതർക്കും ഒരുപോലെ ഉപകരിക്കട്ടെയെന്ന് ആശംസിക്കുന്നു.

**കോപ്പികൾക്ക്:**

1. സി.എസ്.എസ്. തിരുവല്ല Ph: 2630389
2. ക്നാനായ ബുക്ക് സെന്റർ, ചിങ്ങവനം, റവ. ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത് 9741973992
3. ഫാ. ഡോ. ജയിംസ് ജേക്കബ് തോടത്തിൽ 9447456204



*ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വെയിറ്റ് ലോസ് മത്സരത്തിൽ സമ്മാനാർഹർ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസിനോടൊപ്പം*

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വെയിറ്റ് ലോസ് മത്സരത്തിൽ 8-5-2025 ൽ വിജയികൾക്ക് ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് സമ്മാനങ്ങൾ നൽകി. വികാരി ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. പുരുഷ വിഭാഗത്തിൽ വിനോദ് പുലുതുരുത്തിൽ, മനു കരിയിൽ എന്നിവരും, വനിതാ വിഭാഗത്തിൽ ഷീന ഏലിയാസ് തറയിൽ മുളയ്ക്കാംചിറ, ടിനു സേതു കോയിത്തറ എന്നിവരും വിജയികളായി. ട്രസ്റ്റി ജേക്കബ് പുന്നൂസ് പള്ളത്തറ, സെക്രട്ടറി കെ.കെ. കുരുവിള കിഴക്കേക്കളം, ബെന്നി കരിയിൽ, ലിറ്റോ മണക്കാട്ട്, സേതു കോയിത്തറ, റൂബി പുത്തൻപറമ്പിൽ, ജൂബി കൊച്ചുപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.



ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളിയിൽ ക്നാനായ കോൺഗ്രസിന്റെ വിദ്യാജ്യോതി വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം ഏറ്റുമാനൂർ സർക്കിൾ ഇൻസ്പെക്ടർ അൻസൽ എ. എസ് നിർവ്വഹിക്കുന്നു. കെ.എം. ചാക്കോ കളത്തിൽപറമ്പിൽ. കെ.എ. മാത്യു കൊമറത്തുംപറമ്പിൽ, ഏബ്രഹാം കെ. തോമസ്, സാബു സ്കറിയ, ഫാ. സാജൻ സി. അലക്സ് ചക്കാലയിൽ, തോമസുകുട്ടി ചിറയിൽപീടിക, സെക്രട്ടറി ലിജോ പാറേക്കുന്നുംപുറം, വിനു സ്കറിയ എന്നിവർ സമീപം.

# മഹാകവി വെണ്ണിക്കുളം പുരസ്കാരം ഡോ. സോണിയ ചെറിയാന്

തിരുവല്ല പ്രവാസി സംസ്കൃതി അസ്സോസിയേഷന്റെ മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക പുരസ്കാരം എഴുത്തുകാരിയായ ലെഫ്റ്റനന്റ് കേണൽ ഡോ. സോണിയ ചെറിയാന്റെ 'സ്നോ ലോട്ടസ്' എന്ന നോവലിന് ലഭിച്ചു. സാഹിത്യകാരിയും, നോവലിസ്റ്റും ആയ സോണിയ ചെറിയാൻ കണ്ണൂർ ജില്ലയിലെ പേരാവൂർ സ്വദേശിനിയാണ്. ഇന്ത്യൻ കരസേനയുടെ ലെഫ്റ്റനന്റ് കേണലായി വിരമിച്ചു.

വെണ്ണിക്കുളം സെന്റ് ബഹനാൻസ് സെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽവച്ച് കേരള ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ ജയരാജ് പുരസ്ക്കാരം സമ്മാനിച്ചു. തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനത്തിൽ ജില്ലാ പഞ്ചായത്തംഗം ജിജി മാത്യു, പുറമറ്റം പഞ്ചായത്ത് പ്രസിഡന്റ് ജൂലി കെ. വർഗീസ്, ഡോ. ജോസ് പാറക്കടവിൽ, ഡോ.ജിജി ചാക്കോ, പ്രവാസി സംസ്കൃതി അസ്സോസിയേഷൻ സെക്രട്ടറി ബിജു ജേക്കബ് കൈതാരം, സ്കൂൾ പ്രിൻസിപ്പൽ ഡോ. ജേക്കബ് ഏബ്രഹാം, സ്കൂൾ പ്രധാന അദ്ധ്യാപിക രജനി ജോയ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ മഹാകവി വെണ്ണിക്കുളത്തിന്റെ തിരഞ്ഞെടുത്ത കവിതകളുടെ അവതരണവും ഉണ്ടായിരുന്നു.




## നിന്റെ പ്രവർത്തി എന്ത്?

വിതച്ച വിത്തൊക്കെ കാക്കകൾ കൊത്തിത്തിന്നുന്നു. കർഷകൻ പൊറുതിമുട്ടി. അയാൾ പാടത്ത് വലയൊരുക്കി.

ഒരു പ്രാവിന്റെ പിന്നാലെ പറക്കുകയായിരുന്നു പരുന്ത്. ഇന്നത്തെ ആഹാരത്തിന് അത് മതി. വാശിയോടുള്ള പറക്കലാണ്. സ്വയം മറന്നുപറന്ന പരുന്ത് വലയിൽ കുടുങ്ങിപ്പോയി. പ്രാവ് രക്ഷപ്പെടുകയും ചെയ്തു.

ചിറകിട്ടടിക്കുന്ന പരുന്തിന്റെ അടുക്കലേക്ക് കർഷകൻ ചെന്നു. അപ്പോൾ പരുന്ത് പറഞ്ഞു.

'ഞാൻ നിങ്ങൾക്ക് ഒരു ഉപദ്രവവും ചെയ്തിട്ടില്ല. ഞാൻ മാന്യനും മര്യാദക്കാരനുമാണ്. ഒരു പെറുക്കി പ്രാവിനെ പിന്തുടർന്ന് ഞാൻ വലയിൽ അകപ്പെട്ടു എന്നതാണ് സത്യം. അതിനാൽ എന്നെ താങ്കൾ സ്വതന്ത്രനാക്കണം.'

'നീ മര്യാദക്കാരനായിരിക്കാം. എനിക്ക് ഉപദ്രവം ചെയ്തിട്ടില്ലെന്നും സമ്മതിക്കാം. പക്ഷേ, നിനക്ക് എന്തു തരത്തിലുള്ള ഉപദ്രവം ചെയ്തിട്ടാണ് ആ പ്രാവിനെ കൊല്ലാൻ നീ പറന്നത്? കർഷകൻ തന്റെ ചോദ്യത്തിനു ശേഷം തെല്ലൊന്നു നിർത്തി. 'നിനക്ക് ഉത്തരം നൽകാൻ കഴിയില്ലെന്ന് തീർച്ച. അതിനാൽ ബഹുമാന്യനായ പരുന്തേ, നീ പറഞ്ഞ മാന്യത സൂക്ഷിച്ചുകൊണ്ടു തന്നെ ഞാൻ നിന്നെ കഴുത്ത് ഞെരിച്ചു കൊല്ലട്ടെ.'

***മാന്യതയും അന്തസ്സും സംസാരത്തിൽ മാത്രമല്ല പെരുമാറ്റത്തിലും ഉണ്ടാവണം.***

### Bible Quiz (English) For Children
### June- 2 Chronicles

1. What king is known for building the first temple in Jerusalem?
2. What was the name of the wise foreign ruler who visited King Solomen and tested his wisdom?
3. Which king of Judah sought guidance from the prophet Azariah and was encouraged to seek the Lord?
4. Which king of Judah faced a massive army of Moabites, Ammonites, and Mount Seirites, and was led to pray to God?
5. Acroding to 2 Chronicles 15:1-6, What is the advice given to Asa by the propnet Asariah?
6. What city did king Jehoshaphat establish miltary garrisons in?
7. According to 2 Chronicles 17, how many cities did king Jehoshaphat fortify?
8. What is the message or theme of 2 Chroniclas?
9. Who was the successor of Hezekiah?

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**എസ്രാ** (Ezra)

**ജൂൺ മാസത്തിലെ ചോദ്യങ്ങൾ**

1. തന്റെ രാജ്യത്തുള്ള യഹൂദന്മാർ എല്ലാവരും യെരുശലേമിൽ ദൈവത്തിനു ആലയം പണിയേണ്ടതിനു പുറപ്പെടുവാൻ കല്പന നൽകിയ പാർസി രാജാവാര്?
2. കോരെശിന്റെ വിളംബര പ്രകാരം യെരുശലേമിലേക്കും യെഹൂദയിലേക്കും മടങ്ങി വന്നവർ എത്ര?
3. സെരുബ്ബാബേലിന്റെ പിതാവാര്?
4. സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ പണിത യെരുശലേം ദേവാലയത്തിനു അടിസ്ഥാനം ഇട്ടതാര്?
5. എസ്രായുടെ പിതാവാര്?
6. ബാബേലിൽനിന്നും യാത്ര തിരിച്ച എസ്രാ എത്ര നാൾകൊണ്ടാണ് യെരുശലേമിൽ എത്തിയത്?
7. ആരുടെ അറയിൽ ചെന്നാണ് എസ്രാ ഭക്ഷണം കഴിക്കാതെ രാപാർത്തത്?
8. വസ്ത്രവും മേലങ്കിയും കീറി തലയിലും താടിയിലുമുള്ള രോമം വലിച്ചു പറിച്ചു സ്തംഭിച്ചു കുത്തിയിരുന്നവൻ ആര്?
9. യിസ്രായേൽ മക്കൾ വിവാഹം കഴിച്ച അന്യജാതിക്കാരത്തികളോട് വേർപെടുവാൻ എസ്രാ ജനങ്ങളെ ആഹ്വാനം ചെയ്തപ്പോൾ വിരോധം പറഞ്ഞവർ ആരെല്ലാം?
10. ഞങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ ഇന്നുവരെയും ഞങ്ങൾ വലിയ കുറ്റക്കാരായിരുന്നു. ആര് ആരോടു പറഞ്ഞു?

**മെയ് മാസത്തിലെ ഉത്തരങ്ങൾ**


ദിനവൃത്താന്തം രണ്ടാം പുസ്തകം

1. ഹൂരി (1:5)
2. ഈന്തപ്പന (3:5)
3. മീഖായാവ് (18:23)
4. യെഹോയാദാ (24:8)
5. ഉസ്സീയാവ് (26:19)
6. 55 വർഷം (33:1)
7. രണ്ടാം ഭാഗത്ത് (32:22)
8. 18-ാം ആണ്ടിൽ (35:19)
9. നെബുഖദ്നേസർ (36:7)
10. കോരെശ് (36:23)

### Answers for the month of May
### 1. Chronicles

1. Abraham and keturah (1:32)
2. Daniel (3:1)
3. House of Dagon (10:9-10)
4. Joabe (11:6)
5. Jabes (11:6)
6. 105 gold and 295 silver (29:34)
7. Ismael (1:29)
8. The Levites (15:11-12)
9. Abiathar (27:34)
10. Elhanan 20:5

# ആത്മനാഥനൊപ്പം 2 വർഷം-12.06.2025



ക്രിസ്റ്റാ ജെറിൻ
പച്ചാംകുളത്ത്, കറ്റോട്

**ഓർമ്മക്കൂട്**

ആകാശവിതാനങ്ങൾക്കുമപ്പുറം പോയ്
അലിഞ്ഞുചേർന്നൊരോമൽ പൊൻമണിയെ
ആത്മനാഥനൊപ്പംചേരുവാനുള്ളൊരു
ആഗ്രഹമൊളിപ്പിച്ചോരു മണിമുത്തേ!
മധുരിക്കും മിഠായികൾ നുണയാനും *നിൻ-
മടിയിലിരുന്നു കളിപ്പാനും ത്രസിച്ച
മനമെന്ത, ഞങ്ങളാരും കണ്ടറിഞ്ഞീല,
മടക്കയാത്രവരെയും പൊന്നോമനേ!
ഒപ്പം കളിക്കുവാനുമൊത്തുകൂടുവാനും
ഒരായിരം കഥകൾ പറഞ്ഞുറക്കുവാനും
ഓമനിക്കാനും താലോലിക്കുവാനുമാ-
ഓർമകളുണർത്തും ചിരിമുഖം മാത്രമായ്...
നെറുകയിലൊരുമുത്തം കൊതിയായെങ്കിലും
നെഞ്ചിലെയാരവങ്ങളൊഴിയും വരെയും
നിനക്കായ് പ്രാർത്ഥനകളിനിയും തുടരും;
നാമൊന്നായിനി ഒത്തുചേരും നാൾവരെയും..

ബെന്നി മറ്റത്തിൽ, കുറ്റൂർ

*യേശുനാഥന്റെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 25th Death Anniversary
23- 06 - 2025

## 18th Death Anniversary
03- 03 - 2025



Evangelist
**MATHAI PUNNOOSE**

**SOSAMMA PUNNOOSE**

Chirayil, Kattodu

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt - O

## 40 – ാം ചരമദിനം
08 – 06 – 2025



## സൂസമ്മ ഏബ്രഹാം
കടവിൽ, പുല്ലരിക്കുന്ന്

## 40 – ാം ചരമദിനം
10 – 06 – 2025



Advt- O

## കെ. എസ്. ഫിലിപ്പ് കുട്ടി
കൊണ്ടൂർ, ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

## 10th Death Anniversary
08- 06 - 2025




Advt - O

## A. CHACKO
### Srampy Malayil, West Othera

“I have fought the good fight, I have finished the race, I have kept the faith” - 2 Timothy 4:7

By Sorrowing Family

## 1 – ാം ചരമവാർഷികം
19 – 06 – 2025



Advt - O

## കെ. സി. ചാക്കോ (അനിയൻ)
കല്ലേലിൽ, വള്ളംകുളം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

**7–ാം ചരമവാർഷികം**
13–06–2025

**38–ാം ചരമവാർഷികം**
03–05–2025



**കുഞ്ഞമ്മ ചാണ്ടി** **എം. യു. ചാണ്ടി**

മേപ്രത്ത്, അഞ്ചാനി, റാന്നി

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*





**28–ാം ചരമവാർഷികം**
27–06–2025

**ലീലാമ്മ ബേബി**

മേപ്രത്ത്
അഞ്ചാനി, റാന്നി

*ഓർമ്മിക്കാൻ ഒത്തിരി*
*സ്നേഹ വാത്സല്യവും*
*മറക്കാതിരിക്കുവാൻ*
*മാതൃകയും കാട്ടിത്തന്ന*
*അമ്മ എന്ന വലിയ സത്യം*

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 9–ാം ചരമവാർഷികം

27-06-2025



## Mrs.Pennamma Zachariah

**W/o Late Subedar Zachariah M. C.**

**Shan Nivas, Mundiyathara, Thengely**


"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -O

## 1–ാം ചരമവാർഷികം

14-06-2025



## Reji Thomas

**Chakkupurackal (H)**

**Vakathanam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O




## *Saramma Korah*

(Bavukutty)
Wife of Late Mr. M.P. Korah
Mundukottackal

*John 11:25: "I am the resurrection and the life. Whoever believes in me will live, even though he dies."*

Love & Prayers,
Stephen and Reena, Dr. Philip and Sajini,
Geetha and Dr. Kuruvilla, Jacob and Annu,
Grandchildren and Great grandchildren

Advt - O

Ever loving and Never Fading Memory of Our
Beloved Appachen, Amma, Kunjumon, Rajan and Mon

**Pulimoottil Ranni**

**32nd Death Anniversary**
**14-07-2025**

**37th Death Anniversary**
**15-06-2025**



**Kunjamma Zachariah**

**P.C. Zachariah**

**16th Death Anniversary**
**16-09-2025**

**7th Death Anniversary**
**20-08-2025**

**45th Death Anniversary**
**25-10-2025**



**P.Z. Cherian (Kunjumon)**



**P.S. Mathew (Rajan)**



**Shajimon P. Zachariah**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

With Prayers, Sorrowing Family

Advt - O

## 8–ാം ചരമവാർഷികം

12-06-2025



### എൻ. ഐ. കുര്യൻ

നെടുന്തറ താഴ്ചയിൽ, കുറ്റൂർ, തിരുവല്ല

"കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

19-6-2025 (വ്യാഴം)

## ഒന്നാം ചരമ വാർഷികം



### പി. സി. പുന്നൂസ്

(അനിയൻ - 86)

Rtd. Civil Engineer, Ministry of Defence, Sultanate of Oman

പനച്ചയിൽ, കുറ്റൂർ

തേജസ്സിൽ വാഴണെ
മോറാന്മോരെ നാഥനോടൊത്ത്

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## *സ്നേഹസ്മരണയ്ക്ക്*

## 40–ാം ചരമദിനം

09-06-2025




### Thomas A.P.
### (വല്യമോൻ 60)

ആഞ്ഞിലിമൂട്ടിൽ,
ആനപ്രമ്പാൽ, തലവടി

## 1–ാം ചരമവാർഷികം

06-06-2025



### T. Kurian
### (അപ്പായി)


(Rtd. Executive Engineer, PWD)

ആഞ്ഞിലിമൂട്ടിൽ, ഒഴുവൻപാറ, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O




40-ാം ചരമദിനം
14-06-2025



ജെയിംസ് പി. ചാക്കോ (63)
പീടികയിൽ, വള്ളംകുളം

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

1-ാം ചരമവാർഷികം
28-06-2025



തങ്കമ്മ ഏബ്രഹാം
മണിമലേത്ത്, വെച്ചൂച്ചിറ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

**4-ാം ചരമവാർഷികം**
4-06-2025



**ശോശാമ്മ ഏബ്രഹാം**

**24-ാം ചരമവാർഷികം**
25-06-2025



**ചാക്കോ ഏബ്രഹാം**
**(തങ്കച്ചൻ)**

**17-ാം ചരമവാർഷികം**
14-06-2025



**കെ.എ. പുന്നൂസ്**
**(ജോയി)**

**കൊറ്റുചാലിൽ, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

**43-ാം ചരമവാർഷികം**
08-06-2025



**റ്റി.സി ചാക്കോ (കുഞ്ഞച്ചൻ)**

**തുമ്പുങ്കൽ, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

*4th Birthday in Heaven*
11- 06 - 2025



**Kuruvilla Sabu**

*(Retd. from Indian Air Force)*

**Kappiyaruseril House, Trivandrum**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

Advt - O

# അബ്രഹാമിന്റെ ബലി

സണ്ണി കുറിയാക്കോസ്,
ഹെഡ്മാസ്റ്റർ സെന്റ് മേരീസ് കുരിശുപള്ളി, ഇട്ടിയപ്പാറ, റാന്നി

ഉല്പത്തി 17:4-5 എനിക്ക് നീയുമായി ഒരു ഉടമ്പടിയാണ് അനേക ജനതകൾക്ക് പിതാവായിത്തീരും ഇനി നിന്റെ പേര് അബ്രാം എന്നു വിളിക്കപ്പെടുകയില്ല പിന്നെയോ നിന്റെ പേര് അബ്രഹാം എന്നായിരിക്കും. എന്തെന്നാൽ നിന്നെ അനേക ജനതകൾക്ക് പിതാവ് ആക്കിയിരിക്കുന്നുവല്ലോ? ദൈവത്തിനുവേണ്ടി വിവിധങ്ങളും വ്യത്യസ്തങ്ങളായ സംരംഭങ്ങൾ ആരംഭിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ദൈവവിളി അനേകായിരങ്ങൾ ഇന്ന് കേൾക്കാറുണ്ട്. പക്ഷേ ആ വിളി ഏറിയ കൂറും ജീവിതത്തിൽ സ്വപ്നങ്ങളോ സങ്കല്പങ്ങളോ ആയി അവസാനിക്കുന്നതിനാൽ ദൈവം നൽകുവാൻ ആഗ്രഹിക്കുന്ന പദവികൾ അവർക്ക് പ്രാപിക്കുവാൻ കഴിയാതെ വരുന്നു. എന്നാൽ വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ നമ്മൾ മാതൃകയാക്കണം. തന്റെ 75-ാ മത്തെ വയസ്സിൽ ദൈവം അവനെ തന്റെ ദൗത്യത്തിനായി വിളിക്കുമ്പോൾ അവന്റെ പേര് അബ്രാം എന്നായിരുന്നു. തന്റെ വിളി അബ്രാം അനുസരിച്ചതിനാൽ പ്രതിഫലമായി ദൈവം അവനു വലിയ വാഗ്ദാനങ്ങൾ നൽകി. മക്കളില്ലാത്ത അവനെ വലിയ ജനതയാക്കി അവൻ നിമിത്തം ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെട്ടു. പക്ഷേ ഈ വാഗ്ദാനങ്ങൾ പ്രാപിക്കുന്നതിനുവേണ്ടി അവൻ ദൈവത്തെ അനുസരിച്ച് ഒരു യാത്രയ്ക്ക് തുടക്കം കുറിച്ചു. അവൻ ജനിച്ചുവളർന്ന ദേശവും അവന്റെ തറവാട്ടിനോടും വിടപറഞ്ഞു. ദൈവം കാണിച്ചു കൊടുത്ത ദേശത്തിലേക്ക് അബ്രാം യാത്രയായി. പിന്നീട് ബഹു ജാതികൾക്ക് പിതാവായി ദൈവം അബ്രഹാം എന്ന പേര് നൽകി അനുഗ്രഹിച്ചു. ദൈവത്തിന്റെ വിളിക്കനുസരിച്ച് സമ്പൂർണ്ണമായി ഇറങ്ങിത്തിരിക്കുന്നവർക്കേ ഈ അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ.

പിന്നീട് ദൈവം അബ്രഹാമിനെ പരീക്ഷിച്ചു. അബ്രഹാമേ അബ്രഹാമേ എന്ന് ദൈവം വിളിച്ചതിന് അടിയൻ ഇതാ എന്ന് അവൻ മറുപടി നൽകി. നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ മകനെ നീ മോറിയാദേശത്തു പോയി ഞാൻ കല്പിക്കുന്ന മലയിൽ (മോറിയ മലയിൽ) അവനെ ഹോമയാഗം അർപ്പിക്കുക എന്നു പറഞ്ഞു. അബ്രഹാം അതിരാവിലെ എഴുന്നേറ്റ് കഴുതയ്ക്ക് കോപ്പിട്ട് ചെറുപ്പക്കാരായ രണ്ടു ദാസൻമ്മാരെയും തന്റെ ഏകമകനായ ഇസ്സഹാക്കിനെയും കൂട്ടി ഹോമയാഗത്തിനുള്ള വിറകും എടുത്ത് ദൈവം തന്നോട് കല്പിച്ച ദേശത്തേയ്ക്ക് യാത്രയായി. മൂന്നാം ദിവസം മലയുടെ ഉയരത്തിൽ എത്തി. അവിടെ എത്തിയപ്പോൾ അബ്രഹാം ആ സ്ഥലം കണ്ടു. തന്റെ ദാസന്മാരോട് നിങ്ങൾ കഴുതയുമായി ഇവിടെ വിശ്രമിക്കുവിൻ ഞാനും മകനും പോയി ആ സ്ഥലത്ത് ആരാധന നടത്തി തിരിച്ചു വരാം എന്നു പറഞ്ഞു. ഹോമയാഗത്തിനുള്ള വിറക് ഇസ്സഹാക്കിന്റെ ചുമലിൽ വച്ചുകൊണ്ട് തീയും കത്തിയും എടുത്ത് അബ്രഹാം തന്റെ മകനുമായി യാത്ര തിരിച്ചു.

ഇസ്സഹാക്ക് തന്റെ പിതാവായ അബ്രഹാമിനോട് ചേർന്നു നടക്കുമ്പോൾ 'അപ്പ' എന്ന് വിളിച്ചു. എന്താകുന്നു മകനെ! എന്നു ചോദിച്ചതിന് ഇതാ തീയും വിറകും ഉണ്ടല്ലോ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ? എന്ന് ചോദിച്ചതിന് ദൈവം കരുതിക്കൊള്ളും മകനെ എന്ന് അബ്രഹാം മറുപടി നൽകി. അങ്ങനെ അവർ ഇരുവരും മുന്നോട്ട് നടന്നു.

ദൈവം കല്പിച്ച സ്ഥലത്ത് എത്തിയപ്പോൾ അബ്രഹാം അവിടെ ഒരു യാഗപീഠം പണിതു. അതിൻമേൽ വിറക് അടുക്കി തന്റെ മകൻ യിസ്സഹാക്കിന്റെ കൈകാലുകൾ ബന്ധിച്ച് ആ ബലിപീഠത്തിൽ കിടത്തി. പിന്നീട് മകനെ അറക്കുന്നതിനായി തന്റെ അരയിൽ കരുതിയിരുന്ന കത്തിയെടുത്ത് ഉയരത്തിലേയ്ക്ക് വിശുമ്പോൾ യഹോവയുടെ ദൂതൻ ആകാശത്തളങ്ങളിൽ നിന്ന് അബ്രഹാമിനെ വിളിച്ചു. അബ്രഹാമേ, അബ്രഹാമേ, നീ ബാലന്റെ മേൽ കൈവയ്ക്കരുത് നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ അറിയുന്നു. അവനെ ഒന്നും ചെയ്യരുത് നിന്റെ ഏകജാതനെ തരുവാൻ മടികാണിക്കാത്തതിനാൽ നീ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു). ഞാൻ നിന്നെ സ്നേഹിക്കുന്നു. അബ്രഹാം തിരിഞ്ഞു നോക്കുമ്പോൾ കുറ്റിക്കാട്ടിൽ കൊമ്പുകോർത്തു കുരുങ്ങി കിടക്കുന്ന ഒരു ആട്ടിൻകൊറ്റനെ കണ്ടു. ഇസ്സഹാക്കിനുപകരം ആ ആട്ടിൻകൊറ്റനെ എടുത്തു ദൈവത്തിനു യാഗം അർപ്പിച്ചു. പിന്നീട് അബ്രഹാം ആ സ്ഥലത്തിനു യഹോവ - യിരെ - എന്ന് പേരിട്ടു. (യഹോവ കരുതി കൊള്ളുക) യഹോവയുടെ പർവ്വതത്തിൽ അവൻ കരുതിക്കൊള്ളും എന്ന് ഇന്നുവരെയും പറഞ്ഞുവരുന്നു. പിന്നീട് ദൈവത്തിന്റെ ദൂതൻ ആകാശത്തിൽ നിന്ന് രണ്ടാമതും അബ്രഹാമിനെ വിളിച്ചു. അവനോട് ഇപ്രകാരം പറഞ്ഞു നീ ഈ കാര്യം ചെയ്തതുകൊണ്ട് നിന്റെ ഏകജാതനെ തരുവാൻ മടി കാണിക്കാതെ ഇരുന്നതുകൊണ്ട് ഞാൻ എന്നെ കൊണ്ട് സത്യം ചെയ്യുന്നു. ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതി പരമ്പരകൾ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും, കടൽത്തീരത്തിലെ മണൽത്തരികൾപ്പോലെയും വർദ്ധിക്കും. നിന്റെ സന്തതികൾ അവരുടെ ശത്രുക്കളുടെ നഗരങ്ങൾ കൈവശം ആക്കും. നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതിയിലൂടെ ഭൂമിയിലെ എല്ലാ രാജ്യങ്ങളും അനുഗ്രഹിക്കപ്പെടും. പിന്നീട് അബ്രഹാം തന്റെ ദാസൻമാരുടെ അടുക്കൽ തിരിച്ചെത്തി അവർ ഒരുമിച്ച് ബേർ ശേബായിലേയ്ക്ക് മടങ്ങി. അബ്രഹാം പിന്നീട് ബേർ ശേബായിൽ താമസിച്ചു. ഇന്ന് വി.ബലിയിൽ നമ്മൾ പങ്കാളികൾ ആകുമ്പോൾ അബ്രഹാമിന്റെ ബലി കൈക്കൊണ്ട കർത്താവേ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു. വി. മാമോദീസാ എന്ന കൂദാശയാൽ ശുദ്ധീകരണത്തിലൂടെ ജീവന്റെ പുസ്തകത്തിൽ പേര് എഴുതപ്പെട്ടവരായി വി. കുർബ്ബാന അനുഭവിച്ച് മാനസാന്തര ശുശ്രൂഷയിൽ വീണ്ടും ജനനം പ്രാപിച്ചവരായി പറുദീസായുടെ അവകാശികളായി അബ്രഹാമിനോടും ഇസ്സഹാക്കിനോടും യാക്കോബിനോടും കൂടെ വസിച്ച് ഇമ്പങ്ങളുടെ പറുദീസായിൽ പ്രവേശിക്കുന്നതിന് ദൈവം ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# പെന്തിക്കോസ്തിപ്പെരുന്നാൾ എന്നാലെന്ത്? പുതിയനിയമസഭയിൽ അതിന്റെ പ്രസക്തിയെന്ത്?

പഴയനിയമകാലത്ത് യിസ്രായേൽ ജനം അനേക പെരുന്നാളുകൾ ആചരിച്ചു വന്നിരുന്നു. മിസ്രയിമ്യ അടിമത്വത്തിൻനിന്ന് വിടുതൽ പ്രാപിച്ചതിനെ അനുസ്മരിച്ചുകൊണ്ട് വർഷം തോറും ആചരിച്ചുവന്ന പെസഹാപ്പെരുന്നാൾ, മോശ മുഖാന്തിരം പത്തു കല്പനകളും ന്യായപ്രമാണവും ലഭിച്ച സീനായ് ഉടമ്പടിയെ അനുസ്മരിച്ചുകൊണ്ട് നടത്തിവന്ന പെന്തിക്കോസ്തിപ്പെരുന്നാൾ മരുഭൂയാത്രയിൽ സമാഗമന കൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്ത് കൃപാസനത്തിന്മേൽ ദൈവത്തിന്റെ തേജസ്സ് അനുഭവിച്ചതിന്റെയും മരുഭൂയാത്രയുടെ 40 വർഷം അവരുടെ പിതാക്കന്മാർ താല്ക്കാലിക കൂടാരത്തിൽ വസിച്ചതിനേയും അനുസരിച്ചു നടത്തി വന്ന കൂടാരപ്പെരുന്നാൾ, ബാബേൽ പ്രവാസത്തിനു ശേഷം മടങ്ങിവന്ന് യറുശലേം ദൈവാലയം പുതുക്കി പണിതതിനെ അനുസ്മരിച്ചു നടത്തിവന്ന "ഹനുക്ക" അഥവ ദൈവാലയ പ്രതിഷ്ഠോത്സവം, ഹാമാന്റെ കഴുമരത്തിൽനിന്ന് യിസ്രായേൽ രക്ഷപ്പെട്ടതിനെ അനുസ്മരിച്ചു നടത്തിയ പൂരിംപെരുന്നാൾ, വാരഫലപെരുന്നാളുകൾ ഇങ്ങനെ അനേക പെരുന്നാളുകൾ ഇസ്രായേൽ ആചരിച്ചുവന്നു.

ഇവയിൽ പ്രധാനപ്പെട്ട മൂന്നു പെരുന്നാളുകൾ പെസഹ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ എന്നിവയായിരുന്നു. കനാനിൽ പ്രവേശിച്ചശേഷം പെന്തിക്കോസ്തിപ്പെരുന്നാളിനോട് ചേർത്തു വിളവെടുപ്പുപെരുന്നാളും അവർ ആചരിച്ചുവന്നു. "പെന്തിക്കോസ്തി" എന്ന ഗ്രീക്കു പദത്തിന് അമ്പതാമത്തേത് എന്നാണർത്ഥം. അതായത് യവത്തിന്റെ കൊയ്ത്തു കഴിഞ്ഞ് ഏഴ് ആഴ്ച (49 ദിവസം) കഴിഞ്ഞുവരുന്ന അമ്പതാമത്തെ ദിവസം പെന്തിക്കോസ്തിപ്പെരുന്നാളായി അവർ ആചരിച്ചുവന്നു.

**പുതിയ നിയമ പെന്തിക്കോസ്തി**

നമ്മുടെ കർത്താവിന്റെ ഈ ഭൂമിയിലെ ശുശ്രൂഷകാലം കഴിയാറായപ്പോൾ "ഞാൻ പോയാൽ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുമെന്നും അവൻ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുമെന്നും, അവൻ സകല സത്യത്തിലേക്കും നിങ്ങളെ വഴിനടത്തുമെന്നും താൻ ശ്ലീഹന്മാരെ അറിയിച്ചു (യോഹ. 16:7,8,13). തന്റെ പ്രേഷിതകാലത്ത് ശ്ലീഹന്മാരെ അയച്ചപ്പോൾ "നിങ്ങൾ ജാതികളുടെ അടുക്കൽ പോകാതെയും, ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽ തന്നെ ചെല്ലുവീൻ" (മത്താ.10:5–6, മർക്കോ. 6:7–13, ലൂക്കോ 9:1–6) എന്നരുളി ചെയ്ത കർത്താവ് സ്വർഗ്ഗാരോഹണത്തിനുമുമ്പ് "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുന്നതുവരെ നിങ്ങൾ യറുശലേം വിട്ടു പോകരുതെന്നും, ആത്മാവ് വന്നതിനുശേഷം നിങ്ങൾ ശക്തി പ്രാപിച്ച് യറുശലേമിലും, യഹൂദ്യായിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്നും അരുളി ചെയ്തു" (അപ്പോ.1:4,8).

അങ്ങനെ കർത്താവിന്റെ കല്പന പ്രകാരം പരിശുദ്ധാത്മ ആഗമനം പ്രതിക്ഷിച്ചുകൊണ്ട് പരിശുദ്ധ അമ്മയോടു ചേർന്ന് ശ്ലീഹന്മാർ നമ്മുടെ കർത്താവ് ആദ്യ വി.കുർബ്ബാന അർപ്പിച്ച മർക്കോസിന്റെ മാളികയിൽ പ്രാർത്ഥനാ നിരതരായി ഇരിക്കുമ്പോൾ പഴയ നിയമ പെന്തിക്കോസ്തിപ്പെരുന്നാൾ ദിവസം പരിശുദ്ധാത്മാവ് അഗ്നിനാവിന്റെ രൂപത്തിൽ ശ്ലീഹന്മാരുടെമേൽ ഇറങ്ങി ആവസിച്ച് സ്ഥിരവാസത്തിനായി ഭൂമിയിൽ വന്നതിന്റെ അനുസ്മരണവും അതിനോട് നാം താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നതാണ്. പുതിയ നിയമ പെന്തിക്കോസ്തിപ്പെരുന്നാൾ (അപ്പോ. 2:1––11).

പഴയ നിയമകാലത്തും കർത്താവിന്റെ ശുശ്രൂഷ കാലത്തും പരിശുദ്ധാത്മാവ് സ്ഥിരമായി ഭൂമിയിൽ വസിച്ചിരുന്നില്ല. ചിലപ്രത്യേക സന്ദർഭങ്ങളിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന ചില ആളുകളിൽ പരിശുദ്ധാത്മാവ് വന്ന് അവരെക്കൊണ്ട് സംസാരിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മോശയിലും, ഏലിയാവിലും, ശിംശോനിലും, ദാവീദിലും, പ്രവാചകന്മാരിലും, പരിശുദ്ധ മറിയത്തിലും ഒക്കെ കാലാകാലങ്ങളിൽ പരിശുദ്ധാത്മാവ് വരികയും പ്രവർത്തിക്കുകയും ചെയ്തുവെങ്കിലും ആരിലും സ്ഥിരമായി വസിച്ചില്ല. പരിശുദ്ധാത്മാവിന്റെ അപ്രകാരമുള്ള താല്ക്കാലിക പ്രവർത്തനം മനസ്സിലാക്കിയിട്ടാവണം "ദൈവമേ സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ, നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നെടുക്കുകയും അരുത്" എന്ന് ദാവീദ് പ്രാർത്ഥിച്ചത് (സങ്കീ. 5:10–11).

എന്നാൽ പരിശുദ്ധാത്മാവ് സ്ഥിരവാസത്തിന് ഭൂമിയിൽ വന്നതിനുശേഷം പരിശുദ്ധ സഭയെ സകല സത്യത്തിലേക്കും വഴി നടത്തുകയും, നമ്മിൽ വസിക്കുന്ന ദൈവിക അംശമായ ആത്മാവിനെ ശുദ്ധീകരിക്കുകയും, പാപബോധം ഉളവാക്കുകയും, സൽഫലങ്ങളെ പുറപ്പെടുവിക്കാൻ പ്രേരിപ്പിക്കുകയും, നമ്മെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കുവാനും, കരുതുവാനും പ്രേരണ നൽകുകയും അപരന്റെ ബലഹീനതകളെ സഹിക്കുവാനും ക്ഷമിക്കുവാനും ശക്തീകരിക്കുകയും ചെയ്യുന്നു.

പരിശുദ്ധ മാമോദിസയിലൂടെ നാം പാപമോചനം പ്രാപിക്കുകയും പരിശുദ്ധ മൂറോനഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തവരാണെങ്കിലും നമ്മിലെ പാപചിന്തകളും പ്രവൃത്തികളും മുഖാന്തിരം നമ്മിലെ പരിശുദ്ധാത്മാവ് നിർജ്ജീവാവസ്ഥയിലെത്തുന്നു. ആ പരിശുദ്ധാ

ത്മാവിനെ വീണ്ടും പുതുക്കി പ്രവർത്തന ക്ഷമതയിലെത്തിക്കുവാനുള്ള പ്രാർത്ഥനകളാണ് കാത്തിരിപ്പിന്റെ ദിവസങ്ങളിൽ നടത്തുന്നത്. ഉദാഹരണമായി പറഞ്ഞാൽ നടക്കുവാനുപയോഗിക്കുന്ന നമ്മുടെ കാലുകൾ കുറേ സമയം നിലത്തിരുന്നാൽ കാൽ മരവിച്ചു പോകുന്നു. കാരണം രക്തയോട്ടം ക്രമമായി നടക്കാത്തതിനാലാണ് അങ്ങനെ സംഭവക്കുന്നത്. മരവിച്ച് കാലിന് രൂപവ്യത്യാസം സംഭവിക്കുകയോ അത് ശരീരത്തിൽനിന്ന് മുറിഞ്ഞു പോകുകയോ ചെയ്യുന്നില്ലെങ്കിലും സ്പർശന ശക്തി (Sensation) നഷ്ടപ്പെടുന്നു. എന്നാൽ നാം കാലു വലിച്ച് കുടഞ്ഞുകഴിയുമ്പോൾ Blood circulation നടക്കുകയും കാൽ പൂർവ്വസ്ഥിതിയിലാവുകയും ചെയ്യുന്നു. ഇതുപോലെ നമ്മിലെ പാപപ്രവൃത്തി മുഖാന്തിരം നിർജ്ജീവാവസ്ഥയിലെത്തുന്ന ആത്മാവിനെ വീണ്ടും പ്രവർത്തനക്ഷമതയിലേക്ക് കൊണ്ടുവരുന്നതിനുള്ള ദിവസങ്ങളാണ് കാത്തിരിപ്പിന്റെ ദിവസങ്ങളും അതിനുള്ള പ്രത്യേക പ്രാർത്ഥനകളും.

സഭയിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ പുതുക്കം പ്രാപിക്കാനുള്ള പ്രാർത്ഥനകളും ശുശ്രൂഷകളുമാണ് പെന്തിക്കോസ്തിപ്പെരുന്നാളിൽ നടക്കുന്നത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നടത്തുന്ന പ്രത്യേക ശുശ്രൂഷയാണത്. പൗരസ്ത്യ സഭകളിൽ ഈ ശുശ്രൂഷയിൽ വെള്ളംകൊണ്ടുള്ള തളിപ്പ് നടത്തുന്നു. വെള്ളം ജീവന്റെയും ശുദ്ധീകരണത്തിന്റെയും പ്രതീക്കമാണ്. പെന്തിക്കോസ്തി ശുശ്രൂഷയിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിനെ പുതുക്കി ആത്മ നിയന്ത്രണമായ ജീവിതത്തിന് നമ്മെ തന്നെ സമർപ്പിക്കാം. ●

## Nazareth Asramam, Othera

**01/02/2025 to 27 /05/2025**

**Donation**

| | |
|---|---|
| Mary Punnose, Kannakuzhiyil,Vallamkulam | Rs.5000 |
| Chinnamma Mathew,Melel, Ranny | " 5000 |
| Jinu M. Philip, Nayickmadathil, Kurichy | " 55800 |
| Biju Elappunkal, Ireland | " 5001 |
| Lijumon Jacob, Valliyil,Eraviperoor | " 5000 |
| Anison Anish Punnose,Changayil,Mazhukeer | " 8000 |

**Tiby Tamarappally**
**Secretary, 7356395259**

To make your contributions :

**Account Details**

M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729
MICR Code : 689049203

## ഡോക്ടറേറ്റ് നേടി



ഇക്കണോമിക്സിൽ ഡ്രവീഡിയൻ യൂണിവേഴ്സിറ്റി കുപ്പം ആന്ധ്രാപ്രദേശിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ബിജോയ് ഏബ്രഹാം MA, PGDPR & J. B.Ed, MPhil, PhD (മനു പുന്നൂസ്). Government First Grade College for Women Chamrajpet Bangalore, Economic വിഭാഗം മേധാവിയാണ്. ബാംഗ്ലൂർ സിറ്റി സർവ്വകലാശാലയുടെ ബോർഡ് ഓഫ് Examination Chairman, ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

മൂന്നുതവണ NAAC Co-Ordinator ആയി പ്രവർത്തിച്ച് കോളേജിന് NAAC Accreditation നേടിക്കൊടുത്ത മനു National and International Conference കളിലായി 50 ൽ അധികം പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ National and International Journals ൽ 30 ൽ അധികം Research papers പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് സമഗ്രസേവനങ്ങൾക്കുള്ള Dr. A.P.J. Abdul Kalam National Award നേടിയിട്ടുണ്ട്. ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ (ബാംഗ്ലൂർ) കവിയൂർ ചെറുതറയിൽ കുടുംബാംഗമാണ്. ഭാര്യ ബിനിത എറണാകുളം കുന്നിൽ കുടുംബാഗം. മക്കൾ Ashwin. Abhay, Alex.

**07-ാം ചരമവാർഷികം**
**16-06-2025**



**വി. എം. ഏബ്രഹാം**
**വടക്കേമുറിയിൽ**
**ഐത്തല, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**04-ാം ചരമവാർഷികം**
**02-07-2025**




**ബേബി തോമസ്**
(കൊച്ചുബേബി, ഉപദേശി)
**ഇടശ്ശേരിൽവാക്കൽ**
**റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

# പ്രിയ തൈക്കുട്ടത്തിലച്ചൻ: എന്നും മാതൃകയാക്കാവുന്ന വൈദിക ശ്രേഷ്ഠൻ

**തോമസുകുട്ടി തേവരുമുറിയിൽ, ക്നാനായ കമ്മിറ്റി അംഗം**



കാപട്യമില്ലാത്ത നിർമ്മല സ്നേഹം, സത്യവിശ്വാസ ദൃഢത, ആദർശധീരത, പ്രാർത്ഥനാജീവിതം, സത്യസുവിശേഷാഭിമുഖ്യം, നിസ്വാർത്ഥത തുടങ്ങി, യഥാർത്ഥ വൈദിക ജീവിതത്തിന്റെ മർമ്മങ്ങളെയെല്ലാം ആവാഹിച്ചെടുത്തിരുന്ന തൈക്കൂട്ടത്തിലച്ചൻ എന്ന റ്റി. എം. മാത്യൂസ് കശ്ശീശാ എന്നും ഒരു മാതൃകാ വൈദികനായിരുന്നു. ബാല്യം മുതൽ എന്റെ മനസ്സിൽ ആഴത്തിൽ ഇടം പിടിച്ച ബഹു. തൈക്കുട്ടത്തിലച്ചൻ ഞങ്ങളുടെയെല്ലാം ആദരണീയനായ ഒരു കുടുംബ സുഹൃത്തും ആയിരുന്നു.

നീതിബോധമുള്ള ബഹു.അച്ചൻ വിശ്വസിക്കുന്ന ആദർശങ്ങൾക്കുവേണ്ടി ഏത് ത്യാഗവും സഹിക്കുന്നതിനു തയ്യാറുള്ളവനും, നീതിനിമിത്തം പീഢിപ്പിക്കപ്പെടുന്നവരോടൊപ്പം നിന്നു, അവരെ ചേർത്തു പിടിച്ചു ആശ്വസിപ്പിക്കുന്നവനുമായിരുന്നു. ദൈവത്താൽ വിളിക്കപ്പെട്ടു, വൈദിക ജീവിതത്തിലേക്കു വന്നവനാണ് താൻ എന്നു ബഹു. അച്ചൻ സ്വജീവിതം കൊണ്ടു തെളിയിച്ചു. ബാല്യം മുതലേ ദൈവാഭിമുഖ്യത്തിൽ വളർന്ന അദ്ദേഹം, തന്റെ യൗവ്വനാരംഭത്തിൽ തന്നെ സുവിശേഷവേലയിൽ തല്പരനായി. വടക്കേ ഇന്ത്യയിൽ കുളുംമണലിപോലെയുള്ള ഉൾനാടൻ പ്രദേശങ്ങളിൽ പ്രവർത്തിച്ചു തുടങ്ങി. യാത്രാസൗകര്യങ്ങൾ നന്നേ കുറവായിരുന്ന പ്രസ്തുത പ്രദേശങ്ങളിൽ അദ്ദേഹം നേരിടേണ്ടിവന്ന വെല്ലുവിളികൾ കനത്തതായിരുന്നു. തൈക്കുട്ടത്തിൽ റ്റി. കെ. മാത്യുവിന്റെയും ചിന്നമ്മ മാത്യുവിന്റെയും മകനായി ജനിച്ച ബഹു. അച്ചൻ ആലുംമൂട്ടിൽ റവ. ഡോ. എ. റ്റി. ഏബ്രഹാം അച്ചന്റെ സഹോദരിയും, സുവിശേഷ തൽപരയുമായ ശോശാമ്മ മാത്യുവിനെ വിവാഹം കഴിച്ചു. 1967 ൽ ബഹു. അച്ചൻ ശെമ്മാശപട്ടം സ്വീകരിച്ചു തന്റെ പരി.സഭാ–പൗരോഹിത്യ ശുഷ്രൂഷയ്ക്കു സമർപ്പിതനായി. 1971 ൽ പുണ്യശ്ലോകനായ മോർ ക്ലീമ്മീസ് ഏബ്രഹാം മെത്രാപ്പോലീത്തായാൽ ഒരു പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. തുടർന്നു ക്നാനായ സമുദായത്തിൽ തന്റെ മാതൃഇടവകയായ കല്ലിശ്ശേരി സെന്റ് മേരീസ് പള്ളിയുൾപ്പെടെ അനേക ദൈവാലയങ്ങളിൽ തിളക്കമാർന്ന നിലയിൽ അദ്ദേഹം സേവനം ചെയ്തു. വി.കുർബ്ബാനാനന്തരം ഞായർ ദിനങ്ങളിലും മറ്റു ഇടദിവസങ്ങളിലും ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുന്നതും, പ്രത്യേകാൽ രോഗികളേയും വൃദ്ധജനങ്ങളെയും വ്യസനത്തിലായിരിക്കുന്നവരെയും പോയി കാണുന്നതും പ്രാർത്ഥിക്കുന്നതും ഇടവകക്കാരിൽ പ്രത്യേക മതിപ്പ് ഉളവാക്കിയിരുന്നു. അവധിക്കാലങ്ങളിൽ കുട്ടികളെ പള്ളിയിൽ വിളിച്ചുകൂട്ടി ആരാധനാക്രമങ്ങളും പ്രാർത്ഥനകളും പഠിപ്പിക്കുന്നതിൽ അദ്ദഹം പ്രത്യേകം ആനന്ദം കണ്ടെത്തിയിരുന്നു. വി.കുർബ്ബാനക്രമം അത്രയങ്ങു സുലഭമല്ലാതിരുന്നതിനാൽ ആരാധനാഗീതങ്ങളും പ്രാർത്ഥനകളും നോട്ടുബുക്കുകളിൽ എഴുതി എടുപ്പിച്ചു കുട്ടികളെ പഠിപ്പിക്കുമായിരുന്നു.

വെൺമയാർന്ന കമ്മീസുകുപ്പായം ധരിച്ചു സൈക്കിൾ ചവുട്ടിയുള്ള അച്ചന്റെ യാത്രകളും സുസ്മേര വദനനായുള്ള തന്റെ ഇടപെടലുകളും, എപ്പോഴും സ്വതസിദ്ധമായി നർമ്മം കലർത്തിയുള്ള സംസാര രീതികളുമെല്ലാം ഏവർക്കും എന്നും മധുരിക്കുന്ന ഓർമ്മ തന്നെ.

ബഹു. അച്ചൻ തന്റെ വൈദിക ശുശ്രൂഷക്കാലത്ത് നേരിടേണ്ടിവന്ന ചില വെല്ലുവിളികളെ അനായാസേന അഭിമുഖീകരിച്ചത്, “ദൈവവിളിയേക്കുറിച്ചുള്ള തന്റെ ബോധ്യവും നീതിയുടെ പക്ഷത്തുള്ള തന്റെ അടിപതറാത്ത നിലപാടുകൾകൊണ്ടും അചഞ്ചല വിശ്വാസത്തോടെയുള്ള പ്രാർത്ഥന കൊണ്ടുമായിരുന്നു”. 1991 ൽ അദ്ദേഹം U.S.ലുള്ള ഫ്ളോറിഡായിലേക്കു താമസം മാറിയെങ്കിലും അവിടെയും തന്റെ കർമ്മ മണ്ഡലം വികസിപ്പിക്കുകയായിരുന്നു. വിവിധ എപ്പിസ്ക്കോപ്പൽ സഭകളിലും, വൈദികരില്ലാതിരിക്കെ, ബഹുമാനപ്പെട്ട അച്ചന്റെ ആഗമനം അവർക്കെല്ലാം വളരെ അനുഗ്രഹമായി. കത്തോലിക്ക, ഓർത്തഡോക്സ്, യാക്കോബായ തുടങ്ങി വിവിധ സഭക്കാരും അച്ചനോടൊപ്പം അണിചേർന്നപ്പോൾ ബഹു. അച്ചൻ അവിടെ എക്യുമിനിസത്തിന്റെ വക്താവായി. അവരിൽ അനേകരും ബഹു.അച്ചനിൽ നിന്നും വി. കുർബ്ബാന സ്വീകരിച്ചു അനുഗ്രഹീതരായി. രോഗികളായും പ്രായാധിക്യത്താൽ ക്ഷീണിതരായും സ്വഭവനത്തിൽ കഴിയുന്നവർക്കൊക്കെയും അവരുടെ ആവശ്യമറിഞ്ഞ് വീട്ടിലെത്തി വി. കുർബ്ബാന നൽകുമായിരുന്നു.

ഫ്ളോറിഡായിൽ രണ്ടു ക്നാനായ ഇടവകകൾ ബാധ്യതയില്ലാതെ 2 ഏക്കറോളം വസ്തു സമ്പാദിച്ച് അദ്ദേഹത്തിന്റെ ശ്രമഫലമായി രൂപംകൊണ്ടു. റ്റാമ്പാ സെന്റ് മേരീസ് ക്നാനായ ചർച്ച്, മയാമി സെന്റ് മേരീസ് ക്നാനായ ചർച്ച് എന്നീ ഇടവകകളിൽ ഇക്കാലമത്രയും അദ്ദേഹം വികാരിയായി സേവനം ചെയ്തു. നോർത്ത് അമേരിക്കൽ ക്നാനായ കമ്മ്യൂണിറ്റിയിൽ വികാരി ജനറാൾ ആയും ക്നാനായ സുവിശേഷസമാജത്തിന്റെ സെക്രട്ടറിയായും റ്റാമ്പാബേയിലെ കേരളാ ക്രിസ്ത്യൻ അസ്സോസിയേഷൻ പ്രസിഡന്റായും തിളക്കമാർന്ന നിലയിൽ അച്ചൻ പ്രവർത്തിച്ചു. ഫ്ളോറിഡായിലെ സെന്റ് പീറ്റേഴ്സ് ബർഗ്ഗിലെ സെന്റ് അത്താനാസ്യോസ് സുറിയാനി ഓർത്തഡോക്സ് ചർച്ചിന്റെ പ്രാരംഭ കാലഘട്ടത്തിൽ, ബഹു. അച്ചൻ അവിടെയും വൈദിക ശുശ്രൂഷ നിർവ്വഹിച്ചിരുന്നു. സെന്റ് മേരീസ് ഓൾഡേജ് ഹോം മരുപ്പച്ച, ഓൾഡേ ഹോം എന്നിവയുടെ രക്ഷാധികാരിയായിരുന്നു. ക്ഷീണിതരോടും ആലംബഹീനരോടുമുള്ള അച്ചന്റെ കരുതലിന്റെ അടയാളങ്ങളാണിവ.

പ്രിയ തൈക്കൂട്ടത്തിലച്ചന്റെ സേവന വൈശിഷ്ട്യങ്ങൾ ഇരവിപേരൂർ സെന്റ് മേരീസ് പള്ളിയിലും, ഓതറ സെന്റ് മേരീസ് ക്നാനായ പള്ളിയിലും, മഴുക്കീർ സെന്റ് മേരീസ്

പള്ളിയിലും ഞങ്ങൾ നേരിൽ ആസ്വദിച്ചു അനുഭവിച്ചത് വർണ്ണിക്കുവാൻ വാക്കുകളില്ല. പ്രായഭേദമെന്യേ, തലമുറകളുടെ വിടവുകളില്ലാതെ എല്ലാവർക്കും അച്ചൻ പ്രിയങ്കരനായി. വ്യക്തിപരമായി, ഞങ്ങളുടെ കുടുംബവും ബഹുമാനപ്പെട്ട അച്ചന്റെ കുടുംബവും ഒന്നായി പരസ്പരം കരുതി വന്നു. നാട്ടിലായിരുന്നപ്പോൾ ആഴ്ചയിലൊരിക്കലെങ്കിലും ഞങ്ങൾ പരസ്പരം സന്ദർശിക്കുമായിരുന്നു. അമേരിക്കയിൽ പോയതിനു ശേഷം മാസത്തിലൊരിക്കലെങ്കിലും ഇക്കാലമത്രയും ഫോണിൽ വിളിച്ചു സംസാരിച്ചിരുന്നു. നാട്ടിൽ വരുമ്പോഴെല്ലാം ബഹു. അച്ചനും, എന്റെ യു.എസ് സന്ദർശനാവസരങ്ങളിലെല്ലാം ഞാനും പരസ്പരം സന്ദർശിക്കുമായിരുന്നു. എഴുതുവാൻ ഇനിയുമേറെ, സ്ഥലപരിമിതിമൂലം നിർത്തട്ടെ. ഇന്നു പ്രിയ തൈക്കുട്ടത്തിലച്ചൻ നമ്മോടെല്ലാം യാത്ര പറഞ്ഞു; താൻ പ്രിയം വെച്ചവന്റെ അടുക്കൽ ചേർക്കപ്പെട്ടിരിക്കുന്നു. അച്ചന്റെ സഹധർമ്മിണി ശോശാമ്മ ആന്റിയേയും, മക്കളായ സൽമോൻ, റ്റോം, ശുശാന്ത്, ജയിക്കബ് എന്നിവരെയും, കുടുംബാംഗങ്ങൾ ഏവരേയും ദൈവംതമ്പുരാൻ ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രിയ അച്ചാ... സമാധാനത്താലെ വസിച്ചാലും... അവിടുന്നു രക്ഷകന്റെ സന്നിധിയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാലും.

---

## 63 വർഷത്തെ സേവന പാരമ്പര്യമുള്ള

# നസ്രേത്ത് ആശ്രമം

**ഓതറ പി.ഒ., തിരുവല്ല - 689546**

(Regd. under The Travancore Cochin Literary Scientific & Charitable Societies Registration Act. XII of 1965 No.1 of 1965 dated 9.2.1965)

പ്രിയരെ,

ദിവംഗതനായ ശ്രീ. പി. ടി. മാത്യു BALT സംഭാവനയായി നൽകിയ 5 ഏക്കർ സ്ഥലത്ത് 1962 ഓഗസ്റ്റ് 15 ന് നിർദ്ധനരായ 10 ബാലന്മാരെ താമസിപ്പിച്ചു കൊണ്ട് ബാലഭവൻ ആരംഭിച്ചു. കേരളത്തിലെ ഏറ്റവും വലിയ അടിസ്ഥാന സൗകര്യമുള്ള ഏകസ്ഥാപനം നസ്രേത്ത് ആശ്രമം ആണ്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള നിർദ്ധനരായ അനേകം കുട്ടികൾക്കും തണൽമരമായി 63 വർഷക്കാലമായി വളർന്നു പന്തലിച്ചു നിൽക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. ഇരവിപേരൂർ പഞ്ചായത്ത് 2025 മാലിന്യവിമുക്ത സ്ഥാപനമായി നസ്രേത്ത് ആശ്രമത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സഹായിച്ച എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**നസ്രേത്ത് ബാലഭവൻ:** കോവിഡ് കാലഘട്ടത്തിൽ ബാലമന്ദിരത്തിൽ കുട്ടികൾ ഇല്ലാതെ പോയെങ്കിലും ഇപ്പോൾ 9 കുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നുണ്ട്. കേരളാ സ്റ്റേറ്റ് വെൽഫയർ ബോർഡിൽ നിന്നും ലഭിക്കുന്ന തുച്ഛമായ ഗ്രാന്റ്കൊണ്ട് കുട്ടികളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുവാൻ പ്രയാസമാണ്.

**നസ്രേത്ത് ഫാമിലി കൗൺസിലിംഗ് സെന്റർ:** കേന്ദ്ര സാമൂഹിക ക്ഷേമബോർഡിന്റെ സഹായത്തോടുകൂടി 1987 ൽ നസ്രേത്ത് ആശ്രമത്തിൽ ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. കുടുംബ ബന്ധങ്ങളെ ശക്തിപ്പെടുത്തി, കുടുംബ ശിഥിലികരണം തടയുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. ബാലഭവനിലെ കുട്ടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ടിരിക്കുന്നു.

**നസ്രേത്ത് സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ:** 2005 ലെ ഗാർഹിക പീഡന നിരോധന നിയമം സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന വനിതാ ശിശുക്ഷേമ വകുപ്പിന്റെ സഹായത്തോടുകൂടി 2009 മുതൽ പ്രവർത്തനം ആരംഭിച്ചു. അനേകം കുടുംബങ്ങൾക്ക് വക്കീൽ വഴി നിയമപരമായ സഹായം നൽകി വരുന്നു.

**ഉറഹാ മാർ യാക്കോബ് ചാപ്പൽ:** നസ്രേത്ത് ആശ്രമത്തിൽ ഉറഹാ മാർ യാക്കോബ് ശ്ലീഹായുടെ നാമധേയത്തിൽ 2003 ൽ ചാപ്പൽ കൂദാശ ചെയ്ത് ശുശ്രൂഷ ആരംഭിച്ചു. അനേകം വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് ഈ ചാപ്പൽ നിലകൊള്ളുന്നു. പരുത്തിയേത്ത് പി. എം. ചാക്കോ നിർമ്മിച്ചു നൽകിയതാണ് ഈ ചാപ്പൽ.

**പാലിയേറ്റീവ് കെയർ യൂണിറ്റ്:** ഈ യൂണിറ്റ് 2024 മുതൽ പ്രവർത്തനം ആരംഭിച്ചു. അവശരായ ധാരാളം രോഗികൾക്ക് ആശുപത്രി ഉപകരണങ്ങൾ നൽകി സഹായിച്ച വരുന്നു.

**നസ്രേത്ത് ഹോസ്റ്റൽ:** ഫാർമസി കോളേജിലെ കുട്ടികൾക്കുവേണ്ടി ആശ്രമത്തിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു.

നസ്രേത്ത് ആശ്രമത്തിന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളിയാകുവാൻ അവസരങ്ങൾ ഞങ്ങൾ തുറന്നിടുന്നു.

1. നിങ്ങളുടെ വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട് ബാലഭവനിലെ കുട്ടികൾക്ക് ഫീസ്റ്റ് (ഫുഡ്) നൽകി സഹായിക്കാം.
2. ഒരു കുട്ടിയെ സ്പോൺസർ ചെയ്യാം.
3. കുട്ടികളുടെ പഠനചെലവ് സ്പോൺസർ ചെയ്യാം.
4. പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് ആശുപത്രി ഉപകരണങ്ങൾ നൽകി സഹായിക്കാം.
5. നസ്രേത്ത് ആശ്രമത്തിന്റെ വളർച്ചയ്ക്ക് സംഭാവനകൾ നൽകി സഹായിക്കാം.

**Asramam Account Details**

M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Othera Branch
IFSC : FDRL0001729,
MICR Code : 689049203

കൂടുതൽ വിവരങ്ങൾക്ക് ആശ്രമം സെക്രട്ടറിയുമായി ബന്ധപ്പെടുക. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്ത**
(രക്ഷാധികാരി)

**ഫാ. വി. എ.ഏബ്രഹാം ഇളയശ്ശേരിൽ**
പ്രസിഡന്റ് & വികാരി ജനറാൾ

**റ്റിബി സ്ക്കറിയ താമരപ്പള്ളിൽ**
സെക്രട്ടറി

# Endogamy and Consanguinity
# (സ്വവംശവിവാഹവും രക്തബന്ധവും)

ജേക്കബ് തോമസ്, പുതിയമഠം

*(ലേഖകൻ കേരള സർവ്വകലാശാലയിൽനിന്ന് ജനിതക ശാസ്ത്രത്തിൽ പി.ജി.യും സൈറ്റോജനെറ്റിക്സിൽ പി.എച്ച്.ഡി യും നേടിയിട്ടുണ്ട്.)*

ക്നാനായക്കാർക്ക് സുപരിചിതമായ ഒരു വാക്കാണ് എൻഡോഗമി. ക്നാനായക്കാരായ മാതാപിതാക്കളിൽനിന്നും ജനിച്ച് അങ്ങനെയുള്ളവരെ തന്നെ വിവാഹം കഴിച്ചുവരുന്ന പ്രക്രിയ നാം നൂറ്റാണ്ടുകളായി തുടർന്നു വരുന്നു. ഇതുപോലെ സ്വവംശത്തിൽ നിന്നുതന്നെ തലമുറകളായി വിവാഹം കഴിക്കുന്ന മറ്റനേകം ചെറുസമൂഹങ്ങൾ കേരളത്തിലും ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും നമുക്ക് കാണുവാൻ കഴിയും. അങ്ങനെ തലമുറകളായി സ്വവംശത്തിൽനിന്നുതന്നെ വിവാഹം ചെയ്തു ജീവിക്കുന്ന പ്രക്രിയ്ക്ക് എൻഡോഗമി എന്ന് പറയുന്നു.

Consanguinity എന്നത് രക്തബന്ധം എന്നർത്ഥം വരുന്ന ഒരു പദമാണ്. മലയാളത്തിൽ ഇത് സഹജാതബന്ധം എന്നാണ് പറയപ്പെടുന്നത്. സഹജാതബന്ധം എന്നത് ഉറ്റ ബന്ധുക്കളുടെ ഇടയിലുള്ള (പിതൃത്വം/മാതൃത്വം പങ്കുവെക്കുന്നവർ) രക്തബന്ധം സൂചിപ്പിക്കുന്നു. ഇത് തികച്ചും വ്യക്തമായ ഒരു ജനനശാസ്ത്ര ശാഖകൂടിയാണ്. പൂർവിക പൊതു തലമുറയിൽനിന്നും അവരവരറിയാതെ ജന്മപരമായി ലഭിക്കുന്ന ജനിതക ഘടകങ്ങളിൽ ചിലത് മാതാവിലും പിതാവിലും പൊതുവായി വരുകയും തൽഫലമായി സംയുക്തമായുള്ള ജനിതക ഘടകങ്ങൾ കുട്ടികളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യാം. അങ്ങനെ മുൻതലമുറകളിലെ ഒരു മാതാവിലോ പിതാവിലോ ഉണ്ടായിരുന്ന ഒന്നോ, അതിൽ കൂടുതലോ അപൂർവ്വമായിട്ടുള്ള ജനിതകഘടകങ്ങൾ (genes) അല്ലെങ്കിൽ രക്തബന്ധം വീണ്ടും ഒരു പുതു തലമുറയിലേക്ക് വരുമ്പോഴാണ് സഹജാതബന്ധം ഉണ്ടാകുന്നത്. ഈ രീതിയിലുള്ള വിവാഹങ്ങൾ (consanguineous marriages) പല സംസ്കാരങ്ങളിലും പതിവാണ്. ഉദാഹരണത്തിന് അച്ഛന്റെ സഹോദരന്റെ മകൾ, അമ്മാവന്റെ മകൻ മുതലായ ബന്ധങ്ങളിൽ വിവാഹം കഴിക്കുന്നത് consanguineous marriages ആകുന്നു. ഇതിലുള്ള പ്രധാന ആശങ്ക ആരോഗ്യപരമായതാണ്. അതായത് അടുത്ത രക്തബന്ധം ഉള്ളവരിൽനിന്ന് വിവാഹം കഴിക്കുന്നത് ജന്മപരമായ രോഗങ്ങൾ കുട്ടികളിൽ കൂടുതലായി പ്രത്യക്ഷപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. ആമുഖമായി ഇത്രയും പറഞ്ഞത് പ്രസക്തമായ രണ്ട് വാക്കുകളെ പരിചയപ്പെടുത്തുന്നതിനാണ്.

ക്നാനായക്കാർ (സുറിയാനിക്കാരും കത്തോലിക്കരും) എന്നും തികഞ്ഞ അഭിമാനത്തോടെ വിളിച്ചുപറയുന്ന ഒന്നാണ് നൂറ്റാണ്ടുകളായി, തലമുറകളായി പിന്തുടരുന്ന നമ്മുടെ എൻഡോഗമി അല്ലെങ്കിൽ സ്വവംശവിവാഹരീതി. വിവിധ രാജ്യങ്ങളിലും മതവിഭാഗങ്ങളിലും ഗോത്രവർഗ്ഗങ്ങളിലും വ്യത്യസ്തങ്ങളായ രീതികളിൽ എൻഡോഗമിയും അതേ തുടർന്ന് ബന്ധു ജനങ്ങളിൽനിന്നുമുള്ള വിവാഹങ്ങളും നടന്നുവന്നിരുന്നു, ഇപ്പോളും നടക്കുന്നു. പഴയ നിയമത്തിൽ ഇത്തരത്തിലുള്ള വിവാഹബന്ധങ്ങളെക്കുറിച്ച് നിരവധി പരാമർശങ്ങൾ കാണുവാൻ സാധിക്കും. അബ്രഹാമും സാറായും തുടങ്ങി ഇസഹാക്കിന്റെ പുത്രൻ ജേക്കബും ഭാര്യമാരായ ലിയായും റേച്ചലും, അങ്ങനെ പോകുന്നു.. യാക്കോബിന്റെ സന്തതികളായ ഇസ്രായേല്യരിൽ വിവാഹബന്ധങ്ങളെക്കുറിച്ച് പ്രത്യേക നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടായിരുന്നു. ചെറിയ ചെറിയ consan- guinity മാതൃകകൾ ഇസ്രയേൽമക്കളിൽ അതായത് യഹൂദന്മാരിൽ തലമുറകളായി നിലനിന്നുവരികയും ചെയ്തു. അന്യജാതികളുമായി രക്തം കലരാതിരിക്കാനും ശുദ്ധമായി നിലനിർത്താനുമുള്ള ഉദ്ദേശത്തോടെ തങ്ങളുടെ ജാതിക്ക് പുറത്തുള്ളവരുമായി വിവാഹം കഴിക്കാൻ നിയമപരമായി അവർക്ക് വിലക്കുണ്ടായിരുന്നതിനാലുമാണ് അത്. (Mathew and Jyothilekshmi, 2017).

***തലമുറകളായി എൻഡോഗമിയും അതുപോലെ സഹജാതബന്ധവും തുടർന്നുവരുന്ന സമൂഹങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന ചില വിപത്തുകളെ ചൂണ്ടിക്കാണിക്കുവാനും അവ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മുന്നോട്ടുവെക്കുവാനുമുള്ള ഒരു ശ്രമം നടത്തുകയാണിവിടെ.***

മേൽപ്പറഞ്ഞതുപോലെ രക്തബന്ധമുള്ള വ്യക്തികൾ തമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെടുന്ന പ്രവണത പല സമൂഹങ്ങളിലും നിലനിന്നിരുന്നു. അറബികളിലും മുസ്ലീങ്ങളിലും ഹിന്ദുക്കളിലും ദക്ഷിണേന്ത്യയിലെ ചില ക്രൈസ്തവ വിഭാഗങ്ങളിലും കേരളത്തിലെ നാടാർ സമൂഹത്തിലും ഒക്കെ ധനസ്വത്ത്, ഭൂസ്വത്ത്, വംശശുദ്ധി തുടങ്ങി വിവിധ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അടുത്തതും അകന്നതും ആയ രക്തബന്ധം ഉള്ളവർ തമ്മിൽ വിവാഹം നടത്തിവരുന്നു. ഈ വിഷയം ആധികാരികമായി പ്രതിപാദിക്കുന്ന ഒരു പാഠ്യ പുസ്തകത്തിൽ മേൽപ്പറഞ്ഞതുപോലെ കേരളത്തിൽ ഇന്നുള്ള സമൂഹങ്ങളെക്കുറിച്ച് വിവരിക്കുന്ന കൂട്ടത്തിൽ (Fundamentals of Population Genetics with Emphasis on Human Inbreeding by Prof. P.M. Mathew and Dr. P. Jyothilekshmi 2017) നമ്മൾ ക്നാനായക്കാരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്താണെന്ന് കാണാം. "a particular Christian group 'the Knanayas' in Kerala who also have a Syrian tradition, still pursue the custom of related marriage traditionally down the centuries since their origin in the first century. This is relatively a small group, whose members belong to two distinct denominations, one the Knanaya Catholic Diocese at Kottayam and the other a Knanaya Jacobite group mainly confined to Ranni (Pathanamthitta district) and Chingavanam (Kottayam district). They take

mates only from within their community and hence most alliances are between fairly close relatives." ഈ പറഞ്ഞിരിക്കുന്നതിൽനിന്നും രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മൾ ഒരു ചെറിയ സമൂഹം ആണെന്നുള്ളതും വിവാഹബന്ധങ്ങൾ നടക്കുന്നത് സാമാന്യം അടുത്ത ബന്ധുജനങ്ങളിൽ നിന്നാണെന്നുള്ളതും.

നമ്മുടെ ആകെയുള്ള അംഗസംഖ്യ എത്രയാണെന്നുള്ളതിന് വ്യക്തതയില്ല, അത് ഏതാണ്ട് 25,000–30,000 ആണെന്ന് പറയപ്പെടുന്നു. ഇതിൽ വിവാഹപ്രായമായവരുടെ എണ്ണം എത്ര ആയിരിക്കുമെന്ന് അനുമാനിക്കാവുന്നതേയുള്ളൂ. വീണ്ടും, സാമ്പത്തികം, സാമൂഹികം, വിദ്യാഭ്യാസം, കുടുംബം എന്നിങ്ങനെയുള്ള ഘടകങ്ങൾ (ഇത് ശരിയോ തെറ്റോ എന്നല്ല, നടക്കുന്ന കാര്യം പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്) പരിഗണിക്കുമ്പോൾ ഒരു വരനെയോ വധുവിനെയോ തിരയുന്ന യുവതിക്കോ യുവാവിനോ അവരുടെ അഭിരുചികൾക്ക് അനുസൃതമായി ലഭ്യമായവരുടെ എണ്ണം (pool) പിന്നെയും ചുരുങ്ങും. പിന്നെ ബന്ധുമിത്രാദികളുടെ അറിവും ഓർമ്മയും അനുസരിച്ച് രണ്ടോ മൂന്നോ തലമുറകൾ എങ്കിലും പുറകോട്ട് നോക്കി വലിയ ബന്ധം ഇല്ലാത്തവർ തമ്മിലാണ് വിവാഹങ്ങൾ സാധാരണ നടക്കുക. ഇതിൽനിന്ന് വെളിവാകുന്നത് നാം വളരെ ചെറിയ ഒരു സമൂഹം ആയതിനാൽ അതിൽതന്നെ വിവാഹിതരാകുവാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം വളരെ പരിമിതമാണെന്നും, തൽഫലമായി അറിഞ്ഞോ അറിയാതെയോ മുൻ തലമുറകളിൽ രക്തബന്ധം ഉണ്ടായിരുന്നവരുടെ ചെറുമക്കൾ തമ്മിൽ വിവാഹിതരാകുവാനുള്ള സാധ്യത വളരെയുണ്ട് എന്നുമാണ്. അതായത് അങ്ങനെ നടക്കുന്ന വിവാഹങ്ങൾ സഹജാത ബന്ധത്തിൽ ഉൾപ്പെടുന്ന അല്ലെങ്കിൽ consanguineous marriages ആയി ഭവിച്ചേക്കാം.

മേൽപ്പറഞ്ഞ തരത്തിലുള്ള വിവാഹങ്ങളുടെ ആരോഗ്യപരമായ ഭവിഷ്യത്തുകൾ, പഠനവിധേയമായിട്ടുള്ള സമൂഹങ്ങളിൽ പാരമ്പര്യമായി കണ്ടുവരുന്നവ, എന്തൊക്കെയാണെന്ന് ഒന്നു നോക്കാം: അധിക വിരലുകൾ (polydactyly), മുച്ചിറി (cleft lip), സാധാരണയിൽനിന്ന് ചെറുതോ വലുതോ ആയ തല (microcephaly/hydrocephaly), വളരെ കുറഞ്ഞ ഉയരം (dwarfism), കോങ്കണ്ണ് (squint eye), deafness, അന്ധത (blindness), വർണ്ണാന്ധത (colour blindness), മാനസിക പ്രശ്നങ്ങൾ (mental complaints), ബുദ്ധിമാന്ദ്യം (intellectual disability), epilepsy, schizophrenia, alzhimers, multiple sclerosis depression, osteoporosis, different kinds of chromosomal syndromes, ക്ഷയം, കുഷ്ഠം, വില്ലൻചുമ, ഡയബറ്റിസ്, ഹൃദ്രോഗം, കാൻസർ, etc. ഒരൊറ്റ സമൂഹത്തിൽ ഒരു സമയത്തു മേൽപ്പറഞ്ഞ എല്ലാ പ്രശ്നങ്ങളും ഉണ്ടായേക്കാം എന്നല്ല പറയുന്നത്. നമ്മുടെ സമൂഹത്തിൽ സഹജാതബന്ധം അല്ലെങ്കിൽ consanguinity- യെ കുറിച്ച് ഒരു ആധികാരിക പഠനം നടന്നിട്ടില്ലാത്തതുകൊണ്ട് അതിൽനിന്ന് ഉളവായേക്കാവുന്ന പാരമ്പര്യ ആരോഗ്യ പ്രശ്നങ്ങൾ എന്തെങ്കിലും കാണപ്പെടുന്നുണ്ടോ ഇല്ലയോ എന്നും അഥവാ അങ്ങനെയുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും വ്യക്തമായി ചൂണ്ടിക്കാണിക്കുവാൻ സാധിക്കുകയില്ല.

മേൽപ്പറഞ്ഞതുപോലെയുള്ള പാരമ്പര്യ ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നത് മനുഷ്യന്റെ ജനിതകഘടകങ്ങളിൽ (genes) തലമുറകളിലായി സംഭവിക്കുന്ന വ്യതിയാനങ്ങൾ (mutations) മൂലമാണ്. മാതൃഗർഭാശയത്തിൽ ഉടലെടുക്കുന്ന ഭ്രൂണം വളർന്ന് ശിശുവാകുന്നതും പിന്നീട് വളർന്ന് പ്രായപൂർത്തിയായ പുരുഷനോ സ്ത്രീയോ ആകുന്നതൊക്കെയും എണ്ണമറ്റ കോശ വിഭജനങ്ങളിൽ കൂടിയാണ്. പ്രായപൂർത്തിയായ മനുഷ്യരിലും കോശ വിഭജനം എന്നും എപ്പോഴും നടക്കുന്നുണ്ട്, അത് മരണം വരെയും തുടരും (examples: bone marrow, blood cells, skin cells, etc). ഈ വിഭജനങ്ങൾ എല്ലാം തന്നെ കോശങ്ങളിൽ ഉള്ള നിയന്ത്രണ സംവിധാനങ്ങൾക്കനുസരിച്ചാണ് നടക്കുന്നത്. (മറിച്ച് കോശങ്ങളിലെ നിയന്ത്രണ സംവിധാനങ്ങൾക്ക് അതീതമായി, അനിയന്ത്രിതമായി കോശങ്ങൾ വളരെ വേഗത്തിൽ വിഭജിക്കുന്നതിന്റെ ഫലമായാണ് ട്യൂമറുകളും തുടർന്ന് കാൻസർ രോഗങ്ങളും ശരീരത്തിൽ ഉടലെടുക്കുന്നത്). ഒരു കോശം വിഭജിച്ച് രണ്ടാകുന്ന പ്രക്രിയയിൽ ആദ്യം നടക്കുന്നത് ജനിതഘടകങ്ങളുടെ വിഭജനമാണ്. സാധാരണമായി യാതൊരുവിധ വ്യത്യാസങ്ങളുമില്ലാത്ത, സമാനമായ ഓരോ സെറ്റ് genes ആണ് രണ്ട് കോശങ്ങളിലും രൂപപ്പെടേണ്ടത്. ഇതുപോലെ തന്നെയാണ് പിന്നീട് നടക്കുന്ന എണ്ണമറ്റ ഓരോ കോശവിഭജനത്തിലും നടക്കേണ്ടത്. എന്നാൽ ആകസ്മികമായ കാരണങ്ങളാലോ ശരീരത്തിൽ ഉണ്ടായിരിക്കേണ്ട പ്രോട്ടീനുകളുടെ അഭാവത്താലോ ശരീരത്തിനുള്ളിലോ പുറത്തോ ഉള്ള നിയന്ത്രണവിധേയമല്ലാത്ത മറ്റ് ഘടകങ്ങളുടെ പ്രവർത്തനത്താലോ ജനിതകഘടകങ്ങളുടെ വിഭജന സമയത്ത് ആകസ്മിക വ്യതിയാനങ്ങൾ സംഭവിക്കുന്നുണ്ട്. അവയിൽ പലതും ശരീരത്തിന് സാരമായ പ്രശ്നങ്ങൾ ഉണ്ടാക്കാറില്ല. അതുപോലെ, അവയിൽ ചിലതിനെ ശരിയാക്കി എടുക്കുവാനുള്ള സംവിധാനവും നമ്മുടെ ശരീരത്തിൽ ഉണ്ട്. പക്ഷേ ചുരുക്കം ചില വ്യതിയാനങ്ങൾ നമ്മുടെ ശരീരത്തിൽ സാരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാകാം. ഇങ്ങനെയുള്ള ദോഷകരമായ ജനിതക വ്യതിയാനങ്ങൾ (mutations) പാരമ്പര്യമായി അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോഴാണ് ആരോഗ്യ പ്രശ്നങ്ങളായി ഭവിക്കുന്നത്. അങ്ങനെയുള്ള വ്യതിയാനം സംഭവിച്ച ജനിതക ഘടകത്തെ mutant genes എന്നു പറയുന്നു. ഇതുപോലുള്ള പ്രതിഭാസങ്ങൾ ഒരു മനുഷ്യശരീരത്തിന്റെ വിവിധ ആന്തരിക അവയവങ്ങളിൽ സംഭവിക്കാവുന്നതാണ്. അവയിൽ ചിലതെങ്കിലും ആരോഗ്യപ്രശ്നങ്ങളായി പരിണമിക്കുകയും ചെയ്യാം. ഒരു കുടുംബത്തിലെ മാതാവിലും പിതാവിലും അവരുടെ ഒരു പൊതു പൂർവികനിൽനിന്നു കൈമാറി വന്ന mutant genes ഉണ്ടായിരുന്നാൽ അവരിൽനിന്ന് ജനിക്കുന്ന കുട്ടികളിലും ആ mutant genes കടന്നുകൂടും. ഇങ്ങനെയുള്ള കുട്ടികൾ വളർന്ന് വിവാഹിതരാകുമ്പോൾ അടുത്ത തലമുറകളിലേക്ക് ആ ജനിതകഘടകങ്ങളും അനുകൂല സാഹചര്യങ്ങളിൽ അവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നു.

ഇങ്ങനെ endogamy പാലിക്കുന്നതുവഴി ആ സമൂഹത്തിൽ കടന്നുകൂടിയ പാരമ്പര്യ രോഗങ്ങളും അവയോടു ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും ഭാവി തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ ലക്ഷക്കണക്കിന് അംഗസംഖ്യയുള്ള സമൂഹങ്ങളിൽ അങ്ങനെയുള്ള പ്രശ്നങ്ങൾ വളരെ വിരളമായിട്ടു മാത്രമേ കാണപ്പെടുകയുള്ളൂ. എന്നാൽ നമ്മുടേതുപോലുള്ള ചെറിയ സമൂഹങ്ങളിൽ പ്രത്യേകിച്ച് endogamy പാലിച്ചുവരുന്ന സാഹചര്യത്തിൽ മുൻ തലമുറകളിൽ ഉണ്ടായിട്ടുള്ള ദോഷകരമായ ജനിതക വ്യതിയാനങ്ങൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും രോഗ

ങ്ങളും വളരെ കൂടുതലായി കാണപ്പെടാനുള്ള സാധ്യത തള്ളിക്കളയുവാൻ സാധിക്കില്ല. ഒന്നുകൂടി വ്യക്തമാക്കി പറഞ്ഞാൽ ക്നാനായക്കാരുടെ രക്തവും ജനിതകഘടകങ്ങളും നമ്മുടെ സമൂഹത്തിനുള്ളിൽ തന്നെ തലമുറകളായി കൈമാറ്റം ചെയ്തു കറങ്ങിക്കിടക്കുന്നതുകൊണ്ട് മേൽപ്പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങൾ നമ്മിലും നമ്മുടെ വരും തലമുറകളിലും ഉണ്ടാകുവാൻ സാധ്യതയുണ്ട്. ശാസ്ത്രീയമായ ഒരു പഠനം നമ്മുടെ സമൂഹത്തിൽ നടത്തിയാൽ എത്ര ആഴത്തിൽ നമ്മെ ഇത് ബാധിച്ചിട്ടുണ്ട് എന്നും നമുക്ക് തനതായിട്ടുള്ള പാരമ്പര്യ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും മനസ്സിലാക്കുവാൻ സാധിക്കും. ചുരുക്കത്തിൽ, അംഗസംഖ്യയിൽ വളരെ ചെറുതായ നമ്മുടെ സമുദായത്തിൽ എൻഡോഗമിയും അതോടൊപ്പം രക്തബന്ധമുള്ളവർ തമ്മിൽ വിവാഹിതരായേക്കാമെന്ന സാഹചര്യവും നമ്മുടെയും നമ്മുടെ വരും തലമുറകളുടെയും ഭാവി ദുർബലപ്പെടുത്തുന്നു. ഈ വസ്തുത നാമെല്ലാവരും മനസ്സിലാക്കി അർഹിക്കുന്ന ഗൗരവത്തോടെ കാണുകയും അനുയോജ്യമായ മുൻകരുതലുകൾ അടിയന്തരമായി എടുക്കേണ്ടതുമാണ്.

ഈ സ്ഥിതിവിശേഷത്തിൽ മേൽപ്പറഞ്ഞ അപകടസാധ്യതകളുടെ ആഘാതം കുറയ്ക്കുന്നതിനും അല്ലെങ്കിൽ ഒരു പരിധിവരെ ഒഴിവാക്കുന്നതിനും നമുക്ക് എന്തൊക്കെ ചെയ്യാമെന്ന് നോക്കാം.

സമന്വിതമായ ബോധവൽക്കരണം ഓരോ കുടുംബത്തിലും കുട്ടികളുടെ എണ്ണം ഒന്നോ രണ്ടോ ആയി പരിമതിപ്പെടുത്താതെ വലിയ കുടുംബങ്ങൾ സൃഷ്ടിക്കുക വഴി സമൂഹത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുക. കുട്ടികൾക്ക് വിവാഹപ്രായമാകുമ്പോൾ നമ്മെക്കാൾ വലിയ സമൂഹമായ ക്നാനായ കത്തോലിക്ക വിഭാഗത്തിൽനിന്ന് പറ്റിയ ഇണയെ കണ്ടെത്തുവാൻ പ്രോത്സാഹിപ്പിക്കുക.

ഓരോ കുടുംബങ്ങളും അവരുടെ ഫാമിലി ട്രീ (family genelogy) രേഖപ്പെടുത്തി സൂക്ഷിക്കുക, അതിന് കഴിയുന്നിടത്തോളം തങ്ങളുടെ പൂർവ്വികരുടെ വിവരങ്ങളും ശേഖരിക്കണം. ഇതുവഴി വിവാഹാലോചനകൾ നടത്തുവാൻ കഴിഞ്ഞ ഒരു അഞ്ചു തലമുറകളിലെങ്കിലും ബന്ധമില്ലാതിരിക്കുന്ന കുടുംബങ്ങൾ തിരിച്ചറിഞ്ഞ് സുരക്ഷിതമായ പുതിയ ബന്ധം തുടങ്ങുവാൻ കഴിയും.

വിവാഹിതരാകുവാൻ പോകുന്ന യുവതി യുവാക്കൾക്കായി സമുദായതലത്തിൽ നടത്തുന്ന കൗൺസിലിംഗ് ക്ലാസ്സുകളിൽ ഈ വിഷയം ഉൾപ്പെടുത്തുക. അതുപോലെ സൺഡേസ്കൂൾ സിലബസിലും ഈ വിഷയം ഉൾപ്പെടുത്തണം. വിവാഹിതരാകുവാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൾക്ക് പ്രയോജനം ചെയ്യുന്ന premarital genetic tests, premarital compatibility tests ഇന്ന് മിക്ക രാജ്യങ്ങളിലും ലഭ്യമാണ്. ഇങ്ങനെയുള്ള ടെസ്റ്റുകൾ അടിയന്തര പ്രാധാന്യത്തോടെ നമ്മുടെ സമൂഹത്തിൽ നിർബന്ധമായും നടപ്പാക്കുന്നതിന് നിഷ്കർഷിക്കണം. ഇത്തരത്തിലുള്ള ടെസ്റ്റുകൾ യഹൂദരും അറബികളും മറ്റും ഇപ്പോൾ സാധാരണയായി ചെയ്തു വരുന്നുണ്ട്. താഴെപ്പറയുന്ന തരത്തിലുള്ള ടെസ്റ്റുകൾ മിക്കവാറും രാജ്യങ്ങളിൽ ലഭ്യമാണ്.

1. Carrier screening, tests weather either partner is a carrier of genetic disorders

2.Hemoglobinopathy testing, checks for blood related genetic disorders

3. HLA typing for certain autoimmune risks or leukemia in family history

4.Karyotyping: a chromosomal test to detect large genetic abnormalities

5. Optional (context dependent) tests: for Consanguinity related screening; Expanded career panels can screen for 100 + conditions; BRCA Gene testing (if family history of breast or ovarian cancer exists).

6. Genetic counseling

നമ്മുടെ സമൂഹത്തിന്റെ ഭാവി ശോഭനമാക്കുന്നതിനേ പ്രതി വേണ്ടപ്പെട്ടവർ ഇക്കാര്യം ശ്രദ്ധിക്കുകയും മതിയാകുന്ന മുൻകരുതലുകൾ താമസംവിനാ എടുക്കുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

# ഇന്റർ ക്നാനായ ക്രിക്കറ്റ് ടൂർണമെന്റ്



നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ക്നാനായ കോൺഗ്രസിന്റെയും KYA യുടെയും ആഭിമുഖ്യത്തിൽ നടത്തിയ ഇന്റർ ക്നാനായ ക്രിക്കറ്റ് ടൂർണമെന്റിൽ വിജയം നേടിയ SKYM രാമമംഗലം ടീം അംഗങ്ങൾ ക്നാനായ സമുദായ മെത്രാപോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തീരുമേനിയിൽ ട്രോഫി ഏറ്റ് വാങ്ങുന്നു. വികാരി ഫാ. ഷെറിൻ സി കൊല്ലംപറമ്പിൽ, ജീത്തു സി കെ ചെറുശ്ശേരികളം, ടോൺ ഷാജി നടയിൽ, ഷാജി നസ്രാണിതുണ്ടിയിൽ, ലിനു വരാത്ര, എബി മഴുവഞ്ചേരിയിൽ, റ്റിതിൻ രാജു നെടുവൊപ്പിൽ, ഏലിയാസ് ജേക്കബ് നടയിൽ, ഓസ്റ്റിൻ കുറിയാക്കോസ് വരാത്തറ എന്നിവർ സമീപം




## വരനെ ആവശ്യമുണ്ട്

**M. 512**

Knanaya parents invites proposal for their daughter (28/5'2", Pharm D.). Working as a Pharmacist, born in Middle East and brought up in USA. Seeking suitable alliance from parents of God fearing and professionally qualified Knanaya boys (Masters preferred). Contact through +17186906050 or whatsapp

**M. 513**

Knanaya girl Born and brought up in US (28/5'1) Education: Healthcare Administration. Pursuing Master's in Business Adminstration. Job: Healthcare Adminstration in US. Seeking alliance from Knanaya boy from US, India or abroad. Ph: + 17733684113 (Whats app)

**M. 514**

ഫാഷൻ ഡിസൈനിംഗ് കഴിഞ്ഞ് ഡിസൈനർ ആയി നാട്ടിലെ പ്രമുഖ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/163 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9605057874, 9961876573

**M. 515**

Knanaya parents invite proposals for their daughter 24 years of age / 160 CM Height, 55kg, born and brought up in Dubai. Graduated in Bsc Psychology (Hons) from a UK university. Currently working as an HR Specialist in European based company in Dubai while pursuing Masters in Organizational Psychology. Seeking suitable alliances from parents of God fearing and professionally qualified working boys brought up in UAE or abroad.

Whatsapp num.00971553853142 , 00919061752607

**M. 516**

B.Sc Nurse ആയി റിയാദ് മിനിസ്ട്രിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/158 cm) വിദേശത്ത് ഫാമിലി വിസയുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സുമാർ എഞ്ചിനിയർമാർ എന്നിവർക്ക് മുൻഗണന)

Ph: 9496160416, 9446436377

**M. 517**

Knanaya parents invites proposal for their daughter (26/162 cm) She has completed M.A. B.Ed. Seeking alliance from parents of God fearing boys. Preferably from U.A.E. Ph: 8157890205, 8157890207

**M. 518**

Knanaya parents invites proposal for their daughter (27/163 cm) She completed BDS from India, Now currently her M.Sc (MPH) degree in UK. Seeking alliance from parents of professionally qualified boys. Ph: 7587270336

**M. 519**

U.K., N.H.S. ൽ റെജിസ്റ്റേർഡ് നേഴ്സായി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/160 cm) നേഴ്സിംഗിലോ, മറ്റു മെഡിക്കൽ മേഖലയിലോ പ്രവൃത്തിപരിചയമുള്ളവരുമായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 7907348918, 9995609303

**M. 520**

Knanaya parents invite proposal for their daughter (25/157cm) Docterate in Medical Reserch institute Texas (USA) good felloship holder. We are Seeking suitable alliance from parents of professipnally qualified God fearing boys. preferably boys settled in USA.

Ph. 9747933941, 9207391516

**M. 521**

Knanaya parents invite proposals for their daughter (28/155 cm), born and raised in Middle East. She is currently working as an auditor at a Big 4 firm in Middle East. Seeking a suitable alliance from the parents of professionally qualified, God-fearing boys—preferably with a background in accounting or finance. Contact: +91 94000 96466, +91 88489 69097

## വധുവിനെ ആവശ്യമുണ്ട്

**M. 522**

ഹോസ്പിറ്റാലിറ്റി ആൻഡ് ടൂറിസം മാനേജ്മെന്റ് കഴിഞ്ഞ് അമേരിക്കൻ ക്രൂയ്സ് ലൈയിനിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/174 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 8848760997, Whats app: 8547635549

**M. 523**

അബുദാബി Burjeel hospital ൽ എക്സിക്യൂട്ടീവ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/180 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: +91 9744403030, +91 9495446083

**M. 524**

Knanaya parents inviting proposal for our son 31yrs170 cm, born and bought up in Abudhabi and MBA graduate from Dubai, currently working in Bangalore as a senior sales executive. Seeking suitable alliances from parents of God fearing and professionally qualified employed girl in Kerala.

(Phone number 00971504717334 (Botim available and whats app message also available) 00918129918928 (whats up call and messages are available)

**M. 525**

Knanaya parents invite proposals for their son (29/ 161cm) who has completed his MBA from UK and currently working remotely from Kerala as Associate Director at a US based company, seeking alliances from parents of educated and God fearing girls.

Phone - 94476 95090

**M. 526**

B.Sc Hotel Management & Catering കഴിഞ്ഞ് Sharjah ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 7902948254, 9744664921

**M. 527**

Knanaya parents invite proposals for their son (27/ 5'10") born and brought up in India, US citizen. Working in US Federal Government service. Seeking suitable alliances from parents of God fearing and professionally educated Knanaya girls. Contact through + 17186906050 or whatsapp.

**M. 528**

ദുബായിൽ പ്രശസ്തമായ ഒരു കമ്പനിയിൽ Mechanical Engineering കഴിഞ്ഞ് ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/183 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (വിദേശത്തുള്ള B.Sc Nurses നു മുൻഗണന) Ph: 8921348628, 9497004251

**M. 529**

Knanaya parents invite proposals for their son (29/ 170 cm) brought up outside India who has done Mechanical Engineering and MBA in finance from India, currently working as financial compliance Analyst in MNC Mumbai. Seeking alliances from parents of Professionally qualified girls from Abroad or India. Ph: +91 6282918966, + 91 8139835922

**M. 530**

Diploma in Instrumentation കഴിഞ്ഞ് എർണാകുളത്ത് ഒരു സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (31/179 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9496085561,9447593056

**M. 531**

ഷാർജയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (31/ 5'10", B.Tech, IT). അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഡിമാന്റുകൾ ഒന്നുമില്ല) Ph: 9947119395

**M. 532**

Knanaya parents invite alliance from parents of Knanaya girls for their Son Age 35/170 cm. Currently working in Melbourne Australia as an Accounts Manager. He did his Masters in Accounts with MBA from Australia. Done his schooling in Muscat and Bachelor's from Christ university Bangalore. Preferably seeking proposals from girls residing outside India.

Mob No: 8943499870, Mob No:9778153542

**M. 533**

"We are looking for a knanaya jacobite girl age 24 or below for a marriage alliance for my grandson 24 years old, B Com with 2 years course ( logistics & supply chain plus data analytics). After receiving his 2 years course certificate he will look for a suitable job in canada. He is expecting a 3 years stay back visa. The girl should be with a PR and employed in canada. Even a canada born & brought up girl is desirable. We prefer to have the marriage ceremony by the end of 2026. The boys parents are expected to retire from Gulf in 2028. Enquiries for other details are most welcome. My contact number is +8547531048."

**M. 534**

Knanaya parents invite proposals for their son (28/ 160 cm) B.Tech (Civil) working as a Civil Engineer in construction Company at U.A.E. from parents of qualified girls. Ph: 9495672435, 9447819248

**M.535**

Banglore- ൽ പഠിച്ചതും വളർന്നതുമായ 4 വർഷം B.H.M പാസ്സായി ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/171 cm.) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9916391131, 9442961131

## പുനർവിവാഹം

### വരനെ ആവശ്യമുണ്ട്.

**M. 536**

Post B.Sc Nursing കഴിഞ്ഞ് ഖത്തറിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നതും ഭർത്താവ് മരിച്ചുപോയതും മറ്റ് ബാധ്യതകളൊന്നുമില്ലാത്തതുമായ ക്നാനായ യുവതിയ്ക്ക് (32/168 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. വിദേശത്തുള്ള നേഴ്സുമാർക്ക് മുൻഗണന. കുട്ടികൾ ഉള്ളവരെ പരിഗണിക്കുന്നതല്ല.

Ph: 9539467139, 8943053174

**M. 537**

തന്റേതല്ലാത്ത കാരണത്താൽ വിവാഹം വേർപെടുത്തിയ ബാധ്യതകൾ ഇല്ലാത്ത ദുബായിൽ IT എഞ്ചിനീയർ ആയി ജോലി ചെയ്യുന്ന 30 വയസുള്ള യുവതിക്ക് അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു

Mob - 9744890695, 7012819933

### വധുവിനെ ആവശ്യമുണ്ട്.


**M. 538**

B.Tech കഴിഞ്ഞ് Mechanical Engineer ആയി അയർലണ്ടിൽ ജോലി ചെയ്യുന്നതും നിയമപരമായി വിവാഹബന്ധം വേർപെട്ടതും, ബാധ്യതകൾ ഇല്ലാത്തതുമായ ക്നാനായ യുവാവിന് (31/5.7") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.. Ph: 9946278746

**M. 539**


Knanaya parents invite proposals for their son (32/ 186 cm) doctor, legally divorced. Seeking suitable alliances from parents of qualified and God fearing girls. Mob: 94976 15229

15 – ാം ചരമവാർഷികം
08-05-2025



**പി.എം. തോമസ് (ബേബി)**
പാട്ടാശ്ശേരിൽ
ചിങ്ങവനം

17 – ാം ചരമവാർഷികം
02- 06- 2025



**എം. എ. തോമസ് (തോമാച്ചൻ)**
കളത്തിൽ
നീലംപേരൂർ

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

06 – ാം ചരമവാർഷികം
03-06-2025



**ജയ്നമ്മ സ്കറിയ**
നെടുംപറമ്പിൽ (ചക്കാലയിൽ)
കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ


04 – ാം ചരമവാർഷികം
12-06-2025



**ഷീലാ ജോസഫ്**
കാടാത്ത് പുറത്തേരിൽ
നീലംപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**15 – ാം ചരമവാർഷികം**
**04-06-2025**




**സുരേഷ് തോമസ്**
**കൊല്ലംപറമ്പിൽ**
**ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**07 – ാം ചരമവാർഷികം**
**27-06-2025**

**15 – ാം ചരമവാർഷികം**
**24-05-2025**





**E.O.Punnoose**
**(George)**

**Achamma Punnoose**

**Elampallil**
**Thiruvanvandoor**

മാമോദീസയെനികോർത്താൽ, മുങ്ങാത്തൊരു നൗ–ക,
നാഥാ! നിൻ കൃപ കാണണമേ–ഞാനുത്ഥാനത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**06 th Death Anniversary**
**07-06-2025**



**Sosamma Abraham** (Kunjumol James)
**Moozhiparampil**
**Chingavanam**
Sorrowing Family

---

**19 – ാം ചരമവാർഷികം**
**04-07-2025**

**11 – ാം ചരമവാർഷികം**
**02-06-2025**



**T. M. Mathew**

**Lizzykutty Mathew**

**Theverkuzhy**
**Jagathy, Trivandrum**

**സന്തപ്ത കുടുംബാംഗങ്ങൾ**

**11 –ാം ചരമവാർഷികം**

16-06-2025



Advt -O

## കുര്യൻ മാത്യു (അനിയച്ചൻ)

വടവുപറമ്പിൽ, റാന്നി

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

**3 –ാം ചരമവാർഷികം**

13-06-2025



Advt - O

## K.T.THOMAS

Kunnumpurathu (H), Thazhathangady, Kottayam

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

**22 –ാം ചരമവാർഷികം**

29-03-2025

**10 –ാം ചരമവാർഷികം**

22-06-2025



Advt -O

## അച്ചാമ്മ ലൂക്കോസ്

## ഇ. റ്റി. ലൂക്കോസ്

ഇടവഴിക്കൽ, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ

## 4–ാം ചരമവാർഷികം

06-07-2025



### എം. എം. ഏലിയാസ്

മടുക്കുംമൂട്ടിൽ, പൂവൻതുരുത്ത്

"നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

## 2nd Death Anniversary

20-06-2025

## 1st Death Anniversary

28-06-2025





### Biju Skariah (Biju Vazhiyil)

### Saramma Skariah

Kochuparambil
Chingavanam

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## 15–ാം ചരമവാർഷികം

28-06-2025 (5477–ാം ചരമദിനം)



### ജോമോൻ ജേക്കബ്

കുന്നുംപുറത്ത്, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 13–ാം ചരമവാർഷികം

15-06-2025



### ചിന്നമ്മ കുര്യൻ (കുഞ്ഞമ്മ)

കുഴിപറമ്പിൽ സജിവില്ല, കറ്റോട്

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

*സണ്ണി, സുജി, സജി, തോമസ്, ജോയൽ*

Advt - O

## 2-ാം ചരമവാർഷികം

25-06-2025



Advt - R

## അമ്മിണി ജേക്കബ്

വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ
(കൈപ്പുഴ, റാന്നി)

'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ
അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ
സൃഷ്ടിയെ നീ പുതുതാക്കണമെ"

*സന്തപ്ത കുടുംബാംഗങ്ങളും
എല്ലാ പ്രിയപ്പെട്ടവരും*

## 9-ാം ചരമവാർഷികം

27-06-2025



Advt -R

## ശോശാമ്മ തോമസ്

പഴയകളം നെയ്ശ്ശേരിൽ, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1-ാം ചരമവാർഷികം

17-06-2025



## അന്നാമ്മ ഉതുപ്പാൻ

കുനിയാടത്തു, കുറിച്ചി

Advt -G

"ആർദ്രതയാൽ നാഥാ ദേവാ ദാസിക്കേകണമേ പുണ്യം"
"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 20-ാം ചരമവാർഷികം

25-06-2025



Advt - O

## കെ.സി. തോമസ്

കങ്ങഴ റ്റി. കോട്ടേജ്, മഴുക്കീർ, കല്ലിശ്ശേരി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 12 –ാം ചരമവാർഷികം

07–07–2025



# Molly Jacob

## (W/o K. T. Jacob)

## Kannankeril House, Mannar

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

**Kannankeril & Kannanthanathu Family**

Advt - R

*3rd Death Anniversary*

23 - 06 - 2025



Advt - S

**V.K. Stephen**

**Kavumkalpurayil, Angadi, Ranni**

By Sorrowing Family

**5–ാം ചരമവാർഷികം**

**12–07–2025**



Advt -R


**അന്നമ്മ ജേക്കബ്**

**കൈതാരം**

**പുത്തൻപീടികയിൽ, വെണ്ണിക്കുളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



**5th Death Anniversary**

**11th July 2025**

**Chev. P. Jacob Stephen**

**Valanjanthuruthil**

(2nd July 1922 - 11th July 2020)

"And those the Lord has rescued will return. They will enter zion with singing; everlasting joy will crown their heads. Gladness and joy will overtake them and sorrow and singing will flee away"
Isaiah 35:10

A LION, WHO CONTINUES TO LIVE,
IN THE HEART OF THE BRAVE!!

Advt - S

15-ാം ചരമവാർഷികം

09-06-2025



മറിയാമ്മ ചാക്കോ

DOB : 21-04-1933

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ.

വേർപാടിന്റെ 12-ാം വാർഷികം

05-07-2025



**Er. James K. Jacob (Vinumon)**

B.Tech, M.S.

DOB : 27-04-1987

**Kandathil Kaleeckal, Thiruvanvandoor**

*3rd Death Anniversary*

12 - 08 - 2025



**K.O. CHACKO**

DOB : 10-07-1924
DOD : 12-08-2022

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

2-ാം ചരമവാർഷികം

20-06-2025



*4th Death Anniversary*

22- 11 - 2025



**T.O. Chacko (Aniyan)**

**Jayamol Chacko**

**Thundiyil House, Eraviperoor**

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"


മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

4-ാം ചരമവാർഷികം

17- 07 - 2025



കെ.സി. ഏബ്രഹാം

(പാപ്പച്ചൻ)

കുന്നേലായ കാരിയിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

10-ാം ചരമ വാർഷികം
15-06-2025

2-ാം ചരമ വാർഷികം
10-07-2025



T.A. തോമസ്

അച്ചാമ്മ തോമസ്

Advt - O

3-ാം ചരമവാർഷികം
31-07-2025

11-ാം ചരമവാർഷികം
19-06-2025



കെ. റ്റി. കുറിയാക്കോസ്

മോളി കുറിയാക്കോസ്

ആലഞ്ചേരിയിൽ
(ചെറുവേലിലായ കാരിയിൽ, കുറിച്ചി)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ, മരുമക്കൾ,*
*കൊച്ചുമക്കൾ*

Advt -R

ഒന്നാം ചരമവാർഷികം
16-06-2025



ജെയിനമ്മ ഇടിക്കുള
കാത്തനാശ്ശേരിൽ, കറ്റോട്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

1-ാം ചരമവാർഷികം
18-06-2025



റ്റി. സി. ഏലിയാസ്
ചാലുങ്കൽ, വാകത്താനം

കർത്താവായ യേശുവിനെ ഉയർപ്പിച്ചവൻ ഞങ്ങളെയും യേശുവോടു കൂടെ ഉയർപ്പിച്ചു നിങ്ങളോടു കൂടെ തിരുസന്നിധിയിൽ നിർത്തും എന്ന് ഞങ്ങൾ അറിയുന്നു. (2 കോരി: 4:14)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

# 4-ാം ചരമവാർഷികം
# (23nd ജൂൺ 2025)



# എ. സി. ഏലിയാമ്മ

(Retd. District Nursing Officer)

W/o Late Mr. ഈ .ജെ .കുറിയാക്കോസ് ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി

"കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമേ"

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ ( ഐസക് ,റേച്ചൽ, കുറിയാക്കോസ് & എൽസ).

Advt -O

**04 – ാം ചരമവാർഷികം**
**29-06-2025**



## K. M. Thomas

(Rtd.Engineer, Coal India, Bihar)
**Karkadakompallil House**
**Thuruthicadu**
**Sorrowing Family**

**17th Death Anniversary**
**19- 06- 2025**



## കെ. സി. ചാക്കോ (കുഞ്ഞൂഞ്ഞ്)

**കല്ലുകുളത്തിൽ**
**ചിങ്ങവനം (കൊട്ടാരക്കര)**

**By Sorrowing Family**

**40 – ാം ചരമദിനം**
**02- 06 -2025**



## മറിയാമ്മ പാച്ചി

**മഴുക്കീറ്റാട**
**തിരുവൻവണ്ടൂർ**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

**32 – ാം ചരമവാർഷികം**
**22- 06 -2025**



## വി. ഒ. ജോസഫ്

**വെളുത്തേടത്ത് മാവേലിൽ**
**ചിങ്ങവനം**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**ദുഖാർത്തരായ കുടുംബാംഗങ്ങൾ**

**04 – ാം ചരമവാർഷികം**
**28-06-2025**



**തങ്കമ്മ ചാക്കോ**
**സ്രാമ്പിമലയിൽ**
**വെസ്റ്റ് ഓതറ, തിരുവല്ല**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

**സന്തപ്ത കുടുംബാംഗങ്ങൾ**

**12 – ാം ചരമവാർഷികം**
**20-05-2025**



**ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ**
**ആരും ഒരു നാളും മരിക്കയില്ല (യോഹന്നാൻ 11:26)**

**M.P. Kuiakose** (Rtd.Teacher)
**Mettumkel (H), Pulloopram P.O.**
**Ranni**

**സന്തപ്ത കുടുംബാംഗങ്ങൾ**

**17 – ാം ചരമവാർഷികം**
**04-11-2025**

**14 – ാം ചരമവാർഷികം**
**17-07-2025**



**എൻ. ഐ. ഏബ്രഹാം** **അച്ചുകുട്ടി ഏബ്രഹാം**

**നെടുവേലിൽ**
**കല്ലിശ്ശേരി**

**സന്തപ്ത കുടുംബാംഗങ്ങൾ**

**02 – ാം ചരമവാർഷികം**
**05-07-2025**



**അമ്മിണി ഏബ്രഹാം**
**നെടുവേലിൽ**
**കല്ലിശ്ശേരി**

**സന്തപ്ത കുടുംബാംഗങ്ങൾ**

18 – ാം ചരമവാർഷികം
**26-06-2025**

10 – ാം ചരമവാർഷികം
**12-05-2025**



**കുര്യൻ കുര്യൻ** **മറിയാമ്മ കുര്യൻ**

**വെച്ചൂപറമ്പിൽ**
**വാകത്താനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

40 – ാം ചരമദിനം
**16-06-2025**




**ലീലാമ്മ അലക്സാണ്ടർ**
**വേലുകിഴക്കേതിൽ**
**റാന്നി**
**സന്തപ്ത കുടുംബാംഗങ്ങൾ**

5th Birthday in Heaven
**15-06-2025**

30th Birthday in Heaven
**05-07-2025**





**Rajin M. Joseph** **K. M. Joseph (Raju)**

**Manackal**
**Kattode**


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
Beloved Family

01 – ാം ചരമവാർഷികം
**10-07-2025**




**ഏലിയാമ്മ പുന്നൂസ് (ആലീസ്)**
**പതിനഞ്ചിൽ**
**വാകത്താനം**
**സന്തപ്ത കുടുംബാംഗങ്ങൾ**

50 – ാം ചരമവാർഷികം
24-06-2025



റവ. ഫാ. റ്റി. പി. ഏബ്രഹാം
തോട്ടത്തിൽ
തുരുത്തിക്കാട്


43 – ാം ചരമവാർഷികം
27-07-2025



പോത്തൻ തോമസ്
പഴയപീടികയിൽ
തുരുത്തിക്കാട്

സന്തപ്ത കുടുംബാംഗങ്ങൾ

01 – ാം ചരമവാർഷികം
15- 06 -2025



കെ. സി. ജോസ്
(Water Transport Surprise Squrd Rtd)
കൊച്ചുപുരയ്ക്കൽ
തിരുവൻവണ്ടൂർ

സന്തപ്ത കുടുംബാംഗങ്ങൾ

25 – ാം ചരമവാർഷികം
10-06-2025



ചാച്ചിയമ്മ ഏബ്രഹാം

03 – ാം ചരമവാർഷികം
30-05-2025




കെ. സി. ചെറിയാൻ
(കുഞ്ഞുമോൻ)

കല്ലുവെട്ടാംകുഴിയിൽ
തോട്ടമൺ, റാന്നി

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ


**21 –ാം ചരമവാർഷികം**
**27-06-2025**



**പി.സി. തോമസ്** (തോമ്മാച്ചൻ)
**വളഞ്ഞൻതുരുത്തിൽ**
**റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**


**25 –ാം ചരമവാർഷികം**
**15-06-2024**



**കെ.കെ. കുരുവിള**
**ആറൊന്നിൽ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**12 –ാം ചരമവാർഷികം** **29-05-2025**
**21 –ാം ചരമവാർഷികം** **15-07-2025**





**പെണ്ണമ്മ തോമസ്** **ഷാജി തോമസ്**

**തേക്കുംമൂട്ടിൽ**
**കറ്റോട്**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**13 –ാം ചരമവാർഷികം**
**25-06-2025**




**സി.പി. തോമസ്** **(ബേബി)**
**ചെട്ടുവള്ളിൽ**
**തുരുത്തിക്കാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**29th Death Anniversary**

**10-07-2025**



**K. C. Chacko** (Rtd. Ex.Engineer)


**Kunnirickal**

**Thiruvananthapuram**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**വേർപാടിന്റെ 28-ാം വർഷം**

**21-06-2025**



**P. K. THOMAS**

**PAZHAYAPEEDIKAYIL**


**KALLISSERY**

**Inserted by: Sorrowing Family**

MADONA
MARBLES & GRANITES
M.C.Road, Pakkil P.O., Pallom, , Kottayam- 12
T.K. Road, Kumbanad, Thiruvalla

**23 – ാം ചരമവാർഷികം**

**14-06-2025**




**പി. പി. ഏബ്രഹാം** (കുഞ്ഞവറാച്ചൻ)

**പുല്ലമ്പള്ളിൽ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**24 – ാം ചരമവാർഷികം**

**26-06-2025**



**എ. കെ. ഫിലിപ്പ്** (ബേബി)

**കണ്ടക്കോട്ട്, രാമമംഗലം**

ഭാര്യ: അമ്മിണി ഫിലിപ്പ്
മക്കൾ: വിജി, സാബു, ഷാജു, ബീന

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

03 – ാം ചരമവാർഷികം
13-06-2025



**എം. റ്റി. കുറിയാക്കോസ്**
**മുരിക്കനാടി**
**മുണ്ടപ്പുഴ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

08 – ാം ചരമവാർഷികം
14-06-2025



**T. I. THOMAS (Kunjachan)**
(Rtd. Asst.Engineer, K.S.E.B)
**തോട്ടപ്പുറത്ത്, എം.എം. വില്ല**
**തോലശ്ശേരി, തിരുവല്ല**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

17 – ാം ചരമവാർഷികം
07-03-2025



**മാത്തൻ ഏബ്രഹാം** (പാപ്പച്ചൻ)

3 – ാം ചരമവാർഷികം
29-06-2025



**അന്നമ്മ ഏബ്രഹാം**

**കടയ്ക്കേത്ത് പുന്നമൂട്ടിൽ, റാന്നി**

**നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ**

**02 –ാം ചരമവാർഷികം**
**09-06-2025**



**അന്നമ്മ ജോസഫ്**
കുന്നുംപുറത്ത്, ഇരവിപേരൂർ
തോട്ടപ്പുഴ

*സന്തപ്ത കുടുംബാംഗങ്ങൾ*

**16 –ാം ചരമവാർഷികം**
**08-06-2025**



**കെ. പി. തോമസ്**
എട്ടൊന്നിൽ (തോട്ടത്തിൽ)
കുലശേഖരം

*സന്തപ്ത കുടുംബാംഗങ്ങൾ*


**16 –ാം ചരമവാർഷികം**
**09-06-2025**



**മറിയാമ്മ തോമസ്**
മുക്കാട്ട്
കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*

**25 –ാം ചരമവാർഷികം**
**03-06-2025**



**കെ.ഓ. മാത്യു** (ജോയി)
കാട്ടുവേലിൽ
കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


**12 –ാം ചരമവാർഷികം**
**28-06-2025**



**റ്റി. ജെ. ഉമ്മൻ** (ജോസ്)
(Rtd. Sub Inspector)
തയ്യിൽ തോട്ടം
കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


**20 –ാം ചരമവാർഷികം**
**19-06-2025**



**സി. കെ. മാത്യു**
ചന്ദനപ്പള്ളിയിൽ
വെസ്റ്റ് ഓതറ

*സന്തപ്ത കുടുംബാംഗങ്ങൾ*


**16 –ാം ചരമവാർഷികം**
**09-06-2025**



**ഷൈൻ ബിജു** (ബാവച്ചി)
പാറയിൽ
ആനത്തടം, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*


**2 –ാം ചരമവാർഷികം**
**29-06-2025**



**കുഞ്ഞൂഞ്ഞമ്മ സക്കറിയ**
പാറേക്കുന്നുപുറം
ഒളശ്ശ

*സന്തപ്ത കുടുംബാംഗങ്ങൾ*

**03 –ാം ചരമവാർഷികം**
**05-06-2025**



**എം. സി. കുഞ്ഞച്ചൻ**
മുക്കാട്ട്
കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*


**38 –ാം ചരമവാർഷികം**
**22-06-2025**



**തങ്കമ്മ തോമസ്**
ചെറുവട്ടക്കാട്ട്
ഐത്തല, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*


**23 –ാം ചരമവാർഷികം**
**25-06-2025**



**ഫിലിപ്പ്കുട്ടി അലക്സ്**
കാവുങ്കൽ
അങ്ങാടി, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

**11 –ാം ചരമവാർഷികം**
**26-06-2025**



**ഉതുപ്പാൻ തോമസ്**
(തങ്കച്ചൻ)
കുളത്തുങ്കര, കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

# *In Loving Memory*

**"What we have once enjoyed and deeply loved we can never lose; for all that we love deeply becomes a part of us."**



**1st Death Anniversary - June 11th, 2024**
**V.C. Kuruvilla (Bose)**
**4th Death Anniversary - June 12th 2021**
**Elsy Kuruvilla (Chinamma)**
**Alumootil Vennuvilathu**

Time may pass, but love and memories remain eternal. Today we remember the souls who brought so much light into our lives. Though you are no longer with us, your presence is still felt in everything we do. As we honor your memory, we also celebrate the love and joy you gave us. Your memory lives on in every moment, every smile, and every quiet moment of reflection.

**Wrapped in love, lifted by prayers, and carried by memories:**
Children and grandchildren,
Alumootil Vennuvillathu (Kallissery) Family
Murikolipuzha (Ranny) Family

Advt -O

Registered No. KL/CHC/29/2024-26
Published on 15 June 2025

**KNANAYA DEEPAM**
Chingavanam

RNI No. KERBIL/2006/19210
Vol. 36, Issue: 6 ₹ 10

# 2-ാം ചരമവാർഷികം

**24-06-2025**



# THOMAS V ABRAHAM

**(Excel Sabu)**

**Valanjanthuruthil, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**